
# TRICHUR ARCHDIOCESAN BULLETIN

## SEPTEMBER 2014




ചിക്കാഗോ
സെന്റ് തോമസ് സീറോ - മലബാർ രൂപതയുടെ
സഹായ മെത്രാനായി നിയമിതനായിരിക്കുന്ന
മാർ ജോയി ആലപ്പാട്ടിന്
അതിരൂപതയുടെ പ്രാർത്ഥനാശംസകൾ

TRICHUR
ARCHDIOCESAN
**Bulletin**

പുസ്തകം : 81
2014 സെപ്തംബർ
ലക്കം : 9

## ഈ ലക്കത്തിൽ


- ലോക മിഷൻ ഞായർ 5
- സർക്കുലർ 12,15
- കച്ചേരികാര്യം 20
- അതിരൂപതാദ്ധ്യക്ഷന്റെ പരിപാടികൾ –സെപ്തംബർ 36
- സഹായമെത്രാന്റെ പരിപാടികൾ –സെപ്തംബർ 38
- നാളാഗമം 39
- പാസ്റ്ററൽ കൗൺസിൽ 42
- നാമകരണ നടപടികൾ 50
- സാമ്പത്തിക കാര്യാലയം 51
- വൈദികർ 56
- സന്യസ്തർ 59
- സ്ഥാപനങ്ങൾ 63
- സാന്ത്വനം 82
- സംഘടനകൾ 86


*Imprimatur*
(Sd)
**Mar Andrews Thazhath**
Archbishop of Trichur

***Chief Editor***
**Fr. Francis Aloor**

***Executive Editor***
**Fr. Dominic Thalakkoden**

**Archbishop's House**
**P.B. No. 706, Thrissur - 680005**

Ph : 0487 -2333325, 2338203, 2333542
Fax : 2338204
E-mail : curiatcr@yahoo.com
website : www. trichurarchdiocese.org

# ലോകമിഷൻ ഞായർ - 2014

## ഫ്രാൻസിസ് പാപ്പായുടെ സന്ദേശം

**പ്രിയ സഹോദരീസഹോദരന്മാരേ,**

ഇന്നും ധാരാളം പേർ ക്രിസ്തുവിനെ അറിയുന്നില്ല. അതുകൊണ്ട് ക്രിസ്തുവിനെ അറിയാത്തവരെ സംബന്ധിച്ച പ്രേഷിതവേല അടിയന്തിരസ്വാഭാവമുള്ള ഒന്നാണ്. സഭയുടെ എല്ലാ അംഗങ്ങളും ഈ ദൗത്യത്തിൽ പങ്കുചേരാൻ കടപ്പെട്ടവരാണ്. എന്തെന്നാൽ സഭ പ്രകൃത്യാ പ്രേഷിതയാണ്. 'മുന്നേറാൻ' ജനിച്ചവളാണു സഭ. ലോകമിഷൻദിനം സവിശേഷാനുകൂല്യമുള്ള ദിവസമാണ്. അന്ന് വിവിധ ഭൂഖണ്ഡങ്ങളിലെ വിശ്വാസികൾ, മിഷൻ പ്രദേശങ്ങളിലുള്ള യുവസഭകൾക്ക് സഹായം നല്കാൻ പ്രാർത്ഥിക്കുകയും മൂർത്തമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്യുന്നു. അത് കൃപാവരത്തിന്റെയും സന്തോഷത്തിന്റെയും ആഘോഷമാണ്.

അതു കൃപാവരത്തിന്റെ ആഘോഷമാണ്. കാരണം, പിതാവ് അയച്ച പരിശുദ്ധാത്മാവ്, അവിടത്തെ പ്രവർത്തനത്തോടു വിധേയത്വമുള്ളവർക്ക് ജ്ഞാനവും ശക്തിയും നല്കുന്നു. അത് സന്തോഷത്തിന്റെ ആഘോഷമാണ്. എന്തെന്നാൽ പിതാവായ ദൈവത്തിന്റെ പുത്രനും ലോകത്തെ സുവിശേഷവത്കരിക്കാൻ അയയ്ക്കപ്പെട്ടവനുമായ യേശുക്രിസ്തു നമ്മുടെ പ്രേഷിതവേലയെ സഹായിക്കുകയും നമ്മോടൊപ്പം സഞ്ചരിക്കുകയും ചെയ്യുന്നു. യേശുവിന്റെയും പ്രേഷിതരായ ശിഷ്യരുടെയും സന്തോഷത്തിന് ലൂക്കായുടെ സുവിശേഷത്തിൽ കാണുന്ന (cf 10:21-23) ബൈബിൾപരമായ ഒരു ഐക്കൺ നിർദേശിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

1. ദൈവരാജ്യം സമീപിച്ചിരിക്കുന്നുവെന്ന് പ്രസംഗിക്കാനും യേശുവിനെ കണ്ടുമുട്ടാൻ ജനങ്ങളെ ഒരുക്കാനും വേണ്ടി കർത്താവ് എഴുപത്തിരണ്ടു ശിഷ്യന്മാരെ ഈരണ്ടുപേരെവീതം നഗരങ്ങളിലേക്കും ഗ്രാമങ്ങ

ളിലേക്കും അയച്ചുവെന്നു സുവിശേഷകൻ പറയുന്നു. ഈ പ്രഘോഷണദൗത്യം നിർവഹിച്ചിട്ട് ശിഷ്യന്മാർ സന്തോഷഭരിതരായി തിരിച്ചു വന്നു. പ്രഥമവും അവിസ്മരണീയവുമായ ഈ പ്രേഷിതത്വാനുഭവത്തിന്റെ പ്രബലമായ ഒരു പ്രമേയം സന്തോഷമാണ്. എന്നാലും ദിവ്യഗുരു അവരോട് ഇങ്ങനെ പറഞ്ഞു: "പിശാചുക്കൾ നിങ്ങൾക്കു കീഴടങ്ങുന്നു എന്നതിൽ നിങ്ങൾ സന്തോഷിക്കേണ്ട; മറിച്ച് നിങ്ങളുടെ പേരുകൾ സ്വർഗത്തിൽ എഴുതപ്പെട്ടിരിക്കുന്നു എന്നതിൽ സന്തോഷിക്കുവിൻ. ആ സമയം തന്നെ പരിശുദ്ധാത്മാവിൽ ആനന്ദിച്ച് അവൻ പറഞ്ഞു: സ്വർഗത്തിന്റെയും ഭൂമിയുടെയും കർത്താവായ പിതാവേ, അവിടത്തെ ഞാൻ സ്തുതിക്കുന്നു... അവൻ ശിഷ്യരുടെ നേരേ തിരിഞ്ഞ് അവരോടു മാത്രമായി പറഞ്ഞു: നിങ്ങൾ കാണുന്നവ കാണുന്ന കണ്ണുകൾ ഭാഗ്യമുള്ളവ" (ലൂക്കാ 10:20-21;23).

വിശുദ്ധ ലൂക്കാ ഇവിടെ മൂന്നു രംഗങ്ങൾ അവതരിപ്പിക്കുന്നു: യേശു ആദ്യം തന്റെ ശിഷ്യരോടു സംസാരിക്കുന്നു. പിന്നീട് പിതാവിനോടും വീണ്ടും ശിഷ്യന്മാരോടും സംസാരിക്കുന്നു. തന്റെ സന്തോഷത്തിൽ ശിഷ്യന്മാർ പങ്കുകൊള്ളണമെന്ന് യേശു ആഗ്രഹിച്ചു. ശിഷ്യന്മാർ മുമ്പ് അനുഭവിച്ചിട്ടുള്ള എല്ലാ സന്തോഷങ്ങളിൽ നിന്നും വ്യത്യസ്തവും അവയെക്കാൾ വലുതുമാണ് ഈ സന്തോഷം.

2. ശിഷ്യന്മാർ സന്തോഷംകൊണ്ടു നിറഞ്ഞവരായി. പിശാചുക്കളിൽ നിന്ന് ആളുകളെ സ്വതന്ത്രരാക്കാനുള്ള കഴിവുകൊണ്ട് ഉത്തേജിതരായി. എന്നാൽ അവർ സ്വീകരിച്ച അധികാരത്തിലല്ല, അവർ സ്വീകരിച്ച സ്നേഹത്തിലാണ് കൂടുതൽ സന്തോഷിക്കേണ്ടതെന്ന് യേശു അവർക്കു മുന്നറിയിപ്പു നല്കി: "എന്തെന്നാൽ നിങ്ങളുടെ പേരുകൾ സ്വർഗത്തിൽ എഴുതപ്പെട്ടിരിക്കുന്നു" (ലൂക്കാ 10:20). ദൈവസ്നേഹത്തിന്റെ ഒരനുഭവം ശിഷ്യന്മാർക്കു നല്കപ്പെട്ടു. മാത്രമല്ല ആ സ്നേഹത്തിൽ പങ്കുചേരാനുള്ള സാധ്യതയും അവർക്ക് നല്കപ്പെട്ടു. ഈ അനുഭവം യേശുവിന്റെ ഹൃദയത്തിൽ കൃതജ്ഞതയുടെയും സന്തോഷത്തിന്റെയും കാരണമായി. ലൂക്കാ സുവിശേഷകൻ ഈ സന്തോഷപ്രകടനത്തെ ത്രിത്വാത്മകസംസർഗത്തിന്റെ വീക്ഷണത്തിൽ കാണുന്നു. "യേശു പരിശുദ്ധാത്മാവിൽ സന്തോഷിക്കുകയും" പിതാവിങ്കലേക്കു തിരിഞ്ഞ് അവിടത്തെ

സ്തുതിക്കുകയും ചെയ്തു. സ്വർഗത്തിന്റെയും ഭൂമിയുടെയും നാഥനും ജ്ഞാനികളിലും ബുദ്ധിമാന്മാരിലും നിന്നു മറച്ച് ഈ വസ്തുതകൾ ശിശുക്കൾക്കു വെളിപ്പെടുത്തിയവനുമായ (cf ലൂക്കാ 10:21) തന്റെ പിതാവിനോടുള്ള അളവറ്റ പുത്രനടുത്ത സ്നേഹത്തിൽ നിന്നാണ് അഗാധമായ സന്തോഷത്തിന്റെ ഈ നിമിഷം ഉദ്ഭവിക്കുന്നത്. ദൈവം മറച്ചുവയ്ക്കുകയും വെളിപ്പെടുത്തുകയും ചെയ്യുന്നു. സ്തുതിയുടെ ഈ പ്രാർത്ഥനയിൽ അവിടത്തെ വെളിപ്പെടുത്തലാണ് ശ്രദ്ധേയമായിട്ടുള്ളത്. എന്താണ് ദൈവം വെളിപ്പെടുത്തുകയും മറച്ചുവയ്ക്കുകയും ചെയ്യുന്നത്? തന്റെ രാജ്യത്തിന്റെ രഹസ്യങ്ങൾ, യേശുവിന്റെ ദൈവികകർത്തൃത്വത്തിന്റെ വെളിപ്പെടുത്തൽ, സാത്താന്റെ മേലുള്ള വിജയം. തങ്ങളെക്കൊണ്ടുതന്നെ നിറഞ്ഞിരിക്കുകയും എല്ലാ കാര്യങ്ങളും തങ്ങൾക്ക് അറിയാമെന്ന് അവകാശപ്പെടുകയും ചെയ്യുന്നവരിൽ നിന്ന് ദൈവം ഇത് മറച്ചുവച്ചു. അവർ മുൻവിധികൊണ്ട് അന്ധരായിരിക്കുന്നു. ദൈവത്തിന് ഒരു സ്ഥാനവും അവർ നല്കുന്നില്ല. യേശു ആവർത്തിച്ചാവർത്തിച്ച് മുന്നറിയിപ്പു നല്കിയവരും അവിടത്തെ സമകാലികരുമായ ചിലരെപ്പറ്റി ചിന്തിക്കാൻ ആർക്കും എളുപ്പമുണ്ട്. പക്ഷേ, അപകടം എപ്പോഴുമുണ്ട്. അതു നമ്മെയും ബാധിക്കുന്നു. ചെറിയവർ എന്നു പറയുന്നത് വിനീതരും ലളിതഹൃദയരും ദരിദ്രരും പാർശ്വവത്കരിക്കപ്പെട്ടവരും ശബ്ദമില്ലാത്തവരും ക്ഷീണിതരും ഭാരം വഹിക്കുന്നവരുമാണ്. അവരെയാണ് യേശു അനുഗൃഹീതരെന്നു വിളിച്ചത്. മറിയത്തെയും യൗസേപ്പിനെയും യേശു പ്രഘോഷിക്കാൻ പോയപ്പോൾ വിളിച്ച ഗലീലിയിലെ മത്സ്യബന്ധനക്കാരെയും ശിഷ്യന്മാർ എന്നിവരെയുംക്കുറിച്ച് നാം പെട്ടെന്ന് ചിന്തിക്കുന്നു.

3. "അതേ, പിതാവേ, അതായിരുന്നു അവിടത്തെ കൃപാപൂർണമായ അഭീഷ്ടം" (ലൂക്കാ 10:21). യേശുവിന്റെ ഈ വാക്കുകൾ അവിടത്തെ ആന്തരിക സന്തോഷാതിരേകത്തെ പരാമർശിക്കുന്നതായി മനസ്സിലാക്കണം. കൃപാപൂർണമായ എന്നത് മനുഷ്യവംശത്തെ സംബന്ധിച്ച് പിതാവിനുള്ള രക്ഷാകരവും ഉപകാരപ്രദവുമായ പദ്ധതിയെ വിവരിക്കുന്നു. ദൈവികമായ ഈ കൃപാപൂർണതയാണ് യേശുവിനെ സന്തുഷ്ടനാക്കിയത്. പിതാവ് തന്റെ പുത്രനോടുള്ള അതേ സ്നേഹത്തോടെ ജനങ്ങളെ സ്നേഹിക്കാൻ ഇഷ്ടപ്പെട്ടു. ഇതിനോടു സമാനമായ മറി

യത്തിന്റെ സന്തോഷപ്രകടനവും ലൂക്കാസുവിശേഷകൻ സൂചിപ്പിക്കുന്നുണ്ട്: "എന്റെ ആത്മാവ് കർത്താവിന്റെ മഹത്ത്വത്തെപ്പറ്റി പ്രഘോഷിക്കുന്നു. എന്റെ മനസ്സ് എന്റെ രക്ഷകനായ ദൈവത്തിൽ ആനന്ദിക്കുന്നു" (ലൂക്കാ 1:47). ഇതാണ് രക്ഷയിലേക്കു നയിക്കുന്ന സദ്വാർത്ത. അതിശ്രേഷ്ഠ സുവിശേഷപ്രഘോഷകനായ യേശുവിനെ ഉദരത്തിൽ വഹിക്കുന്ന മറിയം ഏലീശ്വായെ കണ്ടുമുട്ടുകയും പരിശുദ്ധാത്മാവിൽ സന്തോഷിക്കുകയും മഹത്ത്വകീർത്തനം (Magnificat) ആലപിക്കുകയും ചെയ്തു. യേശു തന്റെ ശിഷ്യരുടെ ദൗത്യനിർവഹണത്തിലുള്ള വിജയവും തത്ഫലമായി അവർക്കുണ്ടായ സന്തോഷവും കണ്ട് പരിശുദ്ധാത്മാവിൽ സന്തോഷിച്ചു. തന്റെ പിതാവിനെ വിളിച്ചു പ്രാർത്ഥിക്കുകയും ചെയ്തു. ഈ രണ്ടുസംഭവങ്ങളിലും രക്ഷയ്ക്കായുള്ള പ്രവർത്തനത്തിലുള്ള സന്തോഷവും പിതാവിനു പുത്രനോടുള്ള സ്നേഹവും നമ്മിലേക്കു വരുന്നു.  പരിശുദ്ധാത്മാവിലൂടെ അതു നമ്മിൽ നിറയുന്നു. പരിശുദ്ധത്രിത്വത്തിന്റെ ജീവിതത്തിൽ നമുക്കു പങ്കു നല്കുകയും ചെയ്യുന്നു.

പിതാവാണ് സന്തോഷത്തിന്റെ ഉറവിടം.  പുത്രനാണ് അതിന്റെ ആവിഷ്കരണം, പരിശുദ്ധാത്മാവാണ് അതിന്റെ ദായകൻ.  മത്തായി സുവിശേഷകൻ പറയുന്നതനുസരിച്ച് യേശു പിതാവിനെ സ്തുതിച്ചിട്ട് ഉടനെതന്നെ ഇങ്ങനെ പറഞ്ഞു: "അധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരുമായ നിങ്ങളെല്ലാവരും എന്റെ അടുക്കൽ വരുവിൻ. ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം.  ഞാൻ ശാന്തശീലനും വിനീതഹൃദയനുമാകയാൽ എന്റെ നുകം വഹിക്കുകയും എന്നിൽ നിന്നു പഠിക്കുകയും ചെയ്യുവിൻ.  അപ്പോൾ നിങ്ങൾക്ക് ആശ്വാസം ലഭിക്കും. എന്തെന്നാൽ എന്റെ നുകം വഹിക്കാൻ എളുപ്പമുള്ളതും  ചുമട് ഭാരം കുറഞ്ഞതുമാണ്" (മത്താ 11:28-30).  യേശുവിനെ കണ്ടുമുട്ടുന്ന എല്ലാവരുടെയും ഹൃദയത്തിലും ജീവിതത്തിലും സുവിശേഷത്തിന്റെ സന്തോഷം നിറയുന്നു. അവിടന്നു നല്കുന്ന രക്ഷയുടെ വാഗ്ദാനം സ്വീകരിക്കുന്നവർ പാപത്തിൽ നിന്നും ദുഃഖത്തിൽ നിന്നും ആന്തരിക ശൂന്യതയിൽ നിന്നും ഏകാന്തതയിൽ നിന്നും സ്വതന്ത്രരായിത്തീരുന്നു. ക്രിസ്തുവിനോടുകൂടെ സന്തോഷം നിരന്തരം പുതുതായി ജനിക്കുന്നു" *(Evangelii Gaudium, 1).*

യേശുവുമായുള്ള ഈ കണ്ടുമുട്ടലിന്റെ അനന്യമായ അനുഭവം കന്യകാമറിയത്തിനുണ്ടായി. അങ്ങനെ അവൾ "നമ്മുടെ സന്തോഷത്തിന്റെ കാരണ"മായിത്തീർന്നു. യേശുവിനെ അനുഗമിക്കാനും സുവിശേഷം പ്രഘോഷിക്കാൻ യേശുവിനാൽ അയയ്ക്കപ്പെടാനുമുള്ള വിളി ശിഷ്യന്മാർ സ്വീകരിച്ചു (cf മർക്കോ 3:14). അതുകൊണ്ട് അവർ സന്തോഷം നിറഞ്ഞവരായി. നമുക്കും എന്തുകൊണ്ട് ഈ സന്തോഷത്തിന്റെ അതിസമൃദ്ധിയിലേക്കു പ്രവേശിച്ചുകൂടാ?

4. "ഉപഭോഗസംസ്കാരം നിറഞ്ഞിരിക്കുന്ന ഇന്നത്തെ ലോകത്തിലെ വലിയ അപകടം ഇതാണ്: തൃപ്തിപ്പെട്ടതും എന്നാലും ദുരാഗ്രഹം നിറഞ്ഞതുമായ ഹൃദയത്തിൽ നിന്നുണ്ടാകുന്ന ഒറ്റപ്പെടലും തീവ്രവേദനയും, ക്ഷണികസുഖങ്ങൾക്കുവേണ്ടിയുള്ള ഭ്രാന്തമായ അന്വേഷണവും, മൂർച്ചയില്ലാത്ത മനസ്സാക്ഷിയും" *(Evangelii Gaudium, 2)*. യേശുകൊണ്ടുവന്ന രക്ഷ സ്വീകരിക്കുകയെന്നത് മനുഷ്യവംശത്തിന്റെ വലിയ ഒരാവശ്യമാണ്. യേശുവിന്റെ സ്നേഹത്താൽ കൂടുതൽ കൂടുതൽ ആശ്ലേഷിക്കപ്പെട്ടവരും ദൈവരാജ്യത്തിനും സുവിശേഷസന്തോഷത്തിന്റെ പ്രഘോഷത്തിനുംവേണ്ടിയുള്ള വികാരാഗ്നിയാൽ മുദ്രിതരാക്കപ്പെട്ടവരുമാണ് അവിടത്തെ ശിഷ്യന്മാർ. കർത്താവിന്റെ എല്ലാ ശിഷ്യന്മാരും സുവിശേഷവത്കരണത്തിന്റെ സന്തോഷം വളർത്താൻ കടപ്പെട്ടവരാണ്. ഈ പ്രഘോഷണത്തിന് ഒന്നാമതായി ഉത്തരവാദിത്വപ്പെട്ടവരാണു മെത്രാന്മാർ. ആ നിലയ്ക്ക് പ്രാദേശികസഭയിലെ പ്രേഷിതത്വസമർപ്പണത്തിലുള്ള ഐക്യം വളർത്താൻ അവർക്കു കടമയുണ്ട്. നിത്യം എത്തിച്ചേരാവുന്ന തങ്ങളുടെ അധികാരാതിർത്തിക്കുള്ളിലെന്നപോലെ ഏറ്റവും അകലെയുള്ള സ്ഥലങ്ങളിലും യേശുവിനെ അറിയിക്കുന്നതിലുള്ള സന്തോഷം അംഗീകരിക്കാൻ അവർക്കു കടമയുണ്ട്. അകലെയുള്ള പ്രദേശങ്ങളിൽ ദരിദ്രരിൽ വലിയ വിഭാഗം ഈ സന്ദേശം കാത്തിരിക്കുന്നുണ്ട്.

ലോകത്തിന്റെ പല ഭാഗങ്ങളിലും വൈദികജീവിതത്തിലേക്കും സന്ന്യാസത്തിലേക്കുമുള്ള വിളിയുടെ ദൗർലഭ്യം അനുഭവിക്കുന്നുണ്ട്. മിക്കപ്പോഴും ഇതിന്റെ കാരണം സമൂഹങ്ങളിൽ പ്രേഷിതതീക്ഷ്ണതയുടെ ആകർഷണമില്ലായ്മയാണ്. സമൂഹങ്ങൾ ആവേശരഹിതമാകുകയും

ആകർഷിക്കുന്നതിൽ പരാജയപ്പെടുകയും ചെയ്യുന്നു. ക്രിസ്തുവിനെ കണ്ടുമുട്ടുന്നതിൽ നിന്നും ദരിദ്രരുമായി പങ്കുവയ്ക്കുന്നതിൽ നിന്നുമാണ് സുവിശേഷസന്തോഷം ഉണ്ടാകുന്നത്. ഇക്കാരണത്താൽ തീവ്രതയാർന്ന സാഹോദര്യത്തിന്റെ ജീവിതം നയിക്കാൻ ഇടവകസമൂഹങ്ങളെയും പ്രസ്ഥാനങ്ങളെയും ഗ്രൂപ്പുകളെയും ഞാൻ പ്രോത്സാഹിപ്പിക്കുന്നു. ആ ജീവിതം യേശുവിനോടുള്ള സ്നേഹത്തിലും ഏറ്റവും ദരിദ്രരായിട്ടുള്ളവരോടു പുലർത്തുന്ന താത്പര്യത്തിലും അടിയുറച്ചതായിരിക്കണം. ക്രിസ്തുവിനെ മറ്റുള്ളവരിലേക്ക് എത്തിച്ചുകൊടുക്കുന്നതിലുള്ള സന്തോഷവും ആവേശവും ആഗ്രഹവും ഉള്ള സ്ഥലങ്ങളിലെല്ലാം യഥാർത്ഥ വിളികൾ ഉണ്ടാകും. ഈ വിളികളിൽ പ്രേഷിതവേലയ്ക്കായി അല്മായർക്കുള്ള വിളികളെ അവഗണിക്കരുത്. സഭയിൽ അല്മായർക്കുള്ള തനിമ, ദൗത്യം എന്നിവയെക്കുറിച്ച് വർധമാനമായ ബോധം ഉണ്ടായിട്ടുണ്ട്. സുവിശേഷപ്രചാരണത്തിൽ വർധമാനമായ പ്രാധാന്യമുള്ള ഒരു ധർമ്മം ഏറ്റെടുക്കാൻ അവർ വിളിക്കപ്പെട്ടിരിക്കുന്നുവെന്നത് അംഗീകരിക്കപ്പെട്ടിട്ടുണ്ട്. അതുകൊണ്ട് ഫലപ്രദമായ പ്രേഷിതപ്രവർത്തനത്തിനായി അവർക്ക് സമുചിതമായ പരിശീലനം നല്കണം.

5. "സന്തോഷപൂർവം നല്കുന്നവനെയാണ് ദൈവം സ്നേഹിക്കുന്നത്" (2 കോറി 9:7). വിജാതീയർക്കുവേണ്ടിയുള്ള പ്രേഷിതപ്രവർത്തനത്തിൽ സന്തോഷപൂർവം പങ്കെടുക്കാനുള്ള ആഗ്രഹവും ധാർമികകടമയും പുനരുജ്ജ്വലിപ്പിക്കാനുള്ള ഒരവസരവും കൂടിയായിരിക്കണം ലോകമിഷൻ ദിനാചരണം. വ്യക്തികൾ നല്കുന്ന സാമ്പത്തികസഹായം ഒന്നാമതായി കർത്താവിനും രണ്ടാമതായി മറ്റുള്ളവർക്കും ആത്മസമർപ്പണം നടത്തുന്നതിന്റെ ഒരടയാളമാണ്. ഇങ്ങനെ സ്നേഹത്തിൻമേൽ പടുത്തുയർത്തപ്പെട്ട ഒരു മനുഷ്യവംശത്തിനായുള്ള സുവിശേഷവത്കരണത്തിനുള്ള ഒരു മാർഗമായിത്തീരും ഈ ഭൗതിക സംഭാവന.

പ്രിയ സഹോദരീസഹോദരന്മാരേ, ഈ ആഗോളമിഷൻ ദിനത്തിൽ ഞാൻ പ്രാദേശികസഭകളെപ്പറ്റി ചിന്തിക്കുന്നു. നമ്മൾ സുവിശേഷവത്കരണത്തിന്റെ സന്തോഷം പിടിച്ചുപറിക്കപ്പെട്ടവരാകാതിരിക്കട്ടെ! സുവിശേഷസന്തോഷത്തിൽ മുങ്ങാനും നിങ്ങളുടെ വിളിയും ദൗത്യവും പ്രകാശിപ്പിക്കാൻ കഴിയുന്ന ഒരു സ്നേഹം വളർത്താനും ഞാൻ

നിങ്ങളെ ക്ഷണിക്കുന്നു. ആന്തരിക തീർത്ഥാടനം നടത്തുന്നവരെന്ന നിലയിൽ നിങ്ങളുടെ ഹൃദയത്തെ യേശുക്രിസ്തു ഊഷ്മളമാക്കാൻ നല്കിയ "പ്രഥമസ്നേഹ"ത്തെക്കുറിച്ച് ഓർമിക്കാൻ ഞാൻ നിങ്ങളെ ഓരോരുത്തരെയും ക്ഷണിക്കുന്നു. ആ സ്നേഹം ഗൃഹാതുരത്വത്തിനുവേണ്ടിയല്ല സന്തോഷത്തിൽ സ്ഥിരം നിലനില്ക്കുന്നതിനുവേണ്ടിയാണ് ഓർമ്മിക്കേണ്ടത്. കർത്താവിന്റെ ശിഷ്യന്മാർ അവിടത്തെ സാന്നിധ്യം മനസ്സിലാക്കുകയും അവിടത്തെ ഇഷ്ടം നിറവേറ്റുകയും തങ്ങളുടെ വിശ്വാസവും പ്രത്യാശയും സുവിശേഷാത്മകസ്നേഹവും മറ്റുള്ളവരുമായി പങ്കുവയ്ക്കുകയും ചെയ്യുമ്പോൾ സന്തോഷത്തിൽ സ്ഥിരം മുന്നേറും.

വിനീതവും സന്തോഷപൂർണവുമായ സുവിശേഷവത്കരണത്തിന്റെ മാതൃകയായ മറിയത്തിന്റെ മധ്യസ്ഥതയിലൂടെ നമുക്കു പ്രാർത്ഥിക്കാം. സഭ എല്ലാ ജനതകൾക്കും സ്വാഗതമരുളുന്ന ഭവനവും അമ്മയും നമ്മുടെ ലോകത്തിന്റെ പുനർജനനത്തിനുള്ള ഉറവിടവും ആയിത്തീരാൻ വേണ്ടി പ്രാർത്ഥിക്കാം.

വത്തിക്കാനിൽ നിന്ന് 8 ജൂൺ 2014, പെന്തക്കുസ്താത്തിരുനാൾ ദിവസം
ഫ്രാൻസിസ് പാപ്പാ

1695/2014
13/08/2014 C - 7

## സർക്കുലർ

# സാമൂഹ്യപ്രേഷിതത്വം

പ്രിയ ബഹു. അച്ചാ, ബ്രദർ, സിസ്റ്റർ,
സഹോദരീസഹോദരന്മാരേ,

നമ്മുടെ അതിരൂപതയിലെ ഇടവകകൾ, സ്ഥാപനങ്ങൾ, സന്യാസഭവനങ്ങൾ, പ്രസ്ഥാനങ്ങൾ എന്നിവ വഴി എണ്ണമറ്റ സാമൂഹികോദ്ധാരണ പ്രവർത്തനങ്ങൾ നടക്കുന്നത് നമ്മുടെ വിശ്വാസത്തിന്റെ വലിയ സാക്ഷ്യമാണ്. ഇതിൽ നമുക്ക് അഭിമാനിക്കാം. എന്നാൽ ഇത്തരം സാമൂഹിക ശുശ്രൂഷകളെ ഇടവകതലത്തിലും അതിരൂപതാതലത്തിലും ഏകോപിപ്പിക്കുന്നത് അവയുടെ കാര്യക്ഷമതയ്ക്കും ഫലപ്രാപ്തിക്കും കൂടുതൽ സഹായകരമായിരിക്കും. അത് കാലഘട്ടത്തിന്റെ ആവശ്യവുമാണ്. ആയതിനായി സാമൂഹ്യപ്രേഷിതത്വത്തിന് വേണ്ടി ഇടവകതലത്തിലും അതിരൂപതാതലത്തിലും ഏകോപന സമിതികൾ രൂപീകരിക്കേണ്ടിയിരിക്കുന്നു.

വിവിധ മേഖലകളിൽ സാധ്യമായ സാമൂഹിക സേവനത്തെ കുറിച്ച് അറിവു നൽകുക, സാമൂഹ്യപ്രവർത്തനങ്ങൾക്ക് ആവശ്യമായ ദിശാബോധവും ശാസ്ത്രീയ-സാങ്കേതിക സഹായങ്ങളും മാർഗനിർദേശങ്ങളും നൽകുക, സർക്കാരിലൂടെയും തദ്ദേശ സ്ഥാപനങ്ങളിലൂടെയും ഫണ്ടിംഗ് ഏജൻസികളിലുടേയും സംലഭ്യമാക്കാവുന്ന സാമ്പത്തിക സ്രോതസുകളെ സംബന്ധിച്ച വിവരങ്ങൾ കൈമാറുക, മാറിമാറി വരുന്ന നിയമങ്ങൾക്കനുസസൃതമായി പ്രവർത്തനഘടനയും കണക്കുകളും തയ്യാറാക്കുന്നതിന് സഹായിക്കുക, സാമുഹ്യക്ഷേമ പ്രവർത്തനങ്ങൾക്ക് വിദഗ്ധരുടെ സേവനം ലഭ്യമാക്കുക, ഇടവകയുടെയും സ്ഥലത്തെ പൊതു സമൂഹത്തിന്റെയും ആവശ്യങ്ങൾ ശാസ്ത്രീയമായും നിഷ്പക്ഷമായും

പഠിച്ച് വിലയിരുത്തി ഏറ്റവും അർഹരായവർക്ക് അവശ്യ മേഖലകളിൽ സഹായം എത്തിക്കുക, വിവിധതലങ്ങളിൽ നടത്തപ്പെടുന്ന സാമൂഹിക പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഏകോപനം ഉറപ്പുവരുത്തുക എന്നിവയാണ് ഈ ഏകോപനസമിതികൾ കൊണ്ട് ലക്ഷ്യമിടുന്നത്.

മേല്പറഞ്ഞ ലക്ഷ്യത്തോടെ ഇടവകതോറും സാമൂഹ്യ പ്രേഷിതത്വത്തിനുള്ള ഏകോപനസമിതി 2014 സെപ്തംബർ 30-നകം രൂപീകരിക്കണമെന്ന് ആഹ്വാനം ചെയ്യുന്നു. ഇടവകയിലെ ബഹു. വികാരി, അസി. വികാരി, കൈക്കാരന്മാർ, പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ എന്നിവരും കുടുംബക്കൂട്ടായ്മ കേന്ദ്ര സമിതി, സാമൂഹ്യസേവനം ചെയ്യുന്ന സംഘടനകൾ, സാമൂഹ്യ ശുശ്രൂഷയ്ക്കായുള്ള ട്രസ്റ്റുകൾ, സന്യാസ ഭവനങ്ങൾ, സ്ഥാപനങ്ങൾ എന്നിവയിൽനിന്ന് സാമൂഹ്യസേവനത്തിന് ചുമതലയുള്ള പ്രതിനിധികൾ എന്നിവരും ചേരുന്നതായിരിക്കണം സാമൂഹ്യപ്രേഷിതത്വത്തിനുള്ള ഇടവക ഏകോപനസമിതി.

മേല്പറഞ്ഞ ഇടവക ഏകോപനസമിതിയുടെ പ്രതിനിധിയായി ഒരംഗത്തെ അതിരൂപതാതലത്തിലുള്ള ഏകോപനസമിതിയിലേക്ക് നിയോഗിക്കേണ്ടതാണ്. അദ്ദേഹത്തിന് ഒരു പകരക്കാരനെയും നിയോഗിക്കണം. ഈ പ്രതിനിധിയുടെയും അദ്ദേഹത്തിന്റെ പകരക്കാരന്റെയും പേരും വിലാസവും 2014 ഒക്ടോബർ 5-നു മുമ്പ് അതിരുപത കാര്യാലയത്തിലേയ്ക്ക് നൽകേണ്ടതാണ് (ഇതിന് പ്രത്യേക ഫോറം ആവശ്യമെങ്കിൽ സാന്ത്വനത്തിൽ നിന്ന് ലഭിക്കും; അതിരൂപത വെബ്സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്യാവുന്നതുമാണ്).

സാമൂഹ്യപ്രേഷിതത്വത്തിനുള്ള ഇടവക ഏകോപനസമിതിയിൽനിന്ന് അതിരൂപത ഏകോപന സമിതിയിലേക്ക് നിയോഗിക്കപ്പെടുന്ന പ്രതിനിധികളുടെ ഒരു യോഗം 2014 ഒക്ടോബർ 18 ശനിയാഴ്ച ഉച്ചതിരിഞ്ഞ് 2:30 ന് ആർച്ച്ബിഷപ്സ് ഹൗസ്

ഓഡിറ്റോറിയത്തിൽ ചേരുന്നതാണ്. ഒരു ഇടവകയിൽനിന്ന് മേല്പ റഞ്ഞ രീതിയിൽ നിശ്ചയിച്ചിരിക്കുന്ന പ്രതിനിധിയെയോ സാധ്യ മല്ലെങ്കിൽ പകരം നിശ്ചയിച്ചിരിക്കുന്ന വ്യക്തിയെയോ അയ ക്കേണ്ടതാണ്. ഈ സദുദ്യമത്തിൽ ഏവരുടെയും സഹകരണം സാദരം പ്രതീക്ഷിക്കുന്നു.

+ Andrews Thazhath

**മാർ ആൻഡ്രൂസ് താഴത്ത്**

തൃശ്ശൂർ അതിരുപത മെത്രാപ്പോലീത്ത

---

NB: ഈ സർക്കുലർ 2014 സെപ്തംബർ 14ന് എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി. കുർബാന മധ്യേ അറിയിക്കേണ്ടതാണ്.
+AT

1728/2014
18/08/2014 C - 8

# സർക്കുലർ

## കത്തോലിക്കാ കോൺഗ്രസ്സ് തൃശ്ശൂർ

## (എ. കെ. സി. സി. – തൃശ്ശൂർ)

പ്രിയ ബഹു. അച്ചാ, ബ്രദർ, സിസ്റ്റർ,
സഹോദരീസഹോദരന്മാരേ,

രണ്ടാം വത്തിക്കാൻ കൗൺസിലും (LG 31) സഭയുടെ കാനൻ നിയമവവും അത്മായരുടെ വിളിയെയും ദൗത്യത്തെയും പറ്റി വിശദമാക്കുന്നുണ്ട്. '*അത്മായർ ആദ്യമായി ദൈവരാജ്യം അന്വേഷിക്കേണ്ടത് തങ്ങളുടെ ദൈവവിളിയുടെ ഭാഗമായി ഭൗതികകാര്യങ്ങൾ ദൈവപദ്ധതിപ്രകാരം നിർവ്വഹിച്ചും ക്രമീകരിച്ചും കൊണ്ടാണ്. അതുകൊണ്ട് തങ്ങളുടെ സ്വകാര്യ-കുടുംബ-രാഷ്ട്രീയ-സാമൂഹികജീവിതത്തിൽ അവർ ക്രിസ്തുവിനു സാക്ഷ്യം വഹിക്കുകയും ക്രിസ്തുവിനെ മറ്റുള്ളവർക്കു വെളിപ്പെടുത്തുകയും സമൂഹത്തിൽ ന്യായമായ നിയമങ്ങൾക്കായി നിലകൊള്ളുകയും വിശ്വാസം, ശരണം, ഉപവി എന്നിവ പ്രസരിപ്പിച്ചുകൊണ്ട് ലോകത്തിന്റെ വിശുദ്ധീകരണത്തിനായി പുളിമാവുപോലെ പ്രവർത്തിക്കുകയും വേണം*'. (CCEO 401)

സീറോമലബാർ സഭയുടെ ഇന്നത്തെ പശ്ചാത്തലത്തിൽ, അത്മായ പ്രേഷിതത്വം കുറേകൂടി ഏകോപിപ്പിക്കുന്നതിനും ശക്തമാക്കുന്നതിനും അൽമായ നേതൃത്വം കൂടുതൽ വളർത്തുന്നതിനും വേണ്ടി അഖിലകേരള കത്തോലിക്കാ കോൺഗ്രസ്സ് (AKCC) എന്ന സംഘടനയെ സർവ്വവിധ പ്രോൽസാഹനവും നൽകി സഭയുടെ ഔദ്യോഗിക സമുദായ സംഘടനയായി വളർത്തുന്നതിന് സീറോ മലബാർ സഭാസിനഡ് തീരുമാനിച്ചിരുന്നു. എല്ലാ രൂപതകളിലും AKCC എത്രയുംവേഗം പ്രവർത്തന

സജ്ജമാകണമെന്നും സിനഡ് നിർദ്ദേശിച്ചിരുന്നു.

സിനഡിന്റെ തീരുമാനത്തിന്റെ പശ്ചാത്തലത്തിൽ തൃശ്ശൂർ അതിരൂപതയുടെ സാഹചര്യങ്ങൾ കണക്കിലെടുത്തുകൊണ്ട് പ്രവർത്തിക്കാവുന്ന തരത്തിൽ, കാത്തലിക് യൂണിയൻ സംഘട നയെ ലയിപ്പിച്ചുകൊണ്ട് അഖിലകേരള കത്തോലിക്കാ കോൺഗ്ര സ്സിന്റെ (All Kerala Catholic Congress - AKCC) ചൈത ന്യത്തിൽ, **കത്തോലിക്കാ കോൺഗ്രസ്സ് തൃശ്ശൂർ (എ. കെ. സി. സി. - തൃശ്ശൂർ)** എന്നപേരിൽ പുതിയ സംഘടന സ്ഥാപിച്ച് പ്രവർത്തിക്കുന്നതാണ് ഉചിതമെന്ന് ഇതുസംബന്ധിച്ചു പല തല ങ്ങളിൽ നടത്തിയ ചർച്ചകളിലൂടെ ബോധ്യം വരികയും ആയതി നായുള്ള ശ്രമങ്ങൾ ആരംഭിക്കുകയും ചെയ്തു. ഇതിന്റെ ഭാഗമാ യുള്ള പ്രാരംഭപ്രവർത്തനങ്ങൾക്കും നിയമാവലി രൂപപ്പെ ടുത്താനും ഒരു താത്ക്കാലികസമിതിയെ (*Ad-hoc* Committee) നിയമിച്ചിരുന്നു. ഇതെത്തുടർന്ന്, സീറോമലബാർ സഭയുടെ മേജർ ആർച്ച് ബിഷപ് കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി 2014 മെയ് 4ന് തൃശൂർ ടൗൺ ഹാളിൽവച്ച് എ. കെ. സി. സി.–തൃശ്ശൂരിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. മേൽ നടപടികളുടെ വെളിച്ചത്തിൽ വ്യക്തമായ ലക്ഷ്യത്തോടെയും കർമ്മപദ്ധതിയോടെയും നിയമാ വലിയോടെയും കത്തോലിക്കാ കോൺഗ്രസ്സ് തൃശ്ശൂർ (എ. കെ. സി. സി. – തൃശ്ശൂർ) എന്ന സംഘടന 2014 ആഗസ്റ്റ് 15ന്, പരിശുദ്ധ കന്യാകാമറിയത്തിന്റെ സ്വർഗാരോപണതിരുനാളും ഭാരതസ്വാ തന്ത്ര്യദിനവും ആഘോഷിച്ച വേളയിൽ, ഔദ്യോഗികമായി നിലവിൽവരികയും നിയമാവലി പ്രകാരം അതിരൂപതയിൽ മുഴു വനും പ്രവർത്തിക്കുന്നതിന് ഈ സംഘടനയെ ഞാൻ നിയോഗി ക്കുകയും ചെയ്ത വിവരം നിങ്ങളെ ഏറെ സന്തോഷത്തോടെ അറിയിക്കുന്നു.

കാത്തലിക് യൂണിയൻ ഇതോടെ കത്തോലിക്കകോൺഗ്ര സ്സിൽ ലയിച്ചുപ്രവർത്തിക്കും. എല്ലാ അംഗങ്ങളും എ. കെ. സി. സി. - തൃശ്ശൂരിന്റെ നിയമാവലിപ്രകാരം അംഗത്വം സ്വീകരിക്കേണ്ടതാണ്. കാത്തലിക് യൂണിയൻ പ്രസ്ഥാനത്തിന്റെ

ഇടവകതലത്തിലും അതിരൂപതാതലത്തിലും നിലവിലുള്ള സമിതികളുടെ രേഖകളും കണക്കുകളും സംഖ്യയും കത്തോലിക്കാ കോൺഗ്രസ്സ് തൃശ്ശൂർ (എ. കെ. സി. സി. – തൃശ്ശൂർ) ഘടകത്തിന് കൈമാറുന്നതിന് 2014 സെപ്തംബർ 30നുമുമ്പ് ബന്ധപ്പെട്ട ഇടവകവികാരിയെ/വികാരിജനറാളിനെ ഏല്പിക്കേണ്ടതാണ്.

തൃശ്ശൂർ അതിരൂപതയിലെ സീറോമലബാർ സഭാംഗങ്ങളുടെ സമുദായ സംഘടന യായി പ്രവർത്തിക്കുന്ന എ. കെ. സി. സി. – തൃശ്ശൂർ സമുദായത്തിനും പൊതുസമൂഹത്തിനും വേണ്ടി പുളിമാവായും ചാലകശക്തിയായും പ്രവർത്തിക്കേണ്ടതാണ്. സമുദായ സംഘടന എന്ന നിലയിൽ സീറോ മലബാർ സഭയുടെ പൊതുവേദിയായി അറിയപ്പെടുന്ന **അഖിലകേരള കത്തോലിക്ക കോൺഗ്രസ്സു** (AKCC) മായി **കത്തോലിക്കാ കോൺഗ്രസ്സ് തൃശ്ശൂർ (എ. കെ. സി. സി. – തൃശ്ശൂർ)** അഫിലിയേറ്റ് ചെയ്ത് പ്രവർത്തിക്കുന്നതാണ്.

സഭയുടെയും സമൂഹത്തിന്റെയും പൊതുനന്മയ്ക്ക് വേണ്ടി ശബ്ദിക്കാനും നേതൃത്വം വഹിക്കാനും ആവശ്യമായ ചലനങ്ങൾ സൃഷ്ടിക്കുവാനും ഈ പ്രസ്ഥാനത്തിന് കഴിയണം. അതിനായി എല്ലാ ഇടവകകളിലും യൂണിറ്റുകൾ ഉണ്ടാകണം. ഓരോ ഇടവകയിലും 18 വയസ്സു കഴിഞ്ഞ സാധിക്കുന്ന എല്ലാവരും ഇതിൽ അംഗങ്ങളാകണം. ഇടവകയിലെ കൈക്കാരന്മാർ, പ്രതിനിധിയോഗാംഗങ്ങൾ, മതബോധന അധ്യാപകർ, കുടുംബകൂട്ടായ്മ ഭാരവാഹികൾ, പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ തുടങ്ങിയവരേയും വിവിധ ഫോറങ്ങൾക്കും വേദികൾക്കും നേതൃത്വം കൊടുക്കുവാൻ കഴിവുള്ളവരേയും ഈ സംഘടനയിലെ അംഗങ്ങളാക്കുന്നത് ഉചിതമാണ്. സഭാപ്രബോധനത്തിന്റെ ചൈതന്യത്തിൽ, സഭയുടെ അജപാലനപരമായ ദൗത്യത്തിൽ പങ്കുചേർന്നും തൃശ്ശൂർ അതിരൂപതയിലെ കത്തോലിക്കരുടെ മതപരവും, സാമൂഹ്യവും, സാമുദായികവും, സാംസ്ക്കാരികവും, സാമ്പത്തികവും, കാർഷികവും, രാഷ്ട്രീയവുമായ താല്പര്യങ്ങളുടെ പരിരക്ഷണത്തിനും സമുദായത്തിന്റെ

സർവ്വതോന്മുഖമായ ഉത്കർഷത്തിനും സീറോ മലബാർ കത്തോലിക്ക സമുദായത്തിന്റെ പൊതുനന്മക്കും വേണ്ടി യത്നിക്കുന്നതിനും ഇടവകയിൽ പൊതുവായും തദ്ദേശസ്വയംഭരണ തലങ്ങളിലും, പ്രത്യേകിച്ച്, വാർഡ്, പഞ്ചായത്ത്, കോർപ്പറേഷൻ മേഖലകളിൽ, ശക്തമായി എ. കെ. സി. സി. - തൃശ്ശൂർ പ്രവർത്തിക്കണം. മാധ്യമം, സാഹിത്യം, കല, കാർഷിക രംഗം, ഗവേഷണം തുടങ്ങിയ മേഖലകളിലും വിദഗ്ദരായവരെ കണ്ടുപിടിച്ച് പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. പരി. പിതാവ് ഫ്രാൻസിസ് പാപ്പയും ബനഡികട് പതിനാറാമൻ പാപ്പയും പറയുന്നതുപോലെ പൊതുനന്മയ്ക്കു വേണ്ടി പ്രവർത്തിക്കുന്ന സഭയുടെ പൊതുപ്രവർത്തകരാകുവാൻ സംഘടനാംഗങ്ങൾ പരിശ്രമിക്കണം.

സംഘടനയുടെ ദൗത്യനിർവഹണത്തിനു **പെ. ബഹു. വികാരി ജനറാൾ മോൺ. ജോർജ്ജ് കോമ്പാറയെ ആർച്ച്ബിഷപ്പിന്റെ ഡെലഗേറ്റ് ആയും ബഹു. ജിയോ കടവി അച്ചനെ അതിരൂപതാ ഡയറക്ടറായും** നിയമിച്ചിരിക്കുന്നു. മറ്റു ഭാരവാഹികൾ നിയമാവലി പ്രകാരം ഉത്തരവാദിത്വമേല്ക്കുന്നതാണ്. എ. കെ. സി. സി. - തൃശ്ശൂരിന്റെ നിയമാവലി പ്രകാരമുള്ള ഇടവക, ഫൊറോന, അതിരൂപതാതല സമിതികൾ 2014 ഡിസംബർ 31ന് മുമ്പ് രൂപീകരിച്ച് പ്രവർത്തനക്ഷമമാകണം. ഇതിനുള്ള നടപടിക്രമങ്ങൾക്ക് നിലവിലുള്ള അഡ്-ഹോക് കമ്മറ്റി നേതൃത്വം കൊടുക്കണം. പ്രസ്തുത തീയതിക്കു മുമ്പ് പുതിയ രൂപതാതല നേതൃത്വത്തിന് ഉത്തരവാദിത്വങ്ങൾ അഡ്-ഹോക് കമ്മറ്റി സ്ഥാപനഡിക്രിയിൽ പറഞ്ഞിരിക്കുന്നതുപോലെ കൈമാറുകയും വേണം. എ. കെ. സി. സി. - തൃശ്ശൂരിന്റെ രൂപീകരണത്തിന് കാര്യക്ഷമമായി പ്രവർത്തിച്ച അഡ്-ഹോക് കമ്മറ്റിക്ക് പ്രത്യേകം നന്ദി പറയുന്നു.

അതിരൂപതയിലെ എല്ലാ ഇടവകകളിലും പ്രസ്തുത എ. കെ. സി. സി. - തൃശ്ശൂരിന്റെ ഘടകങ്ങൾ സ്ഥാപിക്കുന്നതിനും വളർത്തുന്നതിനും ബഹു. വികാരിമാരോട് അഭ്യർത്ഥിക്കുന്നു. വത്തിക്കാൻ സൂനഹദോസ് ആഹ്വാനം ചെയ്തതുപോലെ ഭൗതിക

മണ്ഡലത്തിന്റെ ക്രൈസ്തവവൽക്കരണമെന്ന അത്മായന്റെ പ്രത്യേക സിദ്ധി പ്രാവർത്തികമാക്കാൻ മുന്നോട്ട് വരുന്നതിനും സഭയോടൊത്ത് ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്തു കൊണ്ട് എ. കെ. സി. സി. – തൃശ്ശൂരിൽ അംഗങ്ങളായി ചേർന്ന് സമുദായത്തിനും സമൂഹത്തിനുംവേണ്ടി നിലകൊള്ളാനും അതിരൂപതാംഗങ്ങളേവരോടും ഞാൻ ആഹ്വാനം ചെയ്യുന്നു.

നമ്മുടെ അതിരൂപതയുടെ മധ്യസ്ഥയായ പരി. അമ്മയുടെയും വിശ്വാസത്തിന്റെ പിതാവായ ധീരരക്തസാക്ഷി മാർത്തോമ ശ്ലീഹായുടെയും മാധ്യസ്ഥത്തിന് കത്തോലിക്ക കോൺഗ്രസ് തൃശൂരിനെ സമർപ്പിക്കുകയും ചെയ്യുന്നു.

**മാർ ആൻഡ്രൂസ് താഴത്ത്**
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

---

NB: ഈ സർക്കുലർ 2014 സെപ്തംബർ 7ന് എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി. കുർബാന മധ്യേ അറിയിക്കേണ്ടതാണ്. +AT

# കച്ചേരിക്കാര്യങ്ങൾ



**1. ഓർമിക്കേണ്ട ദിവസങ്ങൾ**

| | | | |
|---|---|---|---|
| സെപ്തംബർ | 1 | : | എട്ടുനോമ്പാരംഭം |
| | 5 | : | ആദ്യവെള്ളി |
| | | : | വി.ശിമയോൻ ബർസാബയും സഹരക്തസാക്ഷികളും |
| | | : | വാഴ്ത്തപ്പെട്ട മദർ തെരേസ |
| | 7 | : | **ഏലിയാ സ്ലീവ മൂശ ഒന്നാം ഞായർ** |
| | 8 | : | പ. ക. മറിയത്തിന്റെ പിറവിത്തിരുനാൾ |
| | 13 | : | വി. ജോൺ ക്രിസോസ്തോം |
| | 14 | : | **സ്ലീവ ഒന്നാം ഞായർ**<br>വി. കുരിശിന്റെ പുകഴ്ച |
| | 21 | : | **സ്ലീവ രണ്ടാം ഞായർ**<br>വി. മത്തായി ശ്ലീഹാ |
| | 27 | : | വി. വിൻസെന്റ് ഡി പോൾ |
| | 28 | **:** | **സ്ലീവ മൂന്നാം ഞായർ** |
| | 29 | : | മുഖ്യ ദുതന്മാരായ മിഖായേൽ, ഗബ്രിയേൽ, റഫായേൽ |
| | 30 | : | വി. ജെറോം |

**2. സെപ്തംബർ മാസത്തിലെ പരിപാടികൾ:**

| | | |
|---|---|---|
| 04 | 07.30 pm | സാമ്പത്തികസമിതിയോഗം |
| 11 | 02:30 pm - 05:00 pm | വൈദികസമിതിയോഗം |
| 13 | 09:30 am - 02:00 pm | പാസ്റ്ററൽ കൗൺസിൽ യോഗം |
| 21–26 | | വൈദികരുടെ വാർഷികധ്യാനം ഒന്നാം ബാച്ച് |
| 28–03 | | വൈദികരുടെ വാർഷികധ്യാനം രണ്ടാം ബാച്ച് |
| 29 | | മാർ റാഫേൽ തട്ടിൽ പിതാവിന്റെ നാമഹേതുകതിരുനാൾ |

**3. ഏലിയാ–സ്ലീവാ–മൂശക്കാലങ്ങൾ:**

ഏലിയ–സ്ലീവാ–മൂശക്കാലങ്ങൾ കുരിശിന്റെ വിജയവും കർത്താവിന്റെ രണ്ടാമത്തെ ആഗമനവും സൂചിപ്പിക്കുന്നു. സെപ്തംബർ 14–ാം തിയ്യതി

ആചരിക്കുന്ന കുരിശിന്റെ പുകഴ്ചയാണ് ഈ കാലഘട്ടത്തിന്റെ കേന്ദ്രബിന്ദു. മിശിഹായുടെ രണ്ടാമത്തെ വരവിനു മുമ്പായി ഏലിയാ വരുമെന്നും (മലാക്കി 4:5) വിനാശത്തിന്റെ പുത്രനുമായി തർക്കിച്ച് അവന്റെ തെറ്റിനെ ലോകത്തിനു ബോധ്യപ്പെടുത്തുമെന്നും ആദിമസഭ വിശ്വസിച്ചുപോന്നു. കർത്താവിന്റെ രൂപാന്തരീകരണവേളയിൽ അവിടത്തോടൊപ്പം ഏലിയായും ഉണ്ടായിരുന്നു വെന്ന വസ്തുത ഈ വിശ്വാസത്തിന് ആക്കം വർദ്ധിപ്പിച്ചു. കർത്താവിന്റെ രൂപാന്തരീകരണം അവിടത്തെ രണ്ടാമത്തെ വരവിന്റെ പ്രതീകവുമാണല്ലോ. രൂപാന്തരപ്പെട്ട സമയത്ത് മൂശയും അവിടത്തോടൊപ്പം ഉണ്ടായിരുന്ന തായിരിക്കാം സ്ലീവ നടുവിൽ വരത്തക്കവിധം ഏലിയാ- സ്ലീവാ- മൂശക്കാലങ്ങൾ രൂപപ്പെട്ടതിനു കാരണം. ലോകവസാനം, മരണം, അവസാനവിധി എന്നിവയാണ് ഈ കാലങ്ങളിലെ പ്രധാന വിഷയങ്ങൾ. അതോടൊപ്പം, പിശാചിന്റെ പ്രലോഭനങ്ങൾക്കെതിരെ ജാഗ്രത പുലർത്തി, പാപത്തെ തുടച്ചുമാറ്റാനുള്ള ആഹ്വാനവും നമുക്കു നൽകുന്നു.

മിശിഹായുടെ ദ്വിതീയാഗമനത്തിനുമുമ്പ് ആകാശമധ്യത്തിൽ മഹത്ത്വപൂർണ്ണമായി പ്രത്യക്ഷപ്പെടുമെന്ന് അവിടുന്ന് പറഞ്ഞിട്ടുള്ള അടയാളം (മത്താ:24:30) കുരിശാണെന്ന വിശ്വാസം ആദിമസഭയിൽ ഉണ്ടായിരുന്നു. അതുകൊണ്ട് കുരിശിന്റെ ശക്തിയും വിജയവും ഈ കാലത്തിൽ നാം പ്രത്യേകമായി അനുസ്മരിക്കുന്നുണ്ട്. കൂടാതെ നാലാം നൂറ്റാണ്ടിൽ കോൺസ്റ്റന്റൈൻ രാജാവിനുണ്ടായ കുരിശിന്റെ ദർശനവും തുടർന്നുള്ള അദ്ദേഹത്തിന്റെ വിജയവവും, അദ്ദേഹത്തിന്റെ അമ്മയായ ഹെലേനാ രാജ്ഞി കുരിശു കണ്ടെത്തിയ കാര്യവും ഈ കാലത്തെ പ്രാർത്ഥനകളിലും ഗീതങ്ങളിലും കാണുന്നു. ചെങ്കടലിനുമീതെ തന്റെ വടി നീട്ടികൊണ്ട് മൂശ ഇസ്രായേൽ ജനത്തിന് കടലിന്റെ നടുവിലൂടെ നല്ലൊരു വഴി കാട്ടിയതുപോലെ, സ്ലീവാവഴി മിശിഹാ പറുദീസയിലേക്ക് വഴികാട്ടി ത്തന്നുകൊണ്ട് മർത്ത്യകുലത്തെ രക്ഷിച്ചിരിക്കുന്നു. പറുദീസായിലെ ജീവന്റെ വൃക്ഷത്തോടും മോശ മരുഭൂമിയിൽ ഉയർത്തിയ പിച്ചള സർപ്പത്തോടും കുരിശിനെ ഉപമിച്ചുകൊണ്ട്, സ്ലീവാവഴി കൈവന്നിരിക്കുന്ന വിജയത്തിന്റെ മാഹാത്മ്യം ഈ കാലങ്ങൾ നമ്മെ ബോധ്യപ്പെടുത്തുന്നു. വരാനിരിക്കുന്ന സ്വർഗ്ഗീയ സഭയുടെ ഒരു മുന്നാസ്വാദനംകൂടി ഇവിടെ നാം ദർശിക്കുന്നു.

**4. ബഹു. വൈദികരുടെ മരണപത്രം തയ്യാറാക്കുമ്പോൾ:**

ബഹു. വൈദികർ തങ്ങളുടെ മരണപത്രം എഴുതി ആർച്ച്ബിഷപ്സ് ഹൗസിൽ അതിന്റെ ഒറിജിനൽ കോപ്പി സൂക്ഷിക്കേണ്ടതിന് നിർബന്ധമായും നൽകേണ്ടതാണ്. മരണപത്രം എഴുതുമ്പോൾ പരിചയമുള്ള രണ്ട് സാക്ഷികളുടെ പേരും വിശദാംശങ്ങളും ഒപ്പും ഉണ്ടായിരിക്കണം.

മരണപത്രത്തിലെ കാര്യങ്ങൾ നടപ്പിലാക്കാൻ ഒരു എക്സിക്യൂട്ടറെ നിർബന്ധമായും ഉൾപ്പെടുത്തേണ്ടതാണ്. മരണപത്രം എഴുതുന്ന ആളുടെ ബന്ധുക്കളെയോ വൈദികരെയോ അതിരൂപതയിലെ അധികാരികളെയോ ഇതിൽ ഉൾപ്പെടുത്താവുന്നതാണ്. വളരെ വർഷങ്ങൾക്കു മുമ്പ് മരണപത്രം എഴുതിവച്ചിട്ടുണ്ടെങ്കിൽ ആർച്ച്ബിഷപ്സ് ഹൗസിൽ നിന്നും അത് വാങ്ങി പുതുക്കി നൽകേണ്ടതാണ്.

**5. വൈദികരുടെ വാർഷികധ്യാനം :**

അതിരൂപതയിലെ വൈദികരുടെ വാർഷികധ്യാനം സെപ്തംബർ 21 മുതൽ ഒക്ടോബർ 3 വരെ രണ്ടു ബാച്ചുകളിലായി നടക്കുന്നു. പ്രത്യേകം പ്രാർത്ഥിക്കുമല്ലോ.

**6. വൈദികരുടെ പ്രത്യേക ശ്രദ്ധക്ക് - രജിസ്റ്ററുകളിലെ തിരുത്ത് :**

അതിരൂപതയിലെ പള്ളികളിലെ രജിസ്റ്ററുകളിലെ പേരുകൾ തിരുത്തുന്നതിനോ കൂട്ടിച്ചേർക്കുന്നതിനോ അനുവാദത്തിനായി അതിരൂപത കാര്യാലയത്തിലേക്ക് അപേക്ഷ സമർപ്പിക്കുമ്പോൾ താഴെ പറയുന്ന കാര്യങ്ങൾ ബഹു. വികാരിമാർ ശ്രദ്ധിക്കേണ്ടതാണ്.

1. അപേക്ഷകൻ/അപേക്ഷക പേരു തിരുത്തപ്പെടേണ്ട വ്യക്തിതന്നെയായിരിക്കണം.
2. അപേക്ഷയോടൊപ്പം നോട്ടറി പബ്ലിക് സാക്ഷ്യപ്പെടുത്തിയ അപേക്ഷകന്റെ/അപേക്ഷകയുടെ സത്യവാങ്മൂലവും നിർബന്ധമായും ഉണ്ടാകേണ്ടതാണ്.
3. അപേക്ഷകൻ/അപേക്ഷക പ്രായപൂർത്തിയായിട്ടില്ലാത്തവരാണെങ്കിൽ അവർക്കുവേണ്ടി പിതാവ്/മാതാവ് ആണ് അപേക്ഷയും സത്യവാങ്മൂലവും നൽകേണ്ടത്.
4. പബ്ലിക് നോട്ടറി സാക്ഷ്യപ്പെടുത്തുന്ന അപേക്ഷകന്റെ സത്യവാങ്മൂലത്തിൽ താഴെ പറയുന്ന കാര്യങ്ങൾ വ്യക്തമാക്കിയിരിക്കണം.

   *a. (-------) പള്ളി മാമ്മോദീസ രജിസ്റ്ററിൽ എന്റെ പേര് (-------------) എന്നാണ്.*

   *b. എന്നാൽ സിവിൽ രേഖകളിൽ (എസ്. എസ്. എൽ. സി., പാസ്പോർട്ട്) എന്റെ പേര് (------------) എന്നാണ്.*

   *c.സിവിൽ രേഖ പ്രകാരം മാമ്മോദീസ രജിസ്റ്ററിൽ എന്റെ പേര് (-------------) എന്നറിയപ്പെടാൻ ഞാനാഗ്രഹിക്കുന്നു.*

   *d. മാമ്മോദീസ രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്ന (-----------) എന്ന വ്യക്തിയും സിവിൽ രേഖകളിൽ രേഖപ്പെടുത്തിയിരിക്കുന്ന (--*

*----------) എന്ന വ്യക്തിയും ഒരാൾ തന്നെയാണ്.*
*e.മാമ്മോദീസ രജിസ്റ്ററിലെ തിരുത്തലിനായി അതിരൂപത കാര്യാലയത്തിലേക്ക് വേണ്ടിയാണ് ഈ സത്യവാങ്മൂലം നൽകുന്നത്.*

**7. വിവാഹ ഒരുക്ക കോഴ്സുകൾ :**

സീറോമലബാർ രൂപതകൾക്കു പുറത്ത് നടത്തപ്പെടുന്ന വിവാഹകോഴ്സുകളിൽ അംഗീകാരം ഉള്ളവയുടെ പേരുവിവരം അന്യത്ര കൊടുത്തിരിക്കുന്നു.

**8. മരിച്ചവരുടെ ഓർമ്മദിനം**

മരിച്ചവരുടെ ഓർമ്മദിനമായ നവംബർ 2 ഈ വർഷം ഞായറാഴ്ച ആയതിനാൽ സൗകര്യാർത്ഥം നമ്മുടെ അതിരൂപതയിൽ നവംബർ 1-ാം തീയതി ശനിയാഴ്ച ആചരിക്കാൻ പ്രത്യേകം ഓർമ്മപ്പെടുത്തുന്നു.

**9. അതിരൂപതാ അവാർഡ് ദിനം :**

അതിരൂപതയുടെ ഈ വർഷത്തെ അവാർഡു ദിന പരിപാടികൾ 2014 ഒക്ടോബർ 11-ാം തീയതി ശനിയാഴ്ച ഉച്ചക്കഴിഞ്ഞ് 2.00ന് ഡി.ബി.സി.എൽ.സി.യിൽ ആയിരിക്കും. സമൂഹത്തിന്റെ വിവിധ തലങ്ങളിൽ 2013 നവംബർ 10 മുതലുള്ള കാലയളവിൽ താഴെ പറയുന്ന വിധത്തിൽ അംഗീകാരം നേടുന്ന അതിരൂപതാംഗങ്ങളെ / സ്ഥാപനങ്ങളെ ഈ സമ്മേളനത്തിൽ പ്രത്യേകം ആദരിക്കുന്നതാണ്. **(തൃശ്ശൂർ അതിരൂപതാംഗങ്ങളെ മാത്രമാണ് അവാർഡ് ദിനത്തിൽ ആദരിക്കുന്നത്. അതിരൂപതയിലെ സ്ഥാപനങ്ങളിൽ പഠിക്കുന്നവരോ പ്രവർത്തിക്കുന്നവരോ ആയ മറ്റ് രൂപതാംഗങ്ങളെയോ ഇതര മതസ്ഥരെയോ പുരസ്കാരങ്ങൾക്ക് പരിഗണിക്കുന്നതല്ല).**

* താഴെ പറയുന്ന വിഭാഗങ്ങളിൽ ഉൾപ്പെടുന്ന അപേക്ഷകൾ ബന്ധപ്പെട്ട അധികാരികളുടെ (ഹെഡ്മാസ്റ്റർ / പ്രിൻസിപ്പൽ / വികാരി) സാക്ഷ്യപത്രവും മാർക്കു ലിസ്റ്റ്/ സർട്ടിഫിക്കറ്റ് എന്നിവയുടെ അറ്റസ്റ്റഡ് കോപ്പികളോടും കൂടെ **15-09-2014 നു** മുമ്പായി ജനറൽ സെക്രട്ടറി, പാസ്റ്ററൽ കൗൺസിൽ, കാത്തലിക് ആർച്ച്ബിഷപ്സ് ഹൗസ്, തൃശ്ശൂർ - 680 005 എന്ന അഡ്രസ്സിൽ ലഭിക്കേണ്ടതാണ്.
* അപേക്ഷകരുടെ പൂർണമേൽവിലാസം ഫോൺ നമ്പർ സഹിതം നൽകേണ്ടതാണ്.
* ഇക്കാര്യം പള്ളികളിലും സ്ഥാപനങ്ങളിലും കഴിയുന്നതും വേഗത്തിൽ അറിയിക്കാൻ ബഹു.വൈദികരും സ്ഥാപനാധികാരികളും ശ്രദ്ധിക്കണം.
* സമ്മാനാർഹരായവരുടെ പേരുവിവരം തൃശ്ശൂർ അതിരൂപത വെബ്സൈറ്റിൽ ഒക്ടോബർ 1നു പ്രസിദ്ധീകരിക്കുന്നതാണ്

(www.trichurarchdiocese.org; www.sauhrudam.com).

**1. വിദ്യാഭ്യാസരംഗം**

2013–14 അധ്യയനവർഷത്തിൽ

**1.1** എസ്.എസ്.എൽ.സിക്കും പ്ലസ് ടുവിനും വി. എച്ച്. എസ്. സി.ക്കും ആദ്യ ചാൻസിൽ മുഴുവൻ വിഷയങ്ങളിലും A+നേടിയിട്ടുള്ളവർക്ക് (Kerala State-A+, C.B.S.E - CGPA 10.0, I.C.S.E.- A+/Exceptional)

**1.2** ഡിഗ്രി & പി.ജി.കോഴ്സുകളിൽ ഒന്നും രണ്ടും മൂന്നും റാങ്കുകൾ നേടിയിട്ടുള്ളവർ

**1.3** ടി.ടി.ഐ., ടി.ടി.സി., ബി.എഡ്., എം.എഡ്., നേഴ്സിംഗ്, പോളിടെക്നിക്, ഐ. ടി. ഐ., എഞ്ചിനീയറിംഗ്, മെഡിസിൻ, സിവിൽ സർവീസ് തുടങ്ങിയ പ്രൊഫഷണൽ കോഴസുകളിൽ ഒന്നും രണ്ടും മൂന്നും റാങ്കുകൾ നേടിയിട്ടുള്ളവർ

**1.4** സംസ്ഥാനസർക്കാരോ കേന്ദ്ര സർക്കാരോ നടത്തുന്ന എൻട്രൻസ് പരീക്ഷകളിൽ ഒന്നും രണ്ടും മൂന്നും റാങ്കുകൾ നേടിയിട്ടുള്ളവർ.

**1.5** കഴിഞ്ഞ എസ്.എസ്.എൽ.സി., പ്ലസ് ടു., ബി.എഡ്., ടി.ടി.ഐ., നേഴ്സിംഗ്, പ്രൊഫഷണൽ പരീക്ഷകളിൽ ആദ്യ ചാൻസിൽ 100% വിജയം നേടിയ അതിരൂപതാതിർത്തിയിലെ കത്തോലിക്ക മാനേജുമെന്റ് സ്ഥാപനങ്ങൾ.

**2. കായികം**

**2.1** *വിദ്യാഭ്യാസവകുപ്പ് നടത്തുന്ന കായികമേളയിൽ*

(State, C.B.S.E, I.C.S.E.) റവന്യു ജില്ലാതലത്തിൽ ഒന്നാം സമ്മാനം നേടിയവർ- ഒന്നാം സമ്മാനത്തെ കുറിച്ച് രേഖപ്പെടുത്താതെ, ഗ്രേഡ് മാത്രം രേഖപ്പെടുത്തിയിട്ടുള്ള സർട്ടിഫിക്കറ്റാണെങ്കിൽ സമ്മാനം ലഭിച്ചിട്ടുള്ളത് സംബന്ധിച്ച് ബന്ധപ്പെട്ട അധികാരി സാക്ഷ്യപ്പെടുത്തിയിരിക്കണം. സംസ്ഥാന, ദേശീയ തലങ്ങളിൽ ഒന്നും രണ്ടും മൂന്നും സമ്മാനാർഹരായിട്ടുള്ളവർ.

**2.2** *സർവ്വകലാശാല കായികമത്സരങ്ങളിൽ*

ഒന്നും രണ്ടും മൂന്നും സമ്മാനാർഹരായിട്ടുള്ളവർ.

**3. കലാസാഹിത്യ രംഗം**

***3.1*** *വിദ്യാഭ്യാസവകുപ്പ് നടത്തുന്ന യുവജനോത്സവങ്ങളിൽ*

(State, C.B.S.E, I.C.S.E.) റവന്യു ജില്ലാതലത്തിൽ ഒന്നാംസമ്മാനം നേടിയവർ- ഒന്നാം സമ്മാനത്തെ കുറിച്ച് രേഖപ്പെടുത്താതെ, ഗ്രേഡ് മാത്രം രേഖപ്പെടുത്തിയിട്ടുള്ള സർട്ടിഫിക്കറ്റാണെങ്കിൽ സമ്മാനം ലഭിച്ചിട്ടുള്ളത് സംബന്ധിച്ച് ബന്ധപ്പെട്ട അധികാരി സാക്ഷ്യപ്പെടുത്തിയിരിക്കണം.

സംസ്ഥാന, ദേശീയ തലങ്ങളിൽ ഒന്നും രണ്ടും മൂന്നും സമ്മാനാർഹരാ

യിട്ടുള്ളവർ.

*3.2 സർവ്വകലാശാല യുവജനോത്സവങ്ങളിൽ*

ഒന്നും രണ്ടും മൂന്നും സമ്മാനാർഹരായിട്ടുള്ളവർ.

**4. മറ്റു രംഗങ്ങൾ**

***4.1*** സി. ബി. സി. ഐ., കെ. സി. ബി. സി., സീറോ മലബാർ സിനഡ് എന്നിവ ഏർപ്പെടുത്തിയിട്ടുള്ള പുരസ്കാരങ്ങൾ ലഭിച്ചവർ

***4.2*** മേൽകൊടുത്തിട്ടുള്ള വിഭാഗങ്ങളിൽപ്പെടാത്തതും ജില്ല, സംസ്ഥാന, ദേശീയ തലങ്ങളിൽ ശ്രദ്ധേയമായ പുരസ്കാരങ്ങൾ ലഭിക്കുന്ന വ്യക്തികളും സ്ഥാപനങ്ങളും (അപേക്ഷകരിൽ നിന്ന് അർഹരായവരെ സമിതി തെരഞ്ഞെടുക്കുന്നതായിരിക്കും. സമിതിയുടെ തീരുമാനം അന്തിമമായിരിക്കും).

**NB:**

**1. വിദ്യാഭ്യാസ വകുപ്പ് നടത്തുന്ന കലാ-കായിക മത്സരങ്ങളിൽ റവന്യൂ ജില്ലാതലത്തിന് താഴെയുള്ളവരെ പരിഗണിക്കുന്നതല്ല.**

**2. അതിരൂപതയിലെ സംഘടനകളോ സ്ഥാപനങ്ങളോ നടത്തുന്ന മത്സരങ്ങളിൽ അതിരൂപതാതലത്തിൽ സമ്മാനം നേടിയവർ അപേക്ഷിക്കേണ്ടതില്ല. അവ അതിരൂപതയുടെ അംഗീകാരമായിത്തന്നെ പരിഗണിക്കപ്പെടുന്നു.**

**10. വൈദികനിയമനം :**

1. ഫാ. ആന്റണി തെക്കിനിയത്ത് VC – കപ്ലോൻ സെന്റ് ജോസഫ് & മരീന ഹോം സി. എം. സി. ചൂണ്ടൽ. സാധുത 2014 മെയ് 15 മുതൽ.
2. ഫാ. പോൾ അടമ്പുകുളം OFM.Cap. – ഡയറക്ടർ എസ്. എഫ്. ഒ. തൃശ്ശൂർ അതിരൂപത, സാധുത 2014 മെയ് 20 മുതൽ.
3. ഫാ. ഫ്രാൻസിസ് എടാട്ടുകാരൻ OFM.Cap. – സ്പിരിച്ചൽ അസിസ്റ്റന്റ് എസ്. എഫ്. ഒ. തൃശ്ശൂർ അതിരൂപത, സാധുത 2014 മെയ് 20 മുതൽ.
4. ഫാ. ജോബി മേരിസൺ OFM.Cap. – സ്പിരിച്ചൽ അസിസ്റ്റന്റ് എസ്. എഫ്. ഒ. തൃശ്ശൂർ അതിരൂപത, സാധുത 2014 മെയ് 20 മുതൽ.
5. ഫാ. ആന്റണി തേക്കാനത്ത് – റിട്ടയർമെന്റ്, വികാരി പാറന്നൂർ & കപ്ലോൻ സി. എച്ച്. എഫ്. ഒഴിവായി. സാധുത 2014 ജൂലൈ 18 മുതൽ.

6. ഫാ. സിന്റോ പൊറത്തൂർ – നടത്തുവികാരി പാറന്നൂർ & കപ്ലോൻ സി. എച്ച്. എഫ്. പാറന്നൂർ; സാധുത 2014 ജൂലൈ 18 മുതൽ.

7. ഫാ. ജോസ് പുന്നോലിപറമ്പിൽ – ത്യാഗരാജാർ പോളിടെക്നിക് ഗവേണിംഗ് കൗൺസിൽ അംഗത്വം ഒഴിവായി. സാധുത 2014 ജൂലൈ 18 മുതൽ.

8. ഫാ. ദിജോ ഒലക്കേങ്കിൽ – പഠനാവധി 3 വർഷം. സെക്രട്ടറി സഹായമെത്രാൻ, നോട്ടറി അതിരൂപത കാര്യാലയം, അസി. ഡയറക്ടർ കെ. സി. വൈ. എം. എന്നിവ ഒഴിവായി. സാധുത 2014 ജൂലൈ 18 മുതൽ.

9. ഡീ. അഗസ്റ്റിൻ പെരിയിലംകാട്ടിൽ MCBS – ഡീക്കൻ മിനിസ്ട്രി പേരാമംഗലം; സാധുത 2014 ആഗസ്റ്റ് 3 മുതൽ

10. ഡീ. മാത്യു ചിറ്റുപറമ്പിൽ MCBS – ഡീക്കൻ മിനിസ്ട്രി ബ്രഹ്മകുളം; സാധുത 2014 ആഗസ്റ്റ് 3 മുതൽ

**11. പ്രത്യേക അനുവാദങ്ങൾ :**

1. ചെങ്ങാലൂർ ഇടവകയിൽ കപ്പേള പണിയുന്നതിന് അനുവാദം (കല്പനനമ്പർ 1301/2014)
2. അരിമ്പൂർ ഇടവകയിൽ 'ഓഫ് കാമ്പസ്' കോളേജ് തുടങ്ങുന്നതിന് അനുവാദം (കല്പനനമ്പർ 1304/2014).
3. പാവറട്ടി സാൻജോസ് ആശുപത്രിക്കുവേണ്ടി ലോൺ എടുക്കുന്നതിന് അനുവാദം (കല്പനനമ്പർ 1305/2014).
4. ഫ്രാൻസിസ്കൻ സിസ്റ്റേഴ്സ് ഓഫ് സെന്റ് ക്ലെയർ കോൺഗ്രിഗേഷന് പല്ലിശ്ശേരി ഇടവകയിൽ മാർ റാഫേൽ ചീനാത്ത് ഗോൾഡൻ ജൂബിലി മെമ്മോറിയൽ പാലിയേറ്റീവ് കെയർ റിസർച്ച് & ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് എന്ന പേരിൽ സാന്ത്വനപരിചരണ സ്ഥാപനം തുടങ്ങുന്നതിന് അനുമതി (കല്പനനമ്പർ 1336/2014)
5. എരുമപ്പെട്ടി ഇടവകപള്ളിയുടെ മുൻവശത്ത് 6 അടി ഉയരമുള്ള തിരുഹൃദയരൂപം സ്ഥാപിക്കുന്നതിന് അനുവാദം (കല്പനനമ്പർ 1338/2014)
6. പെരിഞ്ചേരി ഇടവകയിൽ കൈക്കാരന്മാരുടെ എണ്ണം നാലാക്കി

വർദ്ധിപ്പിക്കുന്നതിന് അനുവാദം (കല്പനനമ്പർ 1346/2014)

7. പെരിഞ്ചേരി ഇടവകയ്ക്കുവേണ്ടി സ്ഥലം വാങ്ങുന്നതിനും ടിയാവശ്യത്തിനുള്ള പണം ഇടവകജനങ്ങളിൽ നിന്നും വായ്പയായി സ്വീകരിക്കുന്നതിനും അനുവാദം (കല്പനനമ്പർ 1349/2014)
8. തൃശ്ശൂർ സെന്റ് ആൻസ് ഇടവകക്കുവേണ്ടി തയ്യാറാക്കിയ അന്നാപാതയ്ക്കും നൊവേനയ്ക്കും അംഗീകാരം (കല്പനനമ്പർ 1350/2014)
9. എരുമപ്പെട്ടി ഇടവകക്കുവേണ്ടി സ്ഥലം വാങ്ങുന്നതിനും ടിയാവശ്യത്തിനുള്ള പണം ഇടവകജനങ്ങളിൽ നിന്നും വായ്പയായി സ്വീകരിക്കുന്നതിനും അനുവാദം (കല്പനനമ്പർ 1365/2014)
10. പുല്ലഴി സെന്റ് ജോസഫ്സ് ഹോമിന്റെ കോമ്പൗണ്ടിലുള്ള 'പകൽവീട്' സർക്കാരിന്റെ ഹെൽത്ത് സെന്ററായി മൂന്ന് വർഷത്തേക്ക് ലീസിന് നൽകുന്നതിന് അനുമതി (കല്പനനമ്പർ 1405/2014)
11. നെന്മണിക്കര ഇടവകക്കുവേണ്ടി സ്ഥലം വാങ്ങുന്നതിന് ഇടവകക്കാരിൽ നിന്നും പലിശരഹിത വായ്പ സ്വീകരിക്കുന്നതിന് അനുവാദം (കല്പനനമ്പർ 1408/2014)
12. നെല്ലിക്കുന്ന് ഇടവകയിൽ കല്ലറകളുടെ നിരക്ക് വർദ്ധനവിനു അംഗീകാരം (കല്പനനമ്പർ 1417/2014)
13. വി. എവുപ്രാസ്യാമ്മയെ കുറിച്ചുള്ള പ്രാർത്ഥനക്ക് അംഗീകാരം (കല്പനനമ്പർ 1434/2014)
14. അഞ്ഞൂർ ഇടവകയിൽ സെൽ മോഡൽ കല്ലറകൾ നിർമ്മിക്കുന്നതിനും കല്ലറകളുടെ നിരക്ക് വർദ്ധനവിനും അംഗീകാരം (കല്പനനമ്പർ 1436/2014)
15. പൊന്നൂക്കര ഇടവകയിൽ മദ്ബഹ നവീകരണത്തിന് അനുവാദം (കല്പനനമ്പർ 1437/2014)
16. പാവറട്ടി ഇടവകക്കുവേണ്ടി സ്ഥലം വാങ്ങുന്നതിന് അനുവാദം (കല്പനനമ്പർ 1438/2014)
17. പുത്തൻപീടിക ഇടവകയിൽ സ്ഥലകൈമാറ്റത്തിന് അനുവാദം (കല്പനനമ്പർ 1450/2014)
18. മണ്ണംപേട്ട ഇടവകയിൽ മദ്ബഹ നവീകരണത്തിന് അനുവാദം (കല്പനനമ്പർ 1459/2014)
19. പാവറട്ടി ഇടവകയിൽ കാക്കശ്ശേരി പള്ളിയോട് ചേർന്ന് സ്ഥലം വാങ്ങുന്നതിന് അനുവാദം (കല്പനനമ്പർ 1468/2014)
20. കൊട്ടേക്കാട് ഇടവകയിൽ കൈക്കാരന്മാരുടെ എണ്ണം നാലാക്കി വർദ്ധിപ്പിക്കുന്നതിന് അനുവാദം (കല്പനനമ്പർ 1471/2014)

21. വരടിയം ഇടവകയിൽ കൈക്കാരന്മാരുടെ എണ്ണം നാലാക്കി വർദ്ധിപ്പിക്കുന്നതിന് അനുവാദം (കല്പനനമ്പർ 1486/2014)
22. കുന്നംകുളം ഇടവകയിലെ പുതിയ പ്രതിനിധിയോഗാംഗങ്ങൾക്ക് അംഗീകാരം (കല്പനനമ്പർ 1506/2014)
23. മങ്ങാട് ഇടവകയിലെ പുതിയ പ്രതിനിധിയോഗാംഗത്തിന് അംഗീകാരം (കല്പനനമ്പർ 1537/2014)
24. എസ്. ഡി. വി. സന്യാസസമൂഹത്തിലെ വാഴ്ത്തപ്പെട്ട ജസ്റ്റിനച്ചന്റെ നൊവേനക്ക് അംഗീകാരം (കല്പനനമ്പർ 1540/2014)

**തെരട്ട്**

1. തൃശ്ശൂർ അതിരൂപത സോഷ്യൽ വെൽഫെയർ സെന്ററിന്റെ 2012-2013 വർഷത്തെ തെരട്ടിനു അംഗീകാരം (കല്പനനമ്പർ 1307/2014)
2. തൃശ്ശൂർ അതിരൂപത സോഷ്യൽ സെന്റർ ഹൗസിംഗിന്റെ 2012-2013 വർഷത്തെ തെരട്ടിനു അംഗീകാരം (കല്പനനമ്പർ 1308/2014)
3. തൃശ്ശൂർ അതിരൂപത 'സാന്ത്വന'ത്തിന്റെ 2012-2013 വർഷത്തെ തെരട്ടിനു അംഗീകാരം (കല്പനനമ്പർ 1309/2014)
4. തൃശ്ശൂർ അതിരൂപത സോഷ്യൽ ആക്ഷന്റെ 2012-2013 വർഷത്തെ തെരട്ടിനു അംഗീകാരം (കല്പനനമ്പർ 1310/2014)

**പ്രതിനിധിയോഗം**

1. മഡോണനഗർ ഇടവകയിലെ പുതിയ പ്രതിനിധിയോഗത്തിന് അംഗീകാരം (കല്പനനമ്പർ 1490/2014)

**12. പ്രത്യേക നിയമനങ്ങൾ**

**1. Thyagarajar Polytechnic Governing Council**

Nominated Members:
Rev. Fr. Geo Thekkiniyath
Rev. Fr. Varghese Kuthur
Sri. Thomas Mathew
Sri. R. C. George

**മാർ റാഫേൽ തട്ടിൽ**
തൃശ്ശൂർ അതിരൂപത സഹായമെത്രാൻ

**COMMISSION FOR**
**EVANGELIZATION AND PASTORAL CARE**
**OF THE MIGRANTS**

Approved Centers of Marriage Preparation Course
(Outside the Syro-Malabar Eparchies)

## OUTSIDE INDIA

**Austria**

Rev.Fr.Thomas Thandappilly CST
Pfarre Maria Lourdes, A-1120
Vienna, Tivoligasse20
Tel.004431874206

**United Kingdom**

Rev. Fr.Thomas Parayadyil MST
Co-ordinator
Our Lady of Lourdes Church
373Bowes Road, London N11 1AA.U.K.
Ph.044.2083683016, Cell:0044.7523100870
fr.coordinator@syromalabarchurchuk.org

**Rome**

Rev.Fr.Stephen Chirappanath
San Thom Pastoral Center
Via Torino 94, 00184,Roma.
Ph:06-4820028,Cell:003663124882
E-mail: stephenchirapanath@ gmail.com

**The Apostolic Vicariate of Northern Arabia**

M. Rev.Camillo Ballin MCCJ
Bishop's Office.P.O Box 26613003
Safat, Ph.9652242, 0275 Kuwait
Cell 9659411-9772

**The Apostolic Vicariate of Southern Arabia**

M. Rev. Paul Hinder OFM. Cap.
The Apostolic Vicariate of Southern Arabia
St. Joseph Cathedral P.O Box.54
Abu-Dhabi - U.A.E.
Ph.00971 24465177

**Ireland**

Fr. Antony Perumayan
125, Falls Road Belfast
Northern Ireland
Ph.0044.2890890954,Cell:044.7542236384
Email:aperumayan@gmail.com

**Saudi-Arabia**

1.Dammam, Kobar, Jubail (Fr. Andrews Maliekal)
2.Riyad (Fr. Sebastian Chamackala)
3.Jeddah (Fr. George Manthuruthil)

**Australia**

Fr.Francis Kolencherry
National Coordinator
55 F Fanklin St. Forrest, ACT2603Australia
Ph:61408267777
E-mail:smncoordinatora@gmail.com

## WITHIN INDIA

**Ahmadabad**

Rev. Fr. Kuriachan Paul
Episcopal Vicar for the Syro-Malabar Catholics Diocese of Ahmedabad
Bishop's House, Mirzapur
Ahmadabad 380 001
Cell: 09327004196

**Chennai**

Rev. Dr. Jose Palatty
St. Thomas Pastoral Centre
16, Ayanavaram Road,
Chennai-600 023
Ph.044-26443803

**Bangalore**

Fr. Mathew Koikara CMI
Coordinator, St. Mary's Church,
St. Mary's Nagar Bommanahalli
Banglore-560 068
Tel. No.080-41645560
Mob:09448953810

## കത്തോലിക്കാ കോൺഗ്രസ്സ് - തൃശ്ശൂർ

## (എ. കെ. സി. സി. - തൃശ്ശൂർ)

# സ്ഥാപന ഡിക്രി

**(കല്പന നമ്പർ 1660/2014; തിയതി 2014 ആഗസ്റ്റ് 12)**

സൂചന:

1. സർക്കുലർ 522/2014 C- 3 dated 15.02.2014.
2. കല്പന നമ്പർ 1112/2014 dated 23.05.2014

രണ്ടാം വത്തിക്കാൻ കൗൺസിലും (LG 31) സഭയുടെ കാനൻ നിയമവവും അത്മായരുടെ വിളിയെയും ദൗത്യത്തെയും പറ്റി വിശദമാക്കുന്നുണ്ട്. '*അത്മായർ ആദ്യമായി ദൈവരാജ്യം അന്വേഷിക്കേണ്ടത് തങ്ങളുടെ ദൈവവിളിയുടെ ഭാഗമായി ഭൗതികകാര്യങ്ങൾ ദൈവപദ്ധതിപ്രകാരം നിർവ്വഹിച്ചും ക്രമീകരിച്ചും കൊണ്ടാണ്. അതുകൊണ്ട് തങ്ങളുടെ സ്വകാര്യ-കുടുംബ-രാഷ്ട്രീയ-സാമൂഹികജീവിതത്തിൽ അവർ ക്രിസ്തുവിനു സാക്ഷ്യം വഹിക്കുകയും ക്രിസ്തുവിനെ മറ്റുള്ളവർക്കു വെളിപ്പെടുത്തുകയും സമൂഹത്തിൽ ന്യായമായ നിയമങ്ങൾക്കായി നിലകൊള്ളുകയും വിശ്വാസം, ശരണം, ഉപവി എന്നിവ പ്രസരിപ്പിച്ചുകൊണ്ട് ലോകത്തിന്റെ വിശുദ്ധീകരണത്തിനായി പുളിമാവുപോലെ പ്രവർത്തിക്കുകയും വേണം*'. (CCEO 401)

സഭാപ്രബോധനത്തിന്റെ ചൈതന്യത്തിൽ, സഭയുടെ അജപാലനപരമായ ദൗത്യത്തിൽ പങ്കുചേർന്നും തൃശ്ശൂർ അതിരൂപതയിലെ കത്തോലിക്കരുടെ മതപരവും, സാമൂഹ്യവും, സാമുദായികവും, സാംസ്ക്കാരികവും, സാമ്പത്തികവും, കാർഷികവും, രാഷ്ട്രീയവുമായ താല്പര്യങ്ങളുടെ പരിരക്ഷണത്തിനും സമുദായത്തിന്റെ സർവ്വതോന്മുഖമായ ഉത്കർഷത്തിനും സീറോ മലബാർ കത്തോലിക്ക സമുദായത്തിന്റെ പൊതുനന്മക്കും വേണ്ടി യത്നിക്കുന്നതിന് പൊതുവായ ഒരു അത്മായ സംഘടനയുടെ ആവശ്യകത വളരെ നാളുകളായി സ്പഷ്ടമായിരുന്നു.

അത്മായമുന്നേറ്റത്തിന് തൃശൂർ അതിരൂപത എന്നും ശ്രമിച്ചിട്ടുണ്ട്. ഈ ദിശയിലുള്ള സംഘടിതമായ അത്മായ പ്രവർത്തനം വിഭാവനം

ചെയ്ത ഭാഗ്യസ്മരണാർഹനായ നിധീരിക്കൽ മാണിക്കത്തനാരുടെ നിർദ്ദേശങ്ങൾക്കനുസരിച്ച് കേരള കത്തോലിക്കാ ക്രിസ്തീയ മഹാജനസഭ രൂപം കൊണ്ടശേഷം 1907നും 1917നുമിടയിൽ നടന്ന അത്മായ മഹാ സാമൂഹ്യ സമ്മേളനങ്ങളിൽ മൂന്നെണ്ണം അന്നത്തെ തൃശൂർ രൂപതയിൽ വച്ചായിരുന്നു. പിന്നീട് കേരള കത്തോലിക്കാമഹാജനസഭയായും അഖില കേരള കത്തോലിക്കാ കോൺഗ്രസായും പരിണമിച്ച ഈ പ്രസ്ഥാനം തൃശൂർ രൂപതയിൽ പ്രവർത്തിച്ചിരുന്നുവെങ്കിലും കാലാന്തരത്തിൽ ക്ഷയിക്കാനിടയായി. ഇതെത്തുടർന്നാണ് അഭിവന്ദ്യകുണ്ടുകുളം പിതാവിന്റെ കാലത്ത്, 1972ലെ വിദ്യാഭ്യാസ സമരത്തിനുശേഷം, കാത്തലിക് യൂണിയൻ, കെ. സി. വൈ. എം. എന്നീ പ്രസ്ഥാനങ്ങൾ തൃശ്ശൂർ അതിരൂപതയിൽ രൂപം കൊണ്ടത്. പിന്നീട് സഭയുടെ ശബ്ദവും ശക്തിയുമായി കാത്തലിക് യൂണിയൻ, കെ. സി. വൈ. എം. സംഘടനകൾ വർത്തിച്ചിട്ടുള്ളത് അഭിമാനത്തോടെ അനുസ്മരിക്കുന്നു.

സീറോമലബാർ സഭയുടെ ഇന്നത്തെ പശ്ചാത്തലത്തിൽ, അത്മായ പ്രേഷിതത്വം കുറേകൂടി ഏകോപിപ്പിക്കുന്നതിനും ശക്തമാക്കുന്നതിനും അൽമായ നേതൃത്വം കൂടുതൽ വളർത്തുന്നതിനും വേണ്ടി അഖിലകേരള കത്തോലിക്കാ കോൺഗ്രസ്സ് (AKCC) എന്ന സംഘടനയെ സർവ്വവിധ പ്രോൽസാഹനവും നൽകി സഭയുടെ ഔദ്യോഗിക സമുദായ സംഘടനയായി വളർത്തുന്നതിന് സീറോ മലബാർ സഭാസിനഡ് തീരുമാനിച്ചിരുന്നു. എല്ലാ രൂപതകളിലും AKCC എത്രയുംവേഗം പ്രവർത്തന സജ്ജമാകണമെന്നും സിനഡ് നിർദ്ദേശിച്ചിരുന്നു.

സിനഡിന്റെ തീരുമാനത്തിന്റെ പശ്ചാത്തലത്തിൽ തൃശ്ശൂർ അതിരൂപതയുടെ സാഹചര്യങ്ങൾ കണക്കിലെടുത്തുകൊണ്ട് പ്രവർത്തിക്കാവുന്ന തരത്തിൽ, കാത്തലിക് യൂണിയൻ സംഘടനയെ ലയിപ്പിച്ചുകൊണ്ട് അഖിലകേരള കത്തോലിക്കാ കോൺഗ്രസ്സിന്റെ (All Kerala Catholic Congress - AKCC) ചൈതന്യത്തിൽ, **കത്തോലിക്കാ കോൺഗ്രസ്സ് – തൃശ്ശൂർ (എ. കെ. സി. സി. – തൃശ്ശൂർ)** എന്നപേരിൽ പുതിയ സംഘടന സ്ഥാപിച്ച് പ്രവർത്തിക്കുന്നതാണ് ഉചിതമെന്ന് ഇതുസംബന്ധിച്ചു പല തലങ്ങളിൽ നടത്തിയ ചർച്ചകളിലൂടെ ബോധ്യം വരികയും ആയതിനായുള്ള ശ്രമങ്ങൾ ആരംഭിക്കുകയും ചെയ്തു (സൂചന 1). ഇതിന്റെ ഭാഗമായുള്ള പ്രാരംഭപ്രവർത്തനങ്ങൾക്കും നിയമാവലി രൂപപ്പെടുത്താനും ഒരു താത്ക്കാലികസമിതിയെ (*Ad-hoc* Committee) നിയമിച്ചിരുന്നു (സൂചന

2). ഇതെത്തുടർന്ന്, സീറോമലബാർ സഭയുടെ മേജർ ആർച്ച് ബിഷപ് കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി 2014 മെയ് 4ന് തൃശൂർ ടൗൺ ഹാളിൽവച്ച് എ. കെ. സി. സി.–തൃശ്ശൂരിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. മേൽ നടപടികളുടെ വെളിച്ചത്തിൽ വ്യക്തമായ ലക്ഷ്യത്തോടെയും കർമ്മ പദ്ധതിയോടെയും നിയമാവലിയോടെയും കത്തോലിക്കാ കോൺഗ്രസ്സ് തൃശ്ശൂർ (എ. കെ. സി. സി. – തൃശ്ശൂർ) എന്ന സംഘടന പ്രവർത്തനസ ജ്ജമായിട്ടുണ്ട്.

**ആയതിനാൽ കത്തോലിക്കാ കോൺഗ്രസ്സ് – തൃശ്ശൂർ (എ. കെ. സി. സി. – തൃശ്ശൂർ) എന്ന സംഘടന 2014 ആഗസ്റ്റ് 15ന്, പരിശുദ്ധ കന്യാകാമറിയത്തിന്റെ സ്വർഗാരോപണതിരുനാളും ഭാരതസ്വാതന്ത്ര്യ ദിനവും ആഘോഷിക്കുന്ന വേളയിൽ, ഔദ്യോഗികമായി നിലവിൽ വരുന്നതായി ഞാൻ ഈ ഡിക്രിവഴി നിശ്ചയിക്കുകയും ആയതിന്റെ നിയമാവലിക്ക് ഇതിനാൽ അംഗീകാരം നല്കുകയും ചെയ്യുന്നു. നിയ മാവലി പ്രകാരം 2014 ആഗസ്റ്റ് 15 മുതൽ അതിരൂപതയിൽ മുഴുവനും പ്രവർത്തിക്കുന്നതിന് ഈ സംഘടനയെ നിയോഗിക്കുകയും ചെയ്യു ന്നു.**

ഇതോടെ കാത്തലിക് യൂണിയൻ കത്തോലിക്കകോൺഗ്രസ്സിൽ ലയിച്ചുപ്രവർത്തിക്കും. എല്ലാ അംഗങ്ങളും എ. കെ. സി. സി. – തൃശ്ശൂരിന്റെ നിയമാവലിപ്രകാരം അംഗത്വം സ്വീകരിക്കേണ്ടതാണ്. കാത്തലിക് യൂണി യൻ പ്രസ്ഥാനത്തിന്റെ ഇടവകതലത്തിലും അതിരൂപതാതലത്തിലും നില വിലുള്ള സമിതികളുടെ രേഖകളും കണക്കുകളും സംഖ്യയും കത്തോലിക്കാ കോൺഗ്രസ്സ് തൃശ്ശൂർ (എ. കെ. സി. സി. – തൃശ്ശൂർ) ഘടക ത്തിന് കൈമാറുന്നതിന് 2014 സെപ്തംബർ 30നുമുമ്പ് ബന്ധപ്പെട്ട ഇടവ കവികാരിയെ/വികാരിജനറാളിനെ ഏല്പിക്കേണ്ടതാണ്.

തൃശ്ശൂർ അതിരൂപതയിലെ സീറോമലബാർ സഭാംഗങ്ങളുടെ സമുദായ സംഘടന യായി പ്രവർത്തിക്കുന്ന എ. കെ. സി. സി. – തൃശ്ശൂർ സമുദായത്തിനും പൊതുസമൂഹ ത്തിനും വേണ്ടി പുളിമാവായും ചാലകശക്തിയായും പ്രവർത്തിക്കേണ്ടതാണ്. സമുദായ സംഘടന എന്ന നിലയിൽ സീറോ മലബാർ സഭയുടെ പൊതുവേദിയായി അറിയപ്പെടുന്ന **അഖിലകേരള കത്തോലിക്ക കോൺഗ്രസ്സു** (AKCC) മായി **കത്തോലിക്കാ കോൺഗ്രസ്സ് – തൃശ്ശൂർ (എ. കെ. സി. സി. – തൃശ്ശൂർ)** അഫിലിയേറ്റ് ചെയ്ത് പ്രവർത്തിക്കുന്നതാണ്.

സഭയുടെയും സമൂഹത്തിന്റെയും പൊതുനന്മയ്ക്ക് വേണ്ടി ശബ്ദിക്കാനും നേതൃത്വം വഹിക്കാനും ആവശ്യമായ ചലനങ്ങൾ സൃഷ്ടിക്കുവാനും ഈ പ്രസ്ഥാനത്തിന് കഴിയണം. അതിനായി എല്ലാ ഇടവകകളിലും യൂണിറ്റുകൾ ഉണ്ടാകണം. ഓരോ ഇടവകയിലും 18 വയസ്സു കഴിഞ്ഞ സാധിക്കുന്ന എല്ലാവരും ഇതിൽ അംഗങ്ങളാകണം. ഇടവകയിലെ കൈക്കാരന്മാർ, പ്രതിനിധിയോഗാംഗങ്ങൾ, മതബോധന അധ്യാപകർ, കുടുംബകൂട്ടായ്മ ഭാരവാഹികൾ, പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ തുടങ്ങിയവരേയും വിവിധ ഫോറങ്ങൾക്കും വേദികൾക്കും നേതൃത്വം കൊടുക്കുവാൻ കഴിവുള്ളവരേയും ഈ സംഘടനയിലെ അംഗങ്ങളാക്കുന്നത് ഉചിതമാണ്. ഇടവകയിൽ പൊതുവായും തദ്ദേശസ്വയംഭരണ തലങ്ങളിലും, പ്രത്യേകിച്ച്, വാർഡ്, പഞ്ചായത്ത്, കോർപ്പറേഷൻ മേഖലകളിൽ, ശക്തമായി എ. കെ. സി. സി. – തൃശ്ശൂർ പ്രവർത്തിക്കണം. മാധ്യമം, സാഹിത്യം, കല, കാർഷിക രംഗം, ഗവേഷണം തുടങ്ങിയ മേഖലകളിലും വിദഗ്ദരായവരെ കണ്ടുപിടിച്ച് പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. പരി. പിതാവ് ഫ്രാൻസിസ് പാപ്പയും ബനഡികട് പതിനാറാമൻ പാപ്പയും പറയുന്നതുപോലെ പൊതുനന്മയ്ക്കു വേണ്ടി പ്രവർത്തിക്കുന്ന സഭയുടെ പൊതുപ്രവർത്തകരാകുവാൻ സംഘടനാംഗങ്ങൾ പരിശ്രമിക്കണം.

സംഘടനയുടെ ദൗത്യനിർവഹണത്തിനു **പെ. ബഹു. വികാരി ജനറാൾ മോൺ. ജോർജ്ജ് കോമ്പാറയെ ആർച്ച്ബിഷപ്പിന്റെ ഡെലഗേറ്റ് ആയും ബഹു. ജിയോ കടവി അച്ചനെ അതിരൂപതാ ഡയറക്ടറായും** നിയമിച്ചിരിക്കുന്നു. മറ്റു ഭാരവാഹികൾ നിയമാവലി പ്രകാരം ഉത്തരവാദിത്വമേല്ക്കുന്നതാണ്. എ. കെ. സി. സി. – തൃശ്ശൂരിന്റെ നിയമാവലി പ്രകാരമുള്ള ഇടവക, ഫൊറോന, അതിരൂപതാതല സമിതികൾ 2014 ഡിസംബർ 31ന് മുമ്പ് രൂപീകരിച്ച് പ്രവർത്തനക്ഷമമാക്കുന്നതിന് നിലവിലുള്ള അഡ്–ഹോക് കമ്മറ്റി നേതൃത്വം കൊടുക്കണം. പ്രസ്തുത തീയതിക്കു മുമ്പ് പുതിയ രൂപതാതല നേതൃത്വത്തിന് ഉത്തരവാദിത്വങ്ങൾ അഡ്–ഹോക് കമ്മറ്റി കൈമാറുകയും വേണം. എ. കെ. സി. സി. – തൃശ്ശൂരിന്റെ രൂപീകരണത്തിന് കാര്യക്ഷമമായി പ്രവർത്തിച്ച അഡ്–ഹോക് കമ്മറ്റിക്ക് പ്രത്യേകം നന്ദി പറയുന്നു.

അതിരൂപതയിലെ എല്ലാ ഇടവകകളിലും പ്രസ്തുത എ. കെ. സി. സി. – തൃശ്ശൂരിന്റെ ഘടകങ്ങൾ സ്ഥാപിക്കുന്നതിനും വളർത്തുന്നതിനും ബഹു. വികാരിമാരോട് അഭ്യർത്ഥിക്കുന്നു. വത്തിക്കാൻ സൂന

ഹദോസ് ആഹ്വാനം ചെയ്തതുപോലെ ഭൗതിക മണ്ഡലത്തിന്റെ ക്രൈസ്തവവൽക്കരണമെന്ന അത്മായന്റെ പ്രത്യേക സിദ്ധി പ്രാവർത്തികമാക്കാൻ മുന്നോട്ട് വരുന്നതിനും സഭയോടൊത്ത് ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്തുകൊണ്ട് എ. കെ. സി. സി. - തൃശ്ശൂരിൽ അംഗങ്ങളായി ചേർന്ന് സമുദായത്തിനും സമൂഹത്തിനുംവേണ്ടി നിലകൊള്ളാനും അതിരൂപതാംഗങ്ങളേവരോടും ഞാൻ ആഹ്വാനം ചെയ്യുന്നു.

നമ്മുടെ അതിരൂപതയുടെ മധ്യസ്ഥയായ പരി. അമ്മയുടെയും വിശ്വാസത്തിന്റെ പിതാവായ ധീരരക്തസാക്ഷി മാർത്തോമ ശ്ലീഹായുടെയും മാധ്യസ്ഥത്തിന് കത്തോലിക്ക കോൺഗ്രസ് തൃശൂരിനെ സമർപ്പിക്കുകയും ചെയ്യുന്നു.

അതിരൂപതാകാര്യാലയത്തിൽ നിന്ന് 2014 ആഗസ്റ്റ് 12ന്

നൽകപ്പെടുന്നത്

+ Andrews Thazhath

**മാർ ആൻഡ്രൂസ് താഴത്ത്**

തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

ഫാ. റാഫേൽ ആക്കാമറ്റത്തിൽ

ചാൻസലർ




# മെത്രാപ്പോലീത്തായുടെ പരിപാടികൾ

| DATE | DAY | TIME | PROGRAMME |
|---|---|---|---|
| 01 | Mon | Morning | Diaconate Ordination, *Kuttor* |
| 02 | Tue | Morning | Engaged |
| | | Afternoon | CSN Convent Blessing, *Kiraloor* |
| 03 | Wed | | Engaged |
| 04 | Thu | Morning | For the People |
| | | Evening | Finance Council |
| 05 | Fri | Morning | Holy Mass, *Minor Seminary* |
| 06 | Sat | Morning | Holy Mass at Holy Trinity Convent, *Kolazhy* |
| 07 | Sun | | Pastoral Visit |
| 08 | Mon | Morning | Engaged |
| | | Evening | Kappela Blessing, *Sarithapuram* |
| 09 | Tue | Morning | Holy Mass, *Angamaly* |
| | | Evening | Holy Mass, *Peter Claver Convent* |
| 10 | Wed | Morning | Holy Mass, *Marymatha* |
| | | Morning | For Religious |
| | | Evening | Trust Meeting, *JMMC* |
| 11 | Thu | Morning | Engaged |
| | | Afternoon | Vaidika Samithi |
| 12 | Fri | | Prayer Day |

| | | | |
|---|---|---|---|
| 13 | Sat | Morning | Pastoral Council |
| | | Evening | Viswasolsav Samapanam, *Palayur* |
| 14 | Sun | | Pastoral Visit, *Elanadu* |
| 15 | Mon | Morning | Holy Mass, *Basilica* |
| | | Afternoon | Kudumbakootayma Meeting, *Family Apostolate* |
| 16 | Tue | Morning | For Priests and Religious |
| 17 | Wed | Morning | Holy Mass and Class, *Gurukulam* |
| 18 | Thu | Morning | For the People |
| | | Evening | Viswasolsavu, *Arimpur* |
| 20 | Sat | Morning | Engaged |
| | | Afternoon | First Profession of FSC Congregation, *Pallissery* |
| | | Evening | Viswasolsav, *Kuttamkulam* |
| 21 | Sun | Morning | Pastoral Visit, *Kiraloor* |
| | | Evening | Annual Retreat (1st Batch) for Priests Begins |
| 22-26 | | | Annual Retreat |
| 27 | Sat | Morning | Holy Mass and Baptism, *Aranattukara* |
| 28 | Sun | Morning | Pastoral Visit |
| | | Evening | Annual Retreat (2nd Batch) for Priests Begins |
| 29-30 | | | Annual Retreat |



# സഹായമെത്രാന്റെ പരിപാടികൾ

## Sept. 2014



| DATE | DAY | TIME | PROGRAMME |
|---|---|---|---|
| 1 | MON | | Engaged- St.Thomas College |
| 2 | TUE | Morning | Engaged |
| | | Evening | PTA-Meeting St.Thomas College |
| 3 | WED | | Holy Mass-Thumboor |
| 4 | THU | | Engaged |
| 5 | FRI | Morning | Examination – Marymatha Major Seminary |
| | | Evening | Nagapuzha |
| 6-7 | | | Engaged |
| 8 | MON | Morning | Holy Mass-Basilica |
| | | Evening | *Puthri Sangamum*-Pudukad |
| | | | Annual Day- Amala Nagar Nellankara |
| 9 | TUE | | Engaged |
| 10 | WED | Evening | *Vishwasolsav*- Palayur |
| 11 | THU | Evening | Priests' Senate *Vishwasolsav* - Paluvai |
| 12 | FRI | | Koinonia- Charismatic Gathering -Ernamkulam |
| 13 | SAT | Morning | Pastoral Council |
| | | Evening | Rehabilitation Centre Blessing-CHF Vadookara |
| 14 | SUN | Morning | *Vishwasolsav* - Pattikad |
| | | Evening | Chittattukara |
| 15-20 | | | Priests' Retreat- Belthangady |
| 21-25 | | | Apostolic Visitation-Bhopal |
| 26 | FRI | | Concluding Ceremony of Priests' Retreat |
| | | | Marymatha Major Seminary |
| 27 | SAT | | HolyMass -Chiyyaram Vijayamatha |
| 28-29 | | | Engaged |
| 30 | TUE | | Apostolic Visitation-Banglore |

# നാളാഗമം

**ജൂലൈ 2014**

1. അഭിവന്ദ്യ താഴത്ത് പിതാവ് സി. ബി. സി. ഐ. യോഗത്തിൽ പങ്കെടുക്കുന്നതിനായി ബാംഗ്ലൂരിലേക്ക് പോയി.
2. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ സന്യാസിനിമാരുടെ സുപ്പീരിയർമാരുടെ യോഗത്തിൽ പങ്കെടുത്തു.
3. അഭിവന്ദ്യ താഴത്ത് പിതാവ് പാലയൂരിൽ വി. ബലിയർപ്പിക്കുകയും ഗ്രോട്ടോയുടെ ആശീർവാദകർമ്മം നിർവഹിക്കുകയും ചെയ്തു. ഉച്ചക്കുശേഷം പേരാമംഗലം കെ. സി. വൈ. എം. - കാത്തലിക് യൂണിയന്ഡറെ സിൽവർ ജൂബിലി സമാപനസമ്മേളനത്തിലും എ. കെ. സി. സി. യുടെ ഉദ്ഘാടനയോഗത്തിലും പങ്കെടുത്തു. അതിനുശേഷം മഡോണനഗർ മൈനർ സെമിനാരിയിൽ നടന്ന എക്യുമെനിക്കൽ മീറ്റിംഗിൽ പങ്കെടുത്തു.
5. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ ആർത്താറ്റ് സി. ബി. എസ്. ഇ. സ്കൂളിലെ യോഗത്തിൽ പങ്കെടുത്തു. വൈകിട്ട് ആർച്ച്ബിഷപ്സ് ഹൗസിൽ നടന്ന യോഗത്തിൽ എ. കെ. സി. സി. യുടെ നിയമാവലി പ്രകാശനം ചെയ്തു.
6. അഭിവന്ദ്യ താഴത്ത് പിതാവ് ചോറ്റുപാറ ഇടവകയിൽ ഇടയസന്ദർശനം നടത്തി.
7. അഭിവന്ദ്യ താഴത്ത് പിതാവ് പാലാരിവട്ടം പി. ഒ. സി. യിൽ നടന്ന യോഗത്തിൽ സംബന്ധിച്ചു.
8. അഭിവന്ദ്യ താഴത്ത് പിതാവ് ചേർപ്പ് ഇടവകയിൽ ഇടയസന്ദർശനം നടത്തി.

9-10 അഭിവന്ദ്യ താഴത്ത് പിതാവ് ആലുവ സെമിനാരി കമ്മീഷൻ വിസിറ്റിൽ പങ്കെടുത്തു.

11. അഭിവന്ദ്യ താഴത്ത് പിതാവ് ഉച്ചക്കുശേഷം ഡി. ബി. സി. എൽ. സി. യിൽ നടന്ന കോർപ്പറേറ്റ് എജുക്കേഷണൽ ഏജൻസിയുടെ അവാർഡ് ഡേയിൽ പങ്കെടുത്തു. വൈകിട്ട് ചേമ്പർ ഓഫ് കോമേഴ്സ് സംഘടിപ്പിച്ച ഇഫ്താർ വിരുന്നിൽ പങ്കെടുത്തു.

12. അഭിവന്ദ്യ താഴത്ത് പിതാവ് പുതുക്കാട് ഇടവകയിൽ ഡീ. ഡാനി കുറ്റിക്കാടന് തിരുപട്ടം നൽകി. ഉച്ചക്കുശേഷം ആർച്ച്ബിഷപ്സ് ഹൗസിൽ നടന്ന മീഡിയ & പി. ആർ. ഒ. മാരുടെ പ്രതിനിധികളുടെ യോഗത്തിൽ പങ്കെടുത്തു. വൈകിട്ട് ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ട്രസ്റ്റ് മീറ്റിംഗിൽ പങ്കെടുത്തു.

13. അഭിവന്ദ്യ താഴത്ത് പിതാവ് മച്ചാട് ഇടവകയിൽ ഇടയസന്ദർശനം നടത്തി.

15. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ മുതൽ ഉച്ചവരെ ജനങ്ങളെ കാണുന്നതിനായി സമയം മാറ്റി വച്ചു.

16. അഭിവന്ദ്യ താഴത്ത് പിതാവ് എറണാകുളത്തു വച്ചു നടന്ന സ്ഥിരം സിനഡിൽ പങ്കെടുത്തു.

18. അഭിവന്ദ്യ താഴത്ത് പിതാവ് വേലൂർ FATRIയിൽ വി. ബലിയർപ്പിച്ചു.

20. അഭിവന്ദ്യ താഴത്ത് പിതാവ് ചിയ്യാരം വിജയമാത പള്ളിയിൽ നടന്ന അതിരൂപത യുവജനദിനാഘോഷങ്ങളിൽ പങ്കെടുത്തു.

21. അഭിവന്ദ്യ താഴത്ത് പിതാവ് എറണാകുളത്തു വച്ചു നടന്ന INTER CHURCH COUNCIL-ൽ പങ്കെടുത്തു.

22. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ ഫൊറോന വികാരിമാരുടെ യോഗത്തിലും ഉച്ചക്കുശേഷം സംഘടനാഡയറക്ടർമാരുടെ യോഗത്തിലും പങ്കെടുത്തു.

23. അഭിവന്ദ്യ താഴത്ത് പിതാവ് കൺകറന്റ് ഓഡിറ്റേഴ്സുമായുള്ള യോഗത്തിൽ പങ്കെടുത്തു. വൈകിട്ട് തൃശ്ശൂർ കോർപ്പറേഷൻ സംഘടിപ്പിച്ച ഇഫ്താർ വിരുന്നിൽ സംബന്ധിച്ചു.

24. അഭിവന്ദ്യ താഴത്ത് പിതാവ് വിദ്യാഭ്യാസസ്ഥാപന ഡയറക്ടർമാരുടെ യോഗത്തിൽ പങ്കെടുത്തു. വൈകിട്ട് തൃശ്ശൂർ സെന്റ് ആൻസ് ഇടവകയിൽ നടന്ന ബൈബിൾ കൺവെൻഷനിൽ സമാപനസന്ദേശം നൽകി.

25. അഭിവന്ദ്യ താഴത്ത് പിതാവ് വൈകിട്ട് ഹോളി ഫാമിലി ജനറലേറ്റിൽ വി. ബലിയർപ്പിച്ചു.

26. അഭിവന്ദ്യ താഴത്ത് പിതാവ് ലൂർദ്ദ് കത്തീഡ്രലിൽ അഞ്ചിലധികം കുട്ടികളുള്ള കുടുംബത്തിലെ നവജാതശിശുക്കൾക്ക് മാമ്മോദീസ നൽകി. അതിനുശേഷം ലാലൂർ ഹോളിട്രിനിറ്റി ആശ്രമത്തിൽ മൂന്ന് വൈദികവിദ്യാർത്ഥികൾക്ക് ഡീക്കൻപട്ടം നൽകി. ഉച്ചക്കുശേഷം

ഫാമിലി അപ്പസ്തോലേറ്റിൽ നടന്ന കുടുംബകൂട്ടായ്മ കൺവീനേഴ്സിന്റെ യോഗത്തിൽ പങ്കെടുത്തു.

27. അഭിവന്ദ്യ താഴത്ത് പിതാവ് പുത്തൂർ ഇടവകയിൽ നടന്ന അതിരൂപത സി. എൽ. സി. ദിനത്തിൽ പങ്കെടുത്തു. അതിനുശേഷം ക്രിസ്റ്റീന ഹോം ഡേ ആഘോഷങ്ങളിൽ പങ്കെടുത്തു.

28. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ 'സാന്ത്വന' ത്തിന്റെ ആഭിമുഖ്യത്തിൽ കുരിയച്ചിറ സെന്റ് ജോസഫ്സ് സ്കൂളിൽ വച്ചു നടന്ന ചിത്രരചന മത്സരവിജയികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു. ഉച്ചക്കുശേഷം സാമൂഹ്യസ്ഥാപന ഡയറക്ടർമാരുടെ യോഗത്തിൽ സംബന്ധിച്ചു. വൈകിട്ട് പുല്ലഴി സെന്റ് ജോസഫ്സ് മെന്റൽ ഹോമിൽ വി. അൽഫോൻസമ്മയുടെ തിരുനാളാഘോഷങ്ങളിൽ പങ്കെടുത്തു.

29. അഭിവന്ദ്യ താഴത്ത് പിതാവ് സ്ഥാപനഡയറക്ടർമാരുടെ യോഗത്തിൽ സംബന്ധിച്ചു. വൈകിട്ട് സെന്റ് മർത്താ സന്യാസിനീസമൂഹത്തിന്റെ പ്രോവിൻഷ്യൽ ഹൗസിൽ വി. ബലിയർപ്പിച്ചു.

30. അഭിവന്ദ്യ താഴത്ത് പിതാവ് മുല്ലശ്ശേരി ഇടവകയിലുള്ള കുടുംബത്തിലെ അഞ്ചാമത്തെ കുഞ്ഞിന്റെ മാമ്മോദീസ നൽകി. വൈകിട്ട് ആർച്ച്ബിഷപ്സ് ഹൗസിൽ ടീച്ചേഴ്സ് ഗിൽഡിന്റെ ട്രോഫികൾ വിതരണം ചെയ്തു.

31. അഭിവന്ദ്യ താഴത്ത് പിതാവ് മഡോണനഗർ മൈനർ സെമിനാരിയിൽ നടന്ന വൈദികരുടെ ഏകദിന സമ്മേളനത്തിലും വിയാനി ഡേ ആഘോഷങ്ങളിലും പങ്കെടുത്തു.

# പാസ്റ്ററൽ കൗൺസിൽ

## പാസ്റ്ററൽ കൗൺസിൽ യോഗം - ക്ഷണക്കത്ത്

ബഹുമാന്യരായ പാസ്റ്ററൽ കൗൺസിൽ അംഗങ്ങളേ,

16-ാം പാസ്റ്ററൽ കൗൺസിലിന്റെ മൂന്നാം യോഗം **2014 സെപ്തംബർ 13 ശനിയാഴ്ച രാവിലെ 9:30 മുതൽ ഉച്ചകഴിഞ്ഞ് 2 വരെ ഡി. ബി. സി. എൽ. സി** യിൽ വച്ചായിരിക്കും. എല്ലാ അംഗങ്ങളെയും യോഗത്തിലേക്ക് ക്ഷണിക്കുന്നു.

അടുത്ത സമ്മേളനത്തിലെ ചർച്ചാവിഷയം 'സമർപ്പിതർ' (വൈദികർ & സന്യസ്തർ) ആണ്. ചർച്ചകൾക്ക് സഹായകമായി താഴെ പറയുന്നവയെ കുറിച്ച് വിചിന്തനം നടത്തുമല്ലോ.

1. സഭാജീവിതത്തിൽ സമർപ്പിതർക്കുള്ള പങ്കും പ്രസക്തിയും
2. സമർപ്പിതജീവിതസാക്ഷ്യവും നവസുവിശേഷവത്കരണവും
3. ഇടവക - അതിരൂപതാതലങ്ങളിൽ സമർപ്പിതരും അത്മായരും തമ്മിലുള്ള ബന്ധം
4. അതിരൂപതയിൽ ശുശ്രൂഷ ചെയ്യുന്ന വിവിധ സന്യാസസമൂഹങ്ങളുടെ തനതായ സിദ്ധികളുടെ പ്രോത്സാഹനവും സഭാഗാത്രത്തെ പടുത്തുയർത്തുന്നതിലുള്ള ഏകോപനവും
5. ഇന്നത്തെ സമൂഹത്തിൽ സമർപ്പിതരുടെ പ്രത്യേക ശ്രദ്ധയും പ്രവർത്തനങ്ങളും കൂടുതൽ ആവശ്യമായ മേഖലകൾ
6. സമർപ്പിതർ നേരിടുന്ന വെല്ലുവിളികളും പ്രതിസന്ധികളും & സമർപ്പിതരോടുള്ള കരുതലും പിന്തുണയും
7. വൈദിക, സന്യാസ ദൈവവിളികളുടെ പ്രോത്സാഹനം

# പതിനാറാം പാസ്റ്ററൽ കൗൺസിലിന്റെ രണ്ടാം സമ്മേളന റിപ്പോർട്ട്

16-ാം പാസ്റ്ററൽ കൗൺസിലിന്റെ രണ്ടാമത്തെ യോഗം 2014 ജൂൺ 14ന് ശനിയാഴ്ച ഡി. ബി. സി. എൽ. സി. യിൽ കൂടി. രാവിലെ 9:30ന് രജിസ്ട്രേഷൻ ആരംഭിച്ചു. രാവിലെ 9:55ന് ജനറൽ സെക്രട്ടറി ഫാ. റാഫേൽ ആക്കാമറ്റത്തിൽ അംഗങ്ങളോട് യോഗനടപടികൾ വിശദീകരിച്ചു. തുടർന്ന് 10ന് ഡോ. ഡെയ്സൻ പാണേങ്ങാടൻ നയിച്ച പ്രാർത്ഥനയോടെ, ആർച്ച്ബിഷപ് മാർ ആൻഡ്രൂസ് താഴത്ത് പിതാവിൻെറ അധ്യക്ഷതയിൽ യോഗം ആരംഭിച്ചു. കുടുംബത്തെ പ്രത്യേക ചർച്ചാവിഷയമായി എടുത്തിരിക്കുന്ന ഈ യോഗ നടപടികൾ മാതൃകാ കുടുംബങ്ങൾക്ക് വഴികാട്ടിയാകട്ടെ എന്ന ആശംസ യോടെ വികാരി ജനറാൾ മോൺ. ജോർജ്ജ് എടക്കുളത്തൂർ ഏവർക്കും സ്വാഗതം നേർന്നു. അജണ്ട കമ്മറ്റിയംഗം പ്രൊഫ. എലിസബത്ത് മാത്യു അവതരിപ്പിച്ച മുൻയോഗറിപ്പോർട്ട് പാസ്സാക്കി.

റിപ്പോർട്ടിനുശേഷം വിഷയാവതരണമായിരുന്നു. 2014 ഒക്ടോബറിൽ റോമിൽ നടക്കുന്ന മെത്രാന്മാരുടെ പ്രത്യേക സിനഡിന് വിഷയമായ 'കുടുംബം' എന്ന വിഷയം പാസ്റ്ററൽ കൗൺസിൽ ചർച്ചചെയ്യുന്നവിധത്തെക്കുറിച്ച് ജനറൽ സെക്രട്ടറി വിശദീകരിച്ചു. ചർച്ചകളുടെ സംഗ്രഹം തുടർചർച്ചകൾക്കായി ഇടവകകളിലേക്ക് അയയ്ക്കുമെന്നും എല്ലാവരും കാര്യക്ഷമമായി ചർച്ചയിൽ പങ്കെടുക്കണമെന്നും അദ്ദേഹം അറിയിച്ചു. ചർച്ചകളുടെ മോഡറേറ്ററായി ബഹു. എം. എം. ബി. പ്രോവിൻഷ്യൽ ബ്ര. ജോസ് ചുങ്കത്തിനെ അദ്ദേഹം വേദിയിലേക്ക് ക്ഷണിച്ചു. മോഡറേറ്ററുടെ അധ്യക്ഷതയിൽ ചർച്ചകൾ മുന്നേറി. കുടുംബങ്ങളുടെ സുസ്ഥിതിയെ സ്വാധീനിക്കുന്ന വിവിധ ഘടകങ്ങളെ കുറിച്ച് 5 പേർ വിഷയാവതരണം നടത്തി. കുടുംബങ്ങളിൽ ജീവന്റെ സമൃദ്ധി എപ്രകാരം അനിവാര്യമാണെന്ന് ശ്രീ. ജെയിംസ് ആഴ്ചങ്ങാടൻ വിശദീകരിച്ചു. മാതാപിതാക്കന്മാരും മക്കളും തമ്മിലുള്ള ബന്ധത്തെ കുറിച്ച് ശ്രീമതി നീമ ഡേവിസ് വ്യക്തമാക്കി. കുടുംബപ്രാർത്ഥനയും കുടുംബലിറ്റർജിയും എന്ന വിഷയം ശ്രീ. പി. ഐ. ലാസർ മാസ്റ്റർ അവതരിപ്പിച്ചു. കുടുംബങ്ങളിൽ സമർപ്പിതരുടെ സാന്നിധ്യവും ഇടപെടലും, പ്രത്യേകിച്ച് ബഹു. സന്യസ്തർ നടത്തുന്ന ഹോം മിഷനിലൂടെ, എപ്രകാരം സത്ഫല

ങ്ങൾ പുറപ്പെടുവിക്കുന്നുവെന്ന് ബഹു. സി. നീമ ഗ്രേസ് സി. എച്ച്. എഫ്. ചൂണ്ടികാട്ടി. ഇടവകയിലെ കുടുംബകൂട്ടായ്മകൾ ഇടപെടേണ്ട അവസര ങ്ങളെ കുറിച്ച് അഡ്വ. ബിജു കുണ്ടുകുളം സംസാരിച്ചു. 11 മണിക്ക് ചായയ്ക്കുള്ള ഇടവേളക്കുശേഷം യോഗം പുനഃരാരംഭിച്ചപ്പോൾ ചർച്ചാവി ഷയത്തെ അധികരിച്ച് അംഗങ്ങൾ അഭിപ്രായങ്ങളും ഉൾക്കാഴ്ചകളും നിർദ്ദേ ശങ്ങളും പങ്കുവച്ചു. 12 മണിക്ക് മോഡറേറ്റർ ചർച്ച സമാഹരിച്ചു. തുടർന്ന് ചോദ്യോത്തരവേളയായിരുന്നു. അംഗങ്ങൾ പ്രകാശിപ്പിച്ച അഭിപ്രായങ്ങൾക്കും നിർദ്ദേശങ്ങൾക്കും സംശയങ്ങൾക്കും അഭിവന്ദ്യ മെത്രാപ്പോലീത്ത മറുപടി നൽകി. കുടുംബം എന്ന വിഷയത്തെ കുറിച്ച് ആത്മാർത്ഥവും ഫലപ്രദവു മായ ചർച്ചകൾ നടത്തുകയും അഭിപ്രായങ്ങൾ മുന്നോട്ടു വയ്ക്കുകയും ചെയ്ത അംഗങ്ങളെ അഭിവന്ദ്യ പിതാവ് അഭിനന്ദിക്കുകയും യോഗനടത്തി പ്പിൽ വലിയ സന്തുഷ്ടി അറിയിക്കുകയും ചെയ്തു. ചർച്ചയുടെ സംഗ്രഹം തുടർചർച്ചകൾക്കായി നിർബന്ധമായും നൽകണമെന്ന് പിതാവ് ആവശ്യ പ്പെട്ടു. റോമാ സന്ദർശനത്തിലായിരിക്കുന്ന അഭിവന്ദ്യ റാഫേൽ തട്ടിൽ പിതാ വിന്റെ സ്നേഹാന്വേഷണങ്ങളും ആശംസകളും താഴത്ത് പിതാവ് യോഗത്തെ അറിയിച്ചു. അതിരൂപതയുടെ പൊതുവായ അറിയിപ്പുകളും നടത്തി. അടുത്ത യോഗം സെപ്തംബർ മാസം 13ന് ശനിയാഴ്ച ആയിരിക്കുമെന്നും എല്ലാ വരും യോഗത്തിൽ പങ്കെടുക്കണമെന്നും പിതാവ് അഭ്യർത്ഥിച്ചു. സംസ്ഥാ നത്ത് നാനൂറിലധികം ബാറുകൾ അടച്ചുപൂട്ടിയതിനെ തുടർന്നുണ്ടായ മദ്യ ഉപഭോഗത്തിന്റെ കുറവിനെയും സാമൂഹ്യമാറ്റത്തെയും സ്വാഗതം ചെയ്തും മദ്യത്തിന്റെ ലഭ്യത കുറയ്ക്കാൻ ആവശ്യപ്പെട്ടും വിദ്യാലയങ്ങളുമായി ബന്ധ പ്പെട്ട് മയക്കുമരുന്ന് വിപണനം വ്യാപിക്കുന്നതിനെതിരെയും ശ്രീ. ജോഷി വടക്കൻ അവതരിപ്പിച്ച പ്രമേയം യോഗം ഏകകണ്ഠേന പാസ്സാക്കി. അതി രൂപതാദിനത്തിൽ ജൂബിലി മിഷൻ ആശുപത്രിയിൽ നടത്തിയ ഡയാലിസിസ് സ്പോൺസർ ചെയ്യുന്നതിന് സംഭാവന നൽകിയ യോഗാംഗങ്ങളെ മെത്രാ പ്പോലീത്ത അഭിനന്ദിച്ചു. ഈ സത്കർമ്മത്തിന് കൂടുതൽ പേർ മുന്നോട്ടു വരണമെന്ന് സെക്രട്ടറി അഭ്യർത്ഥിച്ചു. അജണ്ട കമ്മറ്റിയംഗം ശ്രീ. എൻ. പി. ജാക്സൻ മാസ്റ്റർ യോഗാംഗങ്ങൾക്ക് നന്ദി പറയുകയും സമാപന പ്രാർത്ഥന നയിക്കുകയും ചെയ്തു. ഉച്ചതിരിഞ്ഞ് 1:20ന് യോഗം സമാപിച്ച് എല്ലാവരും ഉച്ചഭക്ഷണത്തിൽ പങ്കുചേർന്നു.

## ‘കുടുംബം’
## പതിനാറാം പാസ്റ്ററൽ കൗൺസിൽ വിഷയം തുടർചർച്ചയ്ക്ക്

2014 ഒക്ടോബറിൽ റോമിൽ നടക്കുന്ന മെത്രാന്മാരുടെ പ്രത്യേക സിനഡ് പരിഗണിക്കുന്ന ‘കുടുംബം’ എന്ന വിഷയത്തെ കുറിച്ച് 16-ാം പാസ്റ്ററൽ കൗൺസിലിന്റെ രണ്ടാം യോഗം 2014 ജൂൺ 14ന് ചർച്ച ചെയ്തു. യോഗത്തിൽ ഉരുത്തിരിഞ്ഞ ആശയങ്ങളും നിർദ്ദേശങ്ങളും അതിരൂപതയിലെ വിവിധ തലങ്ങളിൽ ചർച്ച ചെയ്യുന്നതിനും പ്രാവർത്തികമാക്കുന്നതിനും താഴെ കൊടുക്കുന്നു.

**1. കുടുംബബന്ധങ്ങൾ**

കുടുംബ ബന്ധങ്ങളിലെ ശൈഥില്യമാണ് എല്ലാ സാമൂഹികപ്രശ്നങ്ങൾക്കും അടിസ്ഥാനം. മാതാപിതാക്കന്മാർ ദൈവത്തോടു കാട്ടുന്ന അവിശ്വസ്തതയും അവഗണനയും പാപബോധമില്ലായ്മയും മക്കളിലും പ്രതിഫലിക്കുന്നു. മാതാപിതാക്കന്മാരുടെ തിരക്കും ദാമ്പത്യപ്രശ്നങ്ങളും കുടുംബത്തിൽത്തന്നെ ഒറ്റപ്പെടുന്ന മക്കളെ സൃഷ്ടിക്കുന്നു. ഏകാന്തതയും വിരസതയും കാതലായ പ്രശ്നങ്ങൾ ഉണ്ടാക്കുന്നു. കുടുംബങ്ങളിലെ ഒറ്റപ്പെടൽ വ്യക്തിയെ ടെലവിഷൻ, കമ്പ്യൂട്ടർ, ഇന്റർനെറ്റ്, എന്നിവയുടെ മാസ്മരിക സ്വാധീനങ്ങൾക്ക് അടിമയാകുന്നു.

- ♦ പരി. ത്രിത്വത്തിന്റെ ചൈതന്യത്തിലും ശൈലിയിലും ഐക്യവും പരസ്പരധാരണയും കൂട്ടുത്തരവാദിത്വവും കുടുംബങ്ങളിൽ പുലർത്താൻ ശ്രദ്ധിക്കണം.
- ♦ കുടുംബബന്ധങ്ങൾ ഊഷ്മളമായി പാലിക്കാൻ ശ്രമിക്കണം. കുടുംബം സമാധാനവും ആനന്ദവും ഉല്ലാസവും പരസ്പരപിന്തുണയും അനുഭവപ്പെടുന്ന ഇടങ്ങളാകണം. അല്ലാത്തപക്ഷം മദ്യം, മയക്കുമരുന്ന്, തെറ്റായ കൂട്ടുകെട്ടുകൾ എന്നിവയിലേക്ക് വഴിതെറ്റിപ്പോകുന്നതിന് ഇടയാകുന്നു.
- ♦ കൂടുതൽ മക്കളുള്ള കുടുംബങ്ങൾ കൂടുതൽ സഹിഷ്ണുതയും മൂല്യബോധവും ഉള്ള വ്യക്തികളെ രൂപപ്പെടുത്തുന്നു. കുടുംബത്തിൽ ജീവന്റെ സംരക്ഷണത്തിന് കൂടുതൽ മക്കളെ സ്വീകരിക്കാനുള്ള സാഹസികത ദൈവത്തെപ്രതി ഏറ്റെടുക്കാൻ മാതാപിതാക്കന്മാർ തയ്യാറാകണം.

- കുടുംബനാഥനോടുള്ള/കുടുംബനാഥയോടുള്ള വിധേയത്വം പ്രോത്സാഹിപ്പിക്കണം. മാതാപിതാക്കന്മാരെ ബഹുമാനിക്കേണ്ടത് ദൈവകല്പനയാണെന്നും അത് പ്രാവർത്തികമാക്കേണ്ടത് അവരെ സ്നേഹിച്ചും സംരക്ഷിച്ചുമാണെന്നും ബോധ്യപ്പെടുത്തണം.
- കുടുംബങ്ങളിൽ മക്കളെ അമിതമായി ലാളിക്കുന്നത് ഒഴിവാക്കണം. വാരിക്കോരി സമ്മാനങ്ങൾ നൽകുന്നത് കുട്ടികളെ ദുഷിപ്പിക്കും. ത്യാഗശീലവും സഹനശീലവും കുട്ടികളെ പരിശീലിപ്പിക്കുന്നത് കുട്ടികൾ സ്വാർത്ഥരായി വളരാതിരിക്കാൻ സഹായിക്കും.
- ആഡംബര ജീവിത ശൈലി വലിയ തിന്മകളിലേക്കും ദുരന്തങ്ങളിലേക്കും നയിക്കും. തിരുകുടുംബത്തിന്റെ ലളിതജീവിതശൈലി കുടുംബങ്ങളിൽ പ്രോത്സാഹിപ്പിക്കുകയും പ്രചരിപ്പിക്കുകയും വേണം.
- സ്വത്ത് ഭാഗിക്കുന്നതുമായി ബന്ധപ്പെട്ട കുറെ പ്രശ്നങ്ങൾ കുടുംബഭദ്രത തകർക്കുന്നുണ്ട്. കുടുംബനാഥന്മാർ മരണപത്രം എഴുതിവയ്ക്കുന്നതും, ജീവിതകാലത്തുതന്നെ മക്കൾക്കുള്ള സ്വത്തു വിഭജനത്തെ കുറിച്ച് തീരുമാനം ഉണ്ടാക്കുന്നതും കുടുംബാംഗങ്ങൾക്കിടയിൽ പിന്നീട് കുടുംബസ്വത്തിന്റെ പേരിലുള്ള കലഹം ഒഴിവാക്കാൻ സാധിക്കും.

**2. കുടുംബപ്രാർത്ഥന :**

കുടുംബങ്ങളിൽ പരസ്പരസ്നേഹവും ഐക്യവും നിലനിർത്തുന്നതിനും വളർത്തുന്നതിനും കുടുംബപ്രാർത്ഥനയ്ക്ക് വലിയ പ്രാധാന്യമുണ്ട്. കുടുംബപ്രാർത്ഥനയും കുടുംബലിറ്റർജിയും ക്രിസ്തീയ സംസ്കാരത്തിന്റെ കാതലാണ്. ഇവയുടെ അഭാവം കുടുംബത്തെ ശിഥിലമാക്കുകയും ക്രൈസ്തവസംസ്കാരംതന്നെ ഇല്ലാതാക്കുകയും ചെയ്യുന്നു.

- കുടുംബത്തിലെ വിവിധ സന്ദർഭങ്ങൾക്ക് അനുയോജ്യമായ കുടുംബലിറ്റർജിയും ആചരണങ്ങളും പ്രോത്സാഹിപ്പിക്കണം. ഇവയിലൂടെയാണ് ക്രിസ്തീയ സംസ്കാരം കൈമാറ്റം ചെയ്യപ്പെടുന്നത്.
- കുടുംബപ്രാർത്ഥനയുടെ പ്രാധാന്യത്തെ കുറിച്ച് ഇടവകവികാരിമാർ ജനത്തെ വീണ്ടുംവീണ്ടും ബോധവത്കരിക്കേണ്ടത് ആവശ്യമാണ്.
- ഓരോ കുടുംബത്തിലും കുടുംബപ്രാർത്ഥനക്ക് എല്ലാ ദിവസവും കൃത്യമായ സമയം കുടുംബാംഗങ്ങൾ നിശ്ചയിക്കുന്നത് കുടുംബപ്രാർത്ഥന ഭംഗം കൂടാതെ പാലിക്കുന്നതിന് സഹായകമാകും

(അതിരൂപതയിലെ എല്ലാ കുടുംബങ്ങളും രാത്രി 8:30ന് പ്രാർത്ഥനസമയമായി നിശ്ചയിക്കുന്നത് ഉചിതമായിരിക്കും). കുടുംബപ്രാർത്ഥന മുടക്കം കൂടാതെയും കുടുംബാംഗങ്ങൾ എല്ലാവരും ഒന്നുചേർന്നും ചൊല്ലുന്ന പാരമ്പര്യം തുടർന്നും കൊണ്ടുപോകേണ്ടതാണ്.

- ♦ കുടുംബപ്രാർത്ഥനക്ക് അതിരൂപതാതലത്തിൽ നിയതമായ രൂപം നൽകണം. പലവിധത്തിലുള്ള പ്രാർത്ഥനകൾ എന്നതിനേക്കാൾ ആവശ്യമുള്ളതും ഹൃദയസ്പർശിയായതും ആയ പ്രാർത്ഥനകൾ തെരഞ്ഞെടുത്ത് കുടുംബപ്രാർത്ഥനയ്ക്കായി ഉപയോഗിക്കുക. സഭയും അതിരൂപതയും അംഗീകരിച്ച് പ്രസിദ്ധീകരിക്കുന്ന പ്രാർത്ഥനാപുസ്തകങ്ങൾ മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ.
- ♦ പ്രാർത്ഥനകൾ സ്ഫുടമായി ചൊല്ലണം
- ♦ എല്ലാ കുടുംബങ്ങളിലും ബൈബിളിനോടൊപ്പം സഭാപഠനങ്ങൾ കൂടുതൽ മനസ്സിലാക്കുന്നതിനായി കത്തോലിക്കസഭയുടെ മതബോധനഗ്രന്ഥം, യുവജനമതബോധനഗ്രന്ഥം, അനുദിനവിശുദ്ധർ എന്നീ പുസ്തകങ്ങൾ വായിക്കുന്നത് ഉചിതമായിരിക്കും.

**3. കുടുംബവും കുടുംബകൂട്ടായ്മകളും :**

ഇടവകയിലെ അറിയിപ്പുകളുടെ വിതരണം, വിവിധ ഫണ്ട് ശേഖരണങ്ങൾ, ഇടവകപരിപാടികളുടെ നടത്തിപ്പ് എന്നതിനപ്പുറത്ത് കുടുംബങ്ങളുടെ സുസ്ഥിതി ഉറപ്പു വരുത്താൻ കുടുംബകൂട്ടായ്മകൾക്ക് വലിയ പങ്ക് വഹിക്കാനാകും.

- ♦ ഓരോ കുടുംബത്തിനും ഏറ്റവും ആവശ്യമുള്ള സമയത്ത്, പ്രത്യേകിച്ച് അവരുടെ പ്രതിസന്ധികളിൽ, അവരുടെ കൂടെ ഉണ്ടാകാനും ഏറ്റവും അടുത്ത സഹായികളായി വർത്തിക്കാനും കുടുംബകൂട്ടായ്മയിലെ അംഗങ്ങൾ മുന്നിട്ടിറങ്ങണം. കുടുംബകൂട്ടായ്മകൾക്ക് ഇത് കൈവരിക്കാൻ സാധിക്കാതെ വരുമ്പോൾ സഭാവിരുദ്ധസന്നദ്ധ സംഘടനകൾ പ്രതിസന്ധിയിലുള്ള കുടുംബങ്ങളെ കൈയിലെടുക്കുകയും ക്രമേണ സഭാ കൂട്ടായ്മയിൽ നിന്ന് അവരെ അകറ്റുകയും ചെയ്യുന്നു.
- ♦ കുടുംബങ്ങൾ ഇക്കാലത്ത് ചെറിയ കുടുംബങ്ങളായി ചുരുങ്ങിയപ്പോൾ, വലിയ കുടുംബങ്ങളിൽ പരസ്പരം നൽകിയിരുന്ന പിന്തുണയും സഹകരണവും നൽകാൻ കുടുംബകൂട്ടായ്മകൾ സജ്ജമാകണം.

♦ സഭാവിരുദ്ധവിവാഹബന്ധങ്ങൾ വഴി സഭയിൽ നിന്ന് അകന്നു കഴിയുന്നവരെ സഭാകൂട്ടായ്മയിലേക്ക് കൊണ്ടുവരുന്നതിന് കുടുംബകൂട്ടായ്മകൾ സഹായിക്കണം.

**4. കുടുംബപ്രേഷിതത്വം : കുടുംബങ്ങളിൽ സമർപ്പിതരുടെ സാന്നിധ്യവും ഇടപെടലും :**

വൈദികരുടെയും സന്യസ്തരുടെയും സാന്നിധ്യവും ഇടപെടലുകളും കുടുംബങ്ങളുടെ സുസ്ഥിതിയിൽ വലിയ പങ്കുവഹിക്കുന്നുണ്ട്. തകർന്ന കുടുംബങ്ങളെ അടുത്തറിയാനും സാന്ത്വനിപ്പിക്കാനും വ്യഥകളിൽ ഐക്യദാർഢ്യം പ്രകടിപ്പിക്കാനും ഹോം മിഷൻ സഹായകമാകുന്നു. കുടുംബാംഗങ്ങൾ തമ്മിലുള്ള അകൽച്ചകളിൽ ഫലപ്രദമായി ഇടപെടാനും പരസ്പരം അടുപ്പിക്കാനും ഹോം മിഷൻ ഇടയാകുന്നുണ്ട്. ചില പ്രശ്നങ്ങൾ വഴി അകന്നു കഴിയുന്ന കുടുംബങ്ങൾക്ക് ഇടവകയുമായുള്ള ഊഷ്മളബന്ധം വളർത്തുന്നതിന് ഹോം മിഷൻ കാരണമാകുന്നു.

♦ ബഹു. വൈദികരുടെയും സന്യസ്തരുടെയും കുടുംബസന്ദർശനം കൂടുതൽ പ്രോത്സാഹിപ്പിക്കണം.

♦ ബഹു. സന്യസ്തർ നടത്തുന്ന ഹോം മിഷൻ കൂടുതൽ പ്രോത്സാഹിപ്പിക്കണം; ഹോം മിഷൻ കൂടുതൽ വ്യാപകമാക്കണം.

♦ ഹോം മിഷനെ തുടർന്നുള്ള കാലങ്ങളിലും കുടുംബങ്ങളിലുണ്ടാകുന്ന പ്രശ്നങ്ങൾ പങ്കുവയ്ക്കാനും പ്രശ്നപരിഹാരത്തിന് പ്രാർത്ഥിക്കാനും പരിശ്രമിക്കാനും ഹോം മിഷനുവന്ന സന്യസ്തരെ കുടുംബാംഗങ്ങൾ ബന്ധപ്പെടുന്നത് കൂടുതൽ നന്മ ഉളവാക്കുന്നു.

**5. മറ്റു നിർദ്ദേശങ്ങൾ :**

♦ വിവാഹത്തിനൊരുക്കമായി കോഴ്സ് സംഘടിപ്പിച്ചിരിക്കുന്നതുപോലെ വിവാഹം കഴിഞ്ഞവർക്കും കോഴ്സുകൾ സംഘടിപ്പിക്കണം.

♦ സന്യസ്തർ ഹോം മിഷൻ നടത്തുന്നതുപോലെ അത്മായരെയും പരിശീലിപ്പിച്ച് ഹോം മിഷൻ നടത്താൻ പ്രാപ്തരാക്കണം.

♦ കുടുംബങ്ങളിൽ അംഗസംഖ്യ കുറഞ്ഞ സാഹചര്യത്തിൽ, വൃദ്ധരെ പരിപാലിക്കുന്നതിന് പകൽവീട് സംവിധാനം ആരംഭിക്കണം.

♦ കല-സാംസ്കാരിക മാധ്യമങ്ങൾ പ്രണയത്തെ വലിയ മൂല്യമായി അവതരിപ്പിക്കുമ്പോൾ കുടുംബഭദ്രതയെ വളർത്തുന്ന ജീവിതപങ്കാളിയെ

കണ്ടെത്തുന്നതിനേക്കാൾ താത്കാലിക പ്രണയത്തിൽ കുടുങ്ങിപോകുന്ന വിവാഹങ്ങൾ വർദ്ധിക്കുന്നു. ഇത് ചിലപ്പോൾ കത്തോലിക്കാവിശ്വാസം പുലർത്താത്തവരുമായി വിവാഹബന്ധത്തിലേർപ്പെടുന്നതിന് ഇടയാക്കുന്നു. ഭാര്യയും ഭർത്താവും വ്യത്യസ്ത മതവിശ്വാസികളായി തുടരുന്നത് കുടുംബത്തിന്റെ ഐക്യം, മക്കളുടെ വിശ്വാസപരിശീലനം എന്നിവയെ പ്രതികൂലമായി ബാധിക്കുന്നു.

- ♦ ഗർഭഛിദ്രം, മയക്കുമരുന്നുകളുടെ ഉപയോഗം, ദുഷിച്ച കൂട്ടുകെട്ടുകൾ എന്നിവയിലൂടെ കടന്നു വരുന്ന കുടുംബഛിദ്രത്തെ കുറിച്ച് കൂടുതൽ അവബോധം നൽകണം.
- ♦ പരസ്നേഹപ്രവർത്തനങ്ങൾക്ക് കുടുംബം തന്നെ മാതൃകാപരമായ വേദിയായി മാറണം.
- ♦ സമ്പത്തിന്റെ വിനിയോഗത്തെ കുറിച്ച് ബോധവത്കരണം വേണം.



ഫാ. റാഫേൽ ആക്കാമറ്റത്തിൽ
ജനറൽ സെക്രട്ടറി



അഡ്വ. ബിജു കുണ്ടുകുളം
സെക്രട്ടറി

# നാമകരണ നടപടികൾ

## A. ദൈവദാസൻ - ആന്റണി തച്ചുപറമ്പിലച്ചൻ

ആഗസ്റ്റ് മാസത്തിലെ തിരുക്കർമ്മങ്ങൾക്ക് ഫാ. പോൾ കള്ളിക്കാടൻ, ഫാ. റോയ്സൺ കൊള്ളന്നൂർ, ഫാ. ജിയോ തരകൻ, ഫാ. വിത്സൺ പള്ളിപ്പാട്ട്, ഫാ. പോൾ പുളിക്കൻ എന്നിവർ നേതൃത്വം നൽകി.

51. വർഷങ്ങൾക്കുമുമ്പ് നമ്മെവിട്ട് ദൈവദാസൻ ബ. ആന്റണി തച്ചുപറമ്പിൽ ദൈവസന്നിധിയിലേക്ക് പോയെങ്കിലും അച്ചന്റെ ജീവസ്പന്ദനങ്ങൾ നമ്മുടെ നാട്ടിലും വീട്ടിലും ദൃശ്യമാണ്. നമ്മുടെ മനസ്സിനും ആത്മാവിനും ഏറ്റ കറകൾ കഴുകികളയുന്നതിന് നമ്മെ സജ്ജരാക്കുന്ന ഒരു തീർത്ഥകുളമാണ് അച്ചന്റെ ജീവിതം. അച്ചന്റെ ആത്മീയ ജീവിതത്തിന്റെ കേന്ദ്രം വി.കുർബ്ബാനയായിരുന്നു. അച്ചന്റെവാക്കുകൾ ഇപ്രകാരമാണ്. "ഒരു വാത്സല്യപിതാവ് തന്റെ അന്ത്യവിനാഴികയിൽ ചുറ്റും കൂടിയിരിക്കുന്ന മക്കളോട് വലിയ സ്നേഹം കാണിക്കുകയും അവരെ ആശീർവദിച്ച് ജീവിതകാലത്ത് അത്യദ്ധ്വാനം ചെയ്ത് സമ്പാദിച്ച സ്വത്ത് അവർക്ക് നൽകുകയും ചെയ്യും. അപ്രകാരം തന്നെ തന്റെ ഇഹലോകവാസത്തിന്റെ അവസാനം ദുഃഖിച്ചുനിന്നിരുന്ന ശിഷ്യന്മാരോട് ഈശോ പ്രത്യേകം സ്നേഹം കാണിച്ചു. ആ സ്നേഹത്തിന്റെ തെളിവാണ് വി.കുർബ്ബാന എന്ന് തച്ചുപറമ്പിലച്ചൻ വ്യക്തമാക്കി.

## B. ദൈവദാസൻ - ഫാ. അഗസ്റ്റിൻ ജോൺ ഊക്കൻ

രണ്ടാം ശനിയാഴ്ച ആചരണത്തിന് 12.7.2014ൽ സി. ലില്ലിയാൻ, സിസ്റ്റർ ബ്ലെസി എന്നിവർ നേതൃത്വം നൽകി. വി. കുർബ്ബാനക്ക് സെന്റ് ജോർജ്ജ് മൊണസ്ട്രി സുപ്പീരിയർ ഫാ. ജോയ് വൈദ്യക്കാരൻ കാർമ്മികത്വം വഹിച്ചു.

ഈശോയുടെ കുരിശുമരണവും, വി. കുർബ്ബാനയുമാണ് യേശുവിന്റെ സ്നേഹം മനസ്സിലാക്കുന്നതിന് നമ്മെ സഹായിക്കുന്നത് എന്ന് ബഹു. ജോയ് വൈദ്യക്കാരനച്ചൻ ദിവ്യബലി മദ്ധ്യേ തന്റെ സന്ദേശത്തിലൂടെ വിവരിച്ചു.

**ഫാ. പോൾ പുളിക്കൻ**
പോസ്റ്റുലേറ്റർ

# സാമ്പത്തിക കാര്യാലയം

**1. തെരട്ട് സമർപ്പിക്കൽ**

ജൂലൈ-ആഗസ്റ്റ് മാസങ്ങളിൽ തെരട്ട് സമർപ്പിക്കേണ്ട പള്ളികളിൽ കുറച്ച് വാർഷിക തെരട്ട് സമർപ്പിച്ചിട്ടില്ല. ഈ പള്ളികൾ എത്രയും വേഗം വാർഷിക തെരട്ട് സംബന്ധിച്ച കണക്കുകൾ സാമ്പത്തിക കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്. 2014 സെപ്റ്റംബർ 8-ാം തിയതിയോടെ പള്ളികളുടെ തെരട്ട് സമർപ്പിക്കുവാനുള്ള സമയം അവസാനിക്കുകയാണ്. ഈ സമയ പരിധിക്കുള്ളിൽ തെരട്ട് സമർപ്പിക്കുവാൻ പള്ളികൾ ശ്രദ്ധിക്കുമല്ലോ.

**2. സ്ഥാപനങ്ങളുടെ/സംഘടനകളുടെ തെരട്ട് സമർപ്പിക്കൽ**

സ്ഥാപനങ്ങളുടെ/സംഘടനകളുടെ തെരട്ട് സമർപ്പിക്കൽ 2014 സെപ്റ്റംബർ09ന് ആരംഭിക്കുന്നു. തെരട്ട് സമർപ്പിക്കേണ്ട തിയതിയും സമയവും 2014 ആഗസ്റ്റ് മാസത്തിലെ ബുള്ളറ്റിനിൽ കൊടുത്തിട്ടുണ്ട്. അതനുസരിച്ച് തെരട്ട് സാമ്പത്തിക കാര്യാലയത്തിൽ സമർപ്പിക്കുമല്ലോ.

## 3. 12 A Registration, PAN CARD

പള്ളിയുടെ 12 A Registration രേഖയും പാൻകാർഡ് സംബന്ധിച്ച രേഖയും സ്ഥാപനങ്ങളുടെ പ്രത്യേക ഫയലിലാക്കി സൂക്ഷിക്കുക. പള്ളികളുടെ സ്ഥാപനങ്ങളുടെയും ആധാരങ്ങൾ നികുതി അടച്ച രേഖകളും കൃത്യമായി സൂക്ഷിക്കുമല്ലോ.

**4. വരവ്-ചെലവ് കണക്കുകൾ - ജൂലൈ 31, 2014**

| | | ദുഃഖ വെള്ളി | പെസഹാ വ്യാഴം | മിഷൻ ഞായർ |
|---|---|---|---|---|
| 1. | അമ്മാടം | 4500 | - | 15450 |
| 2. | അഞ്ഞൂർ | - | 10715 | - |
| 3. | ആർത്താറ്റ് | - | - | 1,00,000 |
| 4. | ആറ്റത്തറ | - | - | 6435 |
| 5. | ചേറ്റുപുഴ | - | 24940 | - |
| 6. | ചിറ്റാട്ടുകര | - | - | 177537 |
| 7. | ചിയ്യാരം, ഗലീലീ | 5510 | 17735 | - |
| 8. | ചൂണ്ടൽ | 1510 | 2066 | - |
| 9. | ചൊവ്വന്നൂർ | - | 8200 | - |

| | | | |
|---|---|---|---|
| 10. ഏനാമാക്കൽ | – | – | 15348 |
| 11. എരുമപ്പെട്ടി | 6771 | 35835 | – |
| 12. കടങ്ങോട് | 1430 | 892 | – |
| 13. കണ്ടശ്ശാംകടവ് | 10500 | 42000 | – |
| 14. കാരമുക്ക് | 2000 | – | – |
| 15. കോളങ്ങാട്ടുകര | – | – | 2690 |
| 16. കൂനംമൂച്ചി | – | – | 12360 |
| 17. കൊട്ടേക്കാട് | 9366 | 40150 | – |
| 18. കൊഴുക്കുള്ളി | 2958 | 9635 | – |
| 19. കുണ്ടുകാട് | – | 11940 | 8160 |
| 20 കുരിയച്ചിറ | 30410 | 17340 | 338826 |
| 21. മണലാടി | 1598 | – | – |
| 22. മങ്ങാട് | 3905 | 19210 | – |
| 23. മഞ്ഞക്കുന്ന് | 1875 | 4845 | |
| 24. മരത്തംകോട് | 1870 | 10563 | 5360 |
| 25. മായന്നൂർ | – | – | 1200 |
| 26. മുല്ലക്കര | – | 20245 | 20850 |
| 27. നടത്തറ | 8795 | 8260 | – |
| 28. നെല്ലിക്കുന്ന് | – | – | 37874 |
| 29. പതിയാരം | – | – | 7000 |
| 30. പഴയന്നൂർ | – | – | 600 |
| 31. പേരാമംഗലം | 5140 | – | – |
| 32. പൊങ്ങണംകാട് | – | – | 17530 |
| 33. പുതുക്കാട് നോർത്ത് | – | – | 4000 |
| 34. പുതുശ്ശേരി | – | – | 10000 |
| 35. പുല്ലംകണ്ടം | 610 | 2250 | 3750 |
| 36. പുതുരുത്തി | – | – | 15840 |
| 37. തിരുവില്വാമല | – | – | 4185 |
| 38. തൃശ്ശൂർ കത്തീഡ്രൽ | – | 242162 | – |
| 39. വരടിയം | 2750 | 6500 | |
| 40. വെള്ളറക്കാട് | 5430 | 12832 | 10425 |
| 41. വിജയപുരം | – | – | 85650.50 |
| 42. വിയ്യൂർ | – | – | 25000 |
| 43. വടക്കാഞ്ചേരി | – | 35000 | |

| | സഭാ ദിനം | പ്രത്യേക പിരിവ് | ഞായർ പിരിവ് |
|---|---|---|---|
| 1. അമ്മാടം | 8054 | 10560 | 11520 |
| 2. അഞ്ചേരി | 2000 | 3190 | 2320 |
| 3. അരിമ്പൂർ | 13600 | 17083 | 62120 |
| 4. ആറ്റത്തറ | 1820 | 2134 | 1746 |
| 5. അയ്യന്തോൾ | 4494 | 5918 | 13450 |
| 6. ചേലക്കര | 1960 | 2772 | 2268 |
| 7. ചിറ്റാട്ടുകര | 7330 | 8822 | 16040 |
| 8. ചിയ്യാരം സേവനാലയം | 3470 | 4224 | 4608 |
| 9. ചിയ്യാരം, വിജയമാതാ | 6151 | | |
| 10. ചിയ്യാരം ഗലീലി | 2800 | 3916 | 2848 |
| 11. ചൂണ്ടൽ | 1720 | 1870 | 2040 |
| 12. ചൊവ്വന്നൂർ | 2200 | 2926 | 3192 |
| 13. എൽത്തുരുത്ത് | 6440 | 5258 | 5736 |
| 14. ഏനാമാക്കൽ | 6300 | 6380 | 11600 |
| 15. ഏങ്ങണ്ടിയൂർ | 2902 | 3454 | 4755 |
| 16. എറവ് | 10100 | 11132 | 15180 |
| 17. എരുമപ്പെട്ടി | 5480 | 6490 | 8850 |
| 18. ഇയ്യാൽ | 752 | 1199 | 872 |
| 19. കടങ്ങോട് | 780 | 836 | 608 |
| 20 കണ്ടശ്ശാംകടവ് | 7220 | 7942 | 21660 |
| 21. കാരമുക്ക് | 3200 | 3630 | 3960 |
| 22. കോഞ്ഞാട്ടുകര | 2484 | 2464 | 2016 |
| 23. കൂനംമൂച്ചി | 4900 | 5940 | 10800 |
| 24. കൊട്ടേക്കാട് | 9100 | 10670 | 38800 |
| 25. കുണ്ടുകാട് | 2160 | 3025 | 3300 |
| 26. കുന്ദംകുളം | 1910 | 2310 | 1890 |
| 27. കുരിയച്ചിറ | 16904 | 18161 | 49530 |
| 28. കുട്ടംകുളം | 752 | | |
| 29. കുറ്റൂർ | 7500 | 8030 | 14600 |
| 30. മണലാടി | 980 | 1089 | 792 |
| 31. മണലൂർ ഈസ്റ്റ് | 9400 | 6677 | 12140 |
| 32. മണലൂർ വെസ്റ്റ് | 2820 | 3465 | 3780 |
| 33. മങ്ങാട് | 3080 | 4048 | 4416 |

| | | | |
|---|---|---|---|
| 34. മരത്തംകോട് | 750 | 946 | 688 |
| 35. മരിയാപുരം | 8376 | 10450 | 14250 |
| 36. മരോട്ടിച്ചാൽ | 3250 | - | - |
| 37. മായന്നൂർ | 1148 | 1375 | 1000 |
| 38. മുക്കാട്ടുകര | 9980 | 11880 | 27000 |
| 39. മുല്ലക്കര | 2580 | 3630 | 3960 |
| 40. മുള്ളൂർക്കര | 1152 | 1584 | 1296 |
| 41. മുണ്ടൂർ | 10600 | 14212 | 51680 |
| 42. നടത്തറ | 9790 | 13167 | 29925 |
| 43. നെഹ്റു നഗർ | - | - | 4800 |
| 44. നെല്ലങ്കര | 6219 | 3322 | 3624 |
| 45. നെല്ലിക്കുന്ന് | 12546 | 12980 | 23600 |
| 46. ഒളരിക്കര | 14850 | 16335 | 29700 |
| 47. പടവരാട് | 11756 | - | - |
| 48. പല്ലിശ്ശേരി | 1660 | 2024 | 1656 |
| 49. പങ്ങാരപ്പിള്ളി | 1666 | 1911 | 1392 |
| 50. പറക്കാട് | 448 | 616 | 448 |
| 51. പതിയാരം | 2130 | 2211 | 1809 |
| 52. പഴയന്നൂർ | 2200 | 2420 | 1980 |
| 53. പേരാമംഗലം | 6644 | 8624 | 23520 |
| 54. പൊങ്ങണംകാട് | 6760 | 7700 | 8400 |
| 55. പൊന്നൂക്കര | 5440 | - | - |
| 56. പൂങ്കുന്നം | 3000 | 3916 | 4272 |
| 57. പുതുക്കാട് നോർത്ത് | 2200 | 2640 | 2880 |
| 58. പുതുശ്ശേരി | 1950 | 2145 | 2340 |
| 59. പുലക്കാട്ടുകര | 1320 | | |
| 60. പുല്ലംകണ്ടം | 760 | 836 | 608 |
| 61. പുത്തൂർ | 4722 | | |
| 62. പുതുരുത്തി | 3330 | 4103 | 4476 |
| 63. തിരുവില്ല്വാമല | 1316 | 1650 | 1200 |
| 64. തൊയക്കാവ് | 2300 | 3234 | 3528 |
| 65. തൃശ്ശൂർകത്തീഡ്രൽ | 19292 | 19327 | 87850 |
| 66. വടൂക്കര | 3968 | 5291 | 5772 |
| 67. വരടിയം | 4900 | 5291 | 4329 |
| 68. വെള്ളറക്കാട് | 1246 | 1782 | 1458 |

| | | | |
|---|---|---|---|
| 69. വിജയപുരം | 6950 | 8426 | 30640 |
| 70. വിയ്യൂർ | 3906 | 5060 | 9200 |

**5. സാമ്പത്തികസഹായം സ്വീകരിച്ച പള്ളികൾ**

നെല്ലിക്കുന്ന് - 89685
പുല്ലംങ്കണ്ടം 50000
പല്ലിശ്ശേരി 10646
കാരമുക്ക് 72765

**6. ഫാ. സെബാസ്റ്റ്യൻ കുന്നത്ത് ട്രസ്റ്റ്**

ഭവന നിർമ്മാണം - 60000
വിദ്യഭ്യാസം - 20000
ചികിത്സ - 40000
വിവാഹം - 5000
വിവാഹം - 30500
ചികിത്സ - 61200
ഭവനനിർമ്മാണം - 4500

**7. മാർ കുണ്ടുകുളം ട്രസ്റ്റിൽ നിന്നും വിവാഹ സഹായം**

1. ഭരത - 5000
2. അന്തിക്കാട് - 5000
3. ചേരുംകുഴി - 5000
4. അവിണിശ്ശേരി - 5000

**ഫാ. ജോസ് ചാലക്കൽ**
ഫൈനാൻസ് ഓഫീസർ

# വൈദികർ

## ജന്മദിനങ്ങൾ

| | |
|---|---|
| ഫാ. ആന്റോ എടക്കുളത്തൂർ | 02 |
| ഫാ. ജോയ് ചിറ്റിലപ്പിള്ളി സീനിയർ | 02 |
| ഫാ. ആന്റണി തോട്ടാൻ | 05 |
| ഫാ. ക്ലമന്റ് വാഴപറമ്പിൽ | 06 |
| ഫാ. ജിയോ തരകൻ | 07 |
| ഫാ. ആന്റണി കണ്ണമ്പുഴ | 08 |
| ഫാ. രാജു കൊക്കൻ | 08 |
| ഫാ. ടെറിൻ മുള്ളക്കര | 08 |
| ഫാ. ഡെമിൻ തറയിൽ | 08 |
| ഫാ. പോളി നീലങ്കാവിൽ | 08 |
| ഫാ. ഫ്രാൻസിസ് എടക്കളത്തൂർ | 10 |
| ഫാ. ഡേവിസ് ചിറമ്മൽ സീനയർ | 10 |
| ഫാ. ഡേവിസ് ചെറയത്ത് ജൂനിയർ | 10 |
| ഫാ. ഏബിൾ ദേവസ്സി ചിറമ്മൽ | 13 |
| ഫാ. ബിജോ ജോസ് ചാലിശ്ശേരി | 15 |
| ഫാ. ജോൺ പോൾ തൈക്കാടൻ | 18 |
| ഫാ. ജിയോ കടവി | 20 |
| ഫാ. ആന്റണി ആലുക്ക | 21 |
| ഫാ. പോൾ വട്ടക്കുഴി | 21 |
| ഫാ. ആന്റോസ് എലുവത്തിങ്കൽ | 22 |
| ഫാ. ബെസ്റ്റിൻ കാക്കശ്ശേരി | 22 |
| ഫാ. ഫ്രാങ്കോ പുത്തിരി | 27 |
| ഫാ. വർക്ഷീസ് എടക്കളത്തൂർ | 27 |
| ഫാ. റാഫേൽ വടക്കൻ | 29 |
| ഫാ. സൈജൻ വാഴപ്പിള്ളി | 30 |

## നാമഹേതുകതിരുനാളുകൾ

| | |
|---|---|
| ഫാ. മാത്യു കുറ്റിക്കോട്ടയിൽ | 21 |
| ഫാ. മാത്യു ചാക്കേരി | 21 |
| ഫാ. മാത്യു വെട്ടത്ത് | 21 |
| ഫാ. മാത്യു പേരാമംഗലത്ത് | 21 |
| ഫാ. ലിജോ ചിറ്റിലപ്പിള്ളി | 21 |
| ഫാ. സിജോൺ കുഴിക്കാട്ടുമ്യാലിൽ | 21 |
| ഫാ. സുനിൽ ചിരിയങ്കണ്ടത്ത് | 21 |
| ഫാ. നൈസൻ ഏലന്താനത്ത് | 21 |
| ഫാ. വിൻസെന്റ് കണിമംഗലത്തുക്കാരൻ | 27 |
| ഫാ. വിൻസെന്റ് കുണ്ടുകുളം | 27 |
| ഫാ. വിൻസെന്റ് ചിറ്റിലപ്പിള്ളി | 27 |
| ഫാ. വിൽസൺ കണ്ണനായ്ക്കൽ | 27 |
| ഫാ. വിൻസെന്റ് ചെറുവത്തൂർ | 27 |
| ഫാ. ലിന്റോ തട്ടിൽ | 29 |
| ഫാ. റാഫി തട്ടിൽ | 29 |
| ഫാ. റാഫേൽ മുത്തുപീടിക | 29 |
| ഫാ. റാഫേൽ താണിശ്ശേരി | 29 |
| ഫാ. ജെയിംസ് ഇഞ്ചോടിക്കാരൻ | 29 |
| ഫാ. സോളി തട്ടിൽ | 29 |
| ഫാ. റാഫേൽ വടക്കൻ | 29 |
| ഫാ. റാഫേൽ ചിറ്റിലപ്പിള്ളി | 29 |
| ഫാ. റാഫേൽ പുല്ലോക്കാരൻ | 29 |
| ഫാ. ചെറിയാൻ പാറക്കൽ | 29 |
| ഫാ. ജോയ് മൂക്കൻ | 29 |
| ഫാ. റാഫേൽ ആക്കാമറ്റത്തിൽ | 29 |

അതിരൂപതയുടെ പ്രാർത്ഥനാശംസകൾ

## ചരമദിനങ്ങൾ

ഫാ. ജോൺ മാളിയേക്കൽ വെള്ളാനിക്കാരൻ 18-09-1915

| | |
|---|---|
| ഫാ. ജേക്കബ് അറയ്ക്കൽ സീനിയർ | 14-09-1946 |
| ഫാ. പോൾ വാഴപ്പിള്ളി | 17-09-1952 |
| ഫാ. സെബാസ്റ്റ്യൻ ബ്രഹ്മകുളം | 03-09-1960 |
| ഫാ. ആന്റണി കൊടിയൻ | 04-09-1960 |
| ഫാ. തോമസ് അടമ്പുകുളം | 14-09-1962 |
| ഫാ. ആന്റണി മാളിയേക്കൽ | 28-09-1968 |
| ഫാ. ജോസഫ് മഞ്ഞളി | 01-09-1969 |
| ഫാ. ജോൺ ചിറയത്ത് | 19-09-1970 |
| ഫാ. അബ്രഹാം മാമ്പിള്ളി | 02-09-1972 |
| ഫാ. ജോൺ പ്ലാശ്ശേരി | 11-09-1973 |
| ഫാ. ജേക്കബ് ചെമ്മണ്ണൂർ | 20-09-1977 |
| ഫാ. ജോൺ മാളിയേക്കൽ | 30-09-1978 |
| ഫാ. ജോൺ ചിറമ്മൽ | 06-09-1990 |
| ഫാ. ജോർജ്ജ് കൂനൻ | 09-09-1996 |
| ഫാ. അഗസ്റ്റിൻ തട്ടിൽ | 25-09-1996 |
| മോൺ. ആന്റണി മാളിയേക്കൽ | 03-09-2001 |
| ഫാ. ആന്റണി തോട്ടാൻ സീനിയർ | 29-09-2001 |
| ഫാ. ജോസഫ് മാളിയേക്കൽ | 11-09-2009 |
| ഫാ. ജേക്കബ് ഐനിക്കൽ | 19-09-2010 |
| ഫാ. അഗസ്റ്റിൻ അക്കര | 15-09-2012 |

അതിരൂപതയുടെ സ്മരണാഞ്ജലി

# സന്യസ്തർ

## സി.ആർ.ഐ വാർത്തകൾ

05.07.2014. സി.എച്ച്.എഫ്. നവജ്യോതി പ്രൊവിൻഷ്യൽ സി. ഫിലോ ജോസഫിന്റെ നാമഹേതുക തിരുനാൾ സമുചിതമായി ഘോഷിച്ചു.

10.07.2014. സി.എച്ച്.എഫ്. നവജ്യോതി പ്രൊവിൻഷ്യൽ സി.ഫിലോ ജോസഫും കൗൺസിലും ആമ്പക്കാട് ഭവനവും, സ്നേഹഭവനും സന്ദർശിച്ചു.

11.07.2014. എസ്.എ.ബി.എസ്. മുളയം മേരിമാത മേജർ സെമിനാരിയിൽവച്ച് നടന്ന ' Becoming the Body of Christ towards Eucharistic Communion'എ സിമ്പോസിയത്തിൽ "Ignited by the Eucharistic Flame: An Exposition of Venerable Bishop Mar Thomas Kurialacherry's Pastoral Letter No.100' എന്ന വിഷയത്തെക്കുറിച്ച് സി. സോഫി പെരേപ്പാടൻ Short Paper Presentation നടത്തി.

12.07.2014. എഫ്.സി.സി. 2014 ജൂലൈ 12 ാം തീയതി ശനിയാഴ്ച രാവിലെ 9.30 മുതൽ 4 മണിവരെ ഗുരുവായൂർ എൽ. എഫ്. കോളേജ് ഓഡിറ്റോറിയത്തിൽ വെച്ച് പാലക്കാട് ധോണി മരിയൻ റിന്യൂവൽ സെന്ററിലെ ബ. റെനി പുല്ലുകാലായിൽ അച്ചന്റെയും ടീമിന്റെയും നേതൃത്വത്തിൽ നടന്ന സെമിനാറിൽ തൃശൂർ അസ്സീസി പ്രോവിൻസിന്റെ കീഴിലുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും (Aided & Un aided നേഴ്സറി മുതൽ കോളേജ് ഉൾപ്പെടെ) സ്ഥാപനാധികാരികൾ, Teaching & Non Teaching Staff (Sisters & Lay Staff) സംബന്ധിച്ചു.

എസ്.എ.ബി.എസ്. DBCLC യിൽ CRI Meetingൽ എല്ലാസുപ്പീരിയേഴ്സും പങ്കെടുത്തു. ചേറ്റുപുഴ പ്രൊവിൻഷ്യൽ ഹൗസിൽവച്ച് സുപ്പീരിയേഴ്സ് കോൺഫറൻസ് നടന്നു.

13.07.2014. എഫ്.സി.സി. ജൂലൈ 13-ാം തീയതി ഞായറാഴ്ച 2 pm ന് അസ്സീസി പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് Youth Ministry, Provincial Vocation Promotors, വചനാമൃതം എന്നീ കമ്മിറ്റി അംഗങ്ങൾക്കുപുറമെ Youth Ministry യുമായി ബന്ധപ്പെട്ട ഹെഡ്മിസ്ട്രസ്സുമാരുടെയും മീറ്റിംഗ് സംഘടിപ്പിക്കപ്പെട്ടു.

13.07.2014. എഫ്.സി.സി. വിദ്യാർത്ഥികൾ കൂടുതൽ വിശുദ്ധിയിലേക്കും

ആത്മീയതയിലേക്കും നന്മയിലേക്കും വളർന്നുവരുന്നതിനായി പ്രോവിൻസിലെ വചനാമൃതം ടീമിന്റെ നേതൃത്വത്തിൽ ജൂലൈ മാസം മുതൽ വിദ്യാലയങ്ങളിൽ ധ്യാനം ആരംഭിച്ചു.

സി.എസ്.എം. ലൂർദ്ദ്നാഥ പ്രൊവിൻസിന്റെ ശാഖമഠമായ കൂന ത്തറയിൽ എം.ആർ.ഐ. കുട്ടികൾക്കുവേണ്ടി നടത്തിയ സ്പെഷൽ മെഡിക്കൽ ചെക്കപ്പ് ഡോ. ശോഭിത CSM നയിച്ചു.

സി.എസ്.എം. സുപ്പീരിയർ ജനറൽ സി. ജിയോ മരിയ റോമിൽ കാനോനിക സന്ദർശനം നടത്തി 5.8.14ൽ മണ്ണംപേട്ടയിൽ തിരിച്ചെ ത്തി. ലൂർദ്ദ്നാഥ പ്രൊവിൻസ് കൗൺസിലേഴ്സായ റവ. സി. മെറിൻ, റവ. സി. ജാൻസി എന്നിവർ മൗണ്ട് സെന്റ് തോമസ് കാക്ക നാട് കൂടിയ One Day Seminar ൽ പങ്കെടുത്തു.

16.07.2014. എഫ്.സി.സി. പുതുക്കിപ്പണിയുന്ന തൃശൂർ മേരി ഇമ്മാക്കുലേറ്റ് മഠം ചാപ്പലിന്റെ ശിലാസ്ഥാപനകർമ്മം 2014 ജൂലൈ 16ാം തീയതി രാവിലെ 7.15ന് റവ. ഫാ. ലൂയിസ് എടക്കളത്തൂരിന്റെ കാർമ്മിക ത്വത്തിൽ നിർവ്വഹിക്കപ്പെട്ടു.

18.07.2014. എഫ്.സി.സി. ജൂലൈ 18 ാം തീയതി 6 pm മുതൽ 20 ാം തീയതി രാവിലെ വരെ അസ്സീസി പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് ലോക്കൽ സുപ്പീരിയേഴ്സ് കോൺഫറൻസ് നടന്നു.

എഫ്.സി.സി. ആലുവ കപ്പൂച്ചിൻ ആശ്രമത്തിൽ നടന്ന ഫ്രാൻസി സ്കൻ മൂന്നാം സഭയുടെ മീറ്റിംഗിൽ മൂന്നാം സഭയുടെ പ്രവർത്ത നങ്ങളുമായി ബന്ധപ്പെട്ട സിസ്റ്റേഴ്സ് സംബന്ധിച്ചു.

20.07.2014. സി.എസ്.സി. കൂർക്കഞ്ചേരി മരിയ പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് മെഡിക്കൽ ബോഡിന്റെ മീറ്റിംഗ് നടന്നു. അമല മെഡി ക്കൽ കോളേജ് ഡയറക്ടർ ബഹു. ഫാ. ഫ്രാൻസിസ് കുരിശ്ശേരി സി.എം.ഐ ക്ലാസ്സെടുക്കുകയും ദിവ്യബലി അർപ്പിക്കുകയും ചെയ്തു.

എഫ്.സി.സി. FCC Health Care Fraternity മീറ്റിംഗ് അസ്സീസിയിൽ വെച്ച് ജൂലൈ 20-ാം തീയതി ഞായറാഴ്ച രാവിലെ 10 am മുതൽ 4 pm വരെ നടന്നു.

22.07.2014. സി.എച്ച്.എഫ്. നവജ്യോതി പ്രൊവിൻഷ്യൽ സി. ഫിലോ ജോസഫ് അരണാട്ടുകര ഇൻഫന്റ് ജീസസ് കോൺവെന്റിൽ കാനോനിക സന്ദർശനം നടത്തി.

24.07.2014. എഫ്.സി.സി. അൽഫോൻസ ഗാർഡൻ പ്രോവിൻസ്തല ഉദ്ഘാ ടനം ജൂലൈ 24 ാം തീയതി വ്യാഴാഴ്ച 9.30 am മുതൽ 3 pm വരെ

തൃശൂർ സെന്റ് ക്ലെയേഴ്സ് ഹൈസ്കൂളിൽ വെച്ച് നടന്നു.

സി.എച്ച്.എഫ്. ജനറലേറ്റിൽ സുപ്പീരിഴേസിന് 3 ദിവസത്തെ കോഫ്രൻസ് നടത്തി.

എസ്.എ.ബി.എസ്. ചേറ്റുപുഴ പ്രൊവിൻഷ്യൽ ഹൗസിൽ Junior Sisters' gathering നടന്നു. കോമ ഡിറക്ടറസ് സി. അൽഫോൻസ മൂഞ്ഞേലി ക്ലാസുകൾക്ക് നേതൃത്വം നൽകി.

എസ്.എൻ.ഡി.എസ്. 3 അർഥിനികൾ ഹൈദരാബാദിൽ ആസ്പിരൻസിയിൽ പ്രവേശിച്ചു.

26.07.2014 Juniors' Day, Aspirants' Day, Common Directress Sr. Alphonsa Moonjely, Local Superior Sr. Jessy Ayrookkaran എന്നിവരുടെ നാമ ഹേതുകതിരുനാൾ എന്നിവ സംയുക്തമായി ആഘോഷിച്ചു.

എസ്.എ.ബി.എസ്. ചേറ്റുപുഴ പ്രൊവിൻഷ്യൽ ഹൗസിൽ Finance Officers ന് Orientation Programme നടത്തി. Mr.Jomon ക്ലാസ്സുകൾ നയിച്ചു.

സി. സോഫി പെരേപ്പാടന്റെ നേതൃത്വത്തിൽ ചേറ്റുപുഴ പ്രൊവിൻഷ്യൽ ഹൗസിൽ Education Advisory Meetingനടന്നു.

സി.എസ്.സി. കൂർക്കഞ്ചേരി മരിയ പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് ടീച്ചേഴ്സ് കോഫ്രൻസ് നടന്നു. ബഹു. ഫാ. പോളി കണ്ണൂക്കാടൻ ക്ലാസ്സെടുത്തു.

27.07.2014. എഫ്.സി.സി. രണ്ടാം വർഷ നോവീസസ്, പോസ്റ്റുലൻസ് എന്നിവരുടെ സംയുക്ത Parents Meet മരത്താക്കര 'സഡ് സാക്രമെന്റ് കോവെന്റിൽ വെച്ച് സംഘടിപ്പിക്കപ്പെട്ടു. പ്രൊവിൻഷ്യൽ സുപ്പീരിയർ സി. റോസ് അനിത അവർക്ക് ക്ലാസ്സുകൾ നൽകി. വി. കുർബ്ബാന, സ്നേഹവിരുന്ന് എന്നിവയും ഉണ്ടായിരുന്നു.

സി.എസ്.സി. കൂർക്കഞ്ചേരി മരിയ പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് സിസ്റ്റേഴ്സിന്റെ ബാച്ച് സംഗമം നടന്നു. ബഹു. ഫാ. ജോജു കല്ലിങ്കൽ ക്ലാസ്സെടുത്തു.

സി.എസ്.എം. ലൂർദ്ദ്നാഥ പ്രൊവിൻസിലെ ബഹു. മദേഴ്സിനു വേണ്ടി ഏർപ്പെടുത്തിയ One day Seminar "സന്യസ്തരിൽ നിന്ന് സമൂഹം പ്രതീക്ഷിക്കുന്നതെന്ത്" എന്ന വിഷയത്തെകുറിച്ച് ഡോ. ലാലു ജോസഫ് സംസാരിച്ചു.

29.07.2014. എസ്.എ.ബി.എസ്. ആലുവ ജനറലേറ്റിൽ Finance Officers Meetingൽ സി. ടെസ്മി തെക്കിനിയത്ത്, സി. ജെസ്സി അയിരൂക്കാ

രൻ എന്നിവർ പങ്കടുത്തു.

സി.എസ്.എം. കോൺഗ്രിഗേഷന്റെ മദ്ധ്യസ്ഥയായ വി. മർത്തയുടെ തിരുനാൾ ലൂർദ്ദ്നാഥ പ്രൊവിൻസ്ഹൗസിൽ അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് മെത്രാപ്പോലിത്തായുടേയും, ചാൻസലർ റവ. ഫാ. റാഫേൽ ആക്കമറ്റത്തിലിന്റേയും സംയുക്ത ദിവ്യബലിയോടുകൂടി ആഘോഷിച്ചു.

30.07.2014. സി.എച്ച്.എഫ്. നവജ്യോതി പ്രൊവിൻഷ്യൽ സി. ഫിലോ ജോസഫ് ഒളരിക്കര നവജ്യാതി കോൺവെന്റിൽ കാനോനിക സന്ദർശനം നടത്തി.

02.08.2014. സി.എച്ച്.എഫ്. കേരള ഫിലിംക്രിട്ടിക്സ് അസോസിയേഷനും അറ്റ്ലസ് ഗ്രൂപ്പും ചേർന്ന് ഏർപ്പെടുത്തിയ 2013 ലെ ടിവി പുരസ്ക്കാരങ്ങളിൽ മികച്ച രണ്ടാമത്തെ പരമ്പരയ്ക്കുള്ള പുരസ്ക്കാരം, സെന്റിനറിയോടനുബന്ധിച്ചിറക്കിയ വാ. മറിയം ത്രേസ്യ പരമ്പരയ്ക്ക് ലഭിച്ചു.

മൗണ്ട് കാൽവരി സന്യാസ സമൂഹത്തിന്റെ 11-ാമത്തെ മദർ ജനറലായി സിസ്റ്റർ മരിയ ഇമ്മാനുവേല കുള 26.06.2014 തിരഞ്ഞെടുക്കപ്പെട്ടു. മൗണ്ട് കാൽവരി സന്യാസസമൂഹത്തിന്റെ ആദ്യത്തെ മലയാളി മദർ ജനറലാണ് സിസ്റ്റർ മരിയ ഇമ്മാനുവേല കൂള- അഭിനന്ദനങ്ങൾ

**ആദരാഞ്ജലി**

28.7.2014. എഫ്.സി.സി. വി. അൽഫോൻസമ്മയുടെ തിരുനാൾദിനമായ ജൂലൈ 28-ാം തീ യതി ഏങ്ങണ്ടിയൂർ സെന്റ് വിൻസന്റ് ഭവനാംഗമായ ബ. ജോഷ്വമ്മ ഈ ലോകത്തുനിന്ന് സ്വർഗ്ഗീയ വസതിയിലേക്ക് യാത്രയായി. ജൂലൈ 29-ാം തീയതി തൃശൂർ അതിരൂപത വികാരി ജനറാൾ ജോർജ്ജ് കോമ്പാറയുടെ പ്രധാന കാർമ്മികത്വത്തിൽ ഏങ്ങണ്ടിയൂർ സെന്റ് വിൻസന്റ് മഠം ചാപ്പലിനോട് ചേർന്നുള്ള കല്ലറയിൽ അമ്മയുടെ പൂജ്യശരീരം സംസ്കരിച്ചു.



സി.ആർ.ഐ. സെക്രട്ടറി

**സി.ഡോണ കുമ്പുക്കൽ SNDS.**

# സ്ഥാപനങ്ങൾ

Ph : 2320828, 2333245

## മതബോധനകേന്ദ്രം

http://catechismtrichur.blogspot.com|

ഫൊറോനതലത്തിൽ മതാദ്ധ്യാപകർക്കുള്ള One Day Seminar വിജയപ്രദമായി നടത്താൻ സഹായിച്ച വികാരിയച്ചന്മാരേയും യൂണിറ്റുകളിലെ അദ്ധ്യാപകരേയും PTA അംഗങ്ങളേയും പ്രത്യേകം നന്ദിയോടെ സ്മരിക്കുന്നു.

സെപ്റ്റംബർ - ഒക്ടോബർ മാസത്തിൽ വേദോപദേശ അർദ്ധവാർഷിക പരീക്ഷകൾ നടക്കുന്നു. എല്ലാ വിദ്യാർത്ഥികൾക്കും വിജയാശംസകൾ നേരുന്നു. പരീക്ഷകളെ കുറിച്ചുള്ള നിർദ്ദേശങ്ങൾ 'ഞായറാഴ്ച മതബോധന വാർഷിക പ്രോഗ്രാം' പുസ്തകത്തിൽ നൽകിയിരിക്കുന്നത് കൃത്യമായും പാലിക്കേണ്ടതാണ്. (Please see Annual Programme p. 16-20). മതാദ്ധ്യാപകർ ഓരോ ക്ലാസ്സിലെയും പാഠ്യപദ്ധതി (Syllabus) കുട്ടികൾക്ക് പറഞ്ഞുകൊടുക്കുകയും അവരെ പഠിപ്പിക്കുകയും ചെയ്യേണ്ടതാണ് (see Annual Programme p. 11-15). മതബോധന യൂണിറ്റുകളിൽ നടക്കുന്ന അർദ്ധവാർഷിക, വാർഷിക പരീക്ഷകളുടെ എല്ലാ ക്ലാസ്സുകളിലെയും ചോദ്യപേപ്പർ അതിരുപതാ മതബോധനകേന്ദ്രത്തിൽ നിന്നും തയ്യാറാക്കുന്നു; ആ ചോദ്യപേപ്പർ മാത്രമാണ് മതബോധനയൂണിറ്റുകളിൽ പരീക്ഷകൾക്കായി ഉപയോഗിക്കേണ്ടത്. അർദ്ധവാർഷിക പരീക്ഷകളുടെ ഉത്തരകടലാസ് പരിശോധന വികാരിയച്ചന്റെയും HMന്റെയും നേതൃത്വത്തിൽ ഒരു ദിവസം എല്ലാ അദ്ധ്യാപകരും ഒന്നുചേർന്ന് നടത്തേണ്ടതാണ്. ഉത്തരകടലാസുകളുടെ മൂല്യനിർണ്ണയത്തിനാവശ്യമായ Answer Key ഒക്ടോബർ 5നു ശേഷം മതബോധന കേന്ദ്രത്തിൽ നിന്നും (വികാരിയച്ചന്റെ കത്ത് നൽകേണ്ടതാണ്) HM ന് ലഭിക്കുന്നതാണ്. മതബോധന വിദ്യാർത്ഥികളുടെ അർദ്ധവാർഷിക പരീക്ഷാഫലം യൂണിറ്റുകളിൽ പ്രസിദ്ധീകരിക്കേണ്ടതാണ്; മാർക്കുകളോടൊപ്പം പരീക്ഷാതിയ്യതിവരെ വിദ്യാർത്ഥികൾക്ക് ലഭിച്ചിരിക്കുന്ന Total Attendance ഉം പ്രസിദ്ധീകരിക്കേണ്ടതാണ്.

ഡയറക്ടർമാർ സന്ദർശിച്ച മതബോധന യൂണിറ്റുകൾ:

പൂച്ചിണ്ണിപ്പാടം, പെരിഞ്ചേരി, അമലനഗർ, പൂങ്കുന്നം, ആർത്താറ്റ്,

**1. Headmasters' Conference**

| | | |
|---|---|---|
| Date | : | 14th September |
| Day | : | Sunday |
| Time | : | 02.30 pm to 4.30 pm |
| Venue | : | Catechetical Centre, DBCLC, Thrissur |

എല്ലാ ഹെഡ്മാസ്റ്റർമാരേയും പ്രത്യേകം ക്ഷണിക്കുന്നു. എല്ലാവരും നിർബന്ധമായും എത്തേണ്ടതാണ്. പ്രാതിനിധ്യം ഇല്ലാതെ വരരുത് എന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

**2. Sunday Catechism -**
**Half Yearly Examination 02.00 pm - 04.00pm**

| | |
|---|---|
| 21st September | Stds. I, III, V, VII, IX, XI |
| 5th October | Stds. II, IV, VI, VIII, X, XII, ACC |

**3. School Catechism & Moral Science - Half Yearly Examination**

26th September Friday

Question Paper Packets can be taken from Archdiocesan Catechetical Centre from 22nd September onwards.

**4. Progress Report**

പരീക്ഷകൾക്കുശേഷം കുട്ടികളുടെ മാതാപിതാക്കൾക്കുള്ള Progress Report Forms (Sunday Catechism) Catechetical Book Stallൽ നിന്ന് വാങ്ങാവുന്നതാണ്.

**5. Animation Course for Sunday Catechism Teachers**

| | | |
|---|---|---|
| Time | : | 02.00 - 05.00 |
| Dates | : | 19th October, 16th November, 14th December |

Venue : Catechetical Centre, DBCLC, Thrissur

വിഷയം: ക്രിസ്തീയ കുടുംബം - ദൈവഭവനം

അദ്ധ്യാപകരെ പറഞ്ഞയയ്ക്കുവാൻ അധികൃതർ ശ്രമിക്കുമല്ലോ. Please see Annual Programme p. 27-28

**6. One Day Seminar for Std. XII Students : FAMILIA CRISTIANA**

Venue: Catechetical Centre, (DBCLC, Archbishop's House) Thrissur

Std. XII ലെ എല്ലാ ഞായറാഴ്ച മതബോധന വിദ്യാർത്ഥി വിദ്യാർത്ഥിനികളും അതിരൂപതാ മതബോധന കേന്ദ്രത്തിൽ വെച്ച് നടത്തുന്ന FAMILIA CRISTIANA (ഫമീലിയ ക്രിസ്റ്റ്യാന) ഏകദിന സെമിനാറിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. സമയം 9.30 am to 4.30 pm. സെമിനാറിൽ വരുന്ന കുട്ടികൾക്ക് ദിവ്യബലി ഉണ്ടായിരിക്കുന്നതാണ്. 4.00 pm വരെ സെമിനാർ ഉണ്ടെന്ന വിവരം കുട്ടികളുടെ മാതാപിതാക്കളെ അറിയിക്കേണ്ടതാണ്. ക്ലാസ്സ് അദ്ധ്യാപകരുടെ സാന്നിദ്ധ്യം പ്രതീക്ഷിക്കുന്നു. ഫൊറോന അടിസ്ഥാനത്തിൽ യൂണിറ്റുകൾക്ക് നിശ്ചയിച്ചിരിക്കുന്ന ദിവസങ്ങൾ താഴെ ചേർക്കുന്നു. ഏതെങ്കിലും യൂണിറ്റുകൾക്ക് നിശ്ചയിച്ചിരിക്കുന്ന ദിവസത്തിൽ പ്രത്യേക കാരണത്താൽ പങ്കെടുക്കാൻ സാധിക്കുന്നില്ലെങ്കിൽ മറ്റൊരു ദിവസത്തേക്ക് മാറ്റം വരുത്തുന്നതിന് മതബോധനകേന്ദ്രത്തിൽ October 12 ന് മുമ്പ് അറിയിക്കേണ്ടതാണ്.

FAMILIA CRISTIANA : One Day Seminar for Std. XII Students

Time : 09.30 am - 04.00 pm

Venue for all Seminars : Catechetical Centre, DBCLC
Catholic Archbishop's House
Thrissur - 680 005

| Sl. No | Students from Foranes of | Date |
|---|---|---|
| 1 | Erumapetty, Pazhuvil, Velur | Oct.12 |
| 2 | Kottekad, Pattikad, Wadakanchery | Oct. 19 |
| 3 | Chelakkara, Palayur & Parappur | Oct.26 |
| 4 | Mattom, Kandassankadavu | Nov. 2 |

| | | |
|---|---|---|
| 5 | Basilica & Puthur | Nov. 9 |
| 6 | Pudukad | Nov. 16 |
| 7 | Cathedral | Nov. 23 |
| 8 | Ollur | Nov. 30 |

(ഇറ്റാലിയൻ ഭാഷയിൽ FAMILIA CRISTIANA= Christian Family, ക്രൈസ്തവ കുടുംബം)

**7. Logos Quiz**

Std. V മുതലുള്ള എല്ലാ കുട്ടികളേയും പ്രസ്തുത പരീക്ഷയെഴുതുവാൻ പ്രോത്സാഹിപ്പിക്കേണ്ടതാണ്.

**8. Syro - Malabar Catechetical Commission Award**

ഈ അവാർഡിനുവേണ്ടി, ഇടവകയിൽനിന്നും തിരഞ്ഞെടുക്കപ്പെട്ട Std. XII-ൽ ഇപ്പോൾ പഠിക്കുന്ന 2 ആൺകുട്ടികളുടേയും 2 പെൺകുട്ടികളുടേയും പ്രവേശനഫോറങ്ങൾ മതബോധന കേന്ദ്രത്തിൽ എത്തിച്ചുതരാത്ത യൂണിറ്റുകൾ എത്രയും വേഗം എത്തിച്ചുതരേണ്ടതാണ്.

ഫൊറോനാടിസ്ഥാനത്തിലുള്ള തെരഞ്ഞെടുപ്പിന്റെ സംവിധാനം ചെയ്തുകൊണ്ടിരിക്കുന്നു.

ഓരോ ഫൊറോനയ്ക്കും നിശ്ചയിച്ചരിക്കുന്ന ദിവസങ്ങൾ താഴെ ചേർക്കുന്നു.

| Forane Level Half Day Workshop Programme - Sundays | |
|---|---|
| Oct. 12 Sunday | Basilica, Cathedral, Chelakkara, Kandassankadavu |
| Oct. 19 Sunday | Erumapetty, Mattom, Palayur, Pudukad |
| Nov. 2 Sunday | Kottekad, Ollur, Pattikad Puthur |
| Nov. 9 Sunday | Parappur, Pazhuvil, Velur, Wadakkanchery |

ഉച്ചക്ക് 01.30 മുതൽ 04.30 വരെയാണ് ഇവർക്കുള്ള ക്ലാസ്സ് 01.30 ന് മുമ്പു തന്നെ കുട്ടികളെ ഫൊറോനകേന്ദ്രങ്ങളിൽ എത്തിച്ചിരിക്കേണ്ടതാണ്. ഫൊറോനാകേന്ദ്രത്തിലേക്ക് യൂണിറ്റിൽ നിന്നും പങ്കെടുക്കാൻ വരുന്ന കുട്ടികൾ വികാരിയച്ചന്റെ സാക്ഷ്യപത്രം കൊണ്ടുവരേണ്ടതാണ്.

## 9. Unit Secretary Conference

ഈ വർഷത്തെ Unit Secretary Conference 6th November Sunday ആണ്. എല്ലാ യൂണിറ്റ് സെക്രട്ടറിമാരേയും പ്രത്യേകം ക്ഷണിക്കുന്നു. 02.30 pm at DBCLC

**10. സമ്മാനവിതരണമേള** - 15th August

ഈ വർഷത്തെ സമ്മാനവിതരണമേള സാഘോഷം നടത്തപ്പെട്ടു. അഭിവന്ദ്യ പിതാവ് മാർ ആൻഡ്രൂസ് താഴത്ത് മേളയുടെ ഉദ്ഘാടനവും സമ്മാനവിതരണവും നിർവ്വഹിക്കുകയുണ്ടായി. അതിരൂപതാ വികാരി ജനറാളും മതബോധന കാര്യങ്ങൾക്ക് അഭിവന്ദ്യപിതാവ് നിശ്ചയിച്ചിരിക്കുന്ന വികാരി ജനറാളുമായ മോൺ. ജോർജ്ജ് കോമ്പാറ അദ്ധ്യക്ഷപദം അലങ്കരിച്ചു. അതിരൂപതാപരീക്ഷകളിൽ റാങ്ക് നേടിയ വിദ്യാർത്ഥികൾക്കും പഠനരംഗത്ത് ഉന്നതസ്ഥാനം കരസ്ഥമാക്കിയ മതബോധന യൂണിറ്റുകൾക്കും സ്കൂളുകൾക്കും മാതൃകാ മതബോധനയൂണിറ്റുകൾക്കും അഭിവന്ദ്യപിതാവ് സമ്മാനങ്ങളും ക്യാഷ് അവാർഡുകളും സർട്ടിഫിക്കറ്റും റോളിങ്ങ് ട്രോഫികളും വിതരണം ചെയ്യുകയുണ്ടായി.

## 11. P. T. A. Presidents Meeting

എല്ലാ യൂണിറ്റിലേയും P. T. A. Presidents ന്റെ ഒരു യോഗം October 5ന് മതബോധനകേന്ദ്രത്തിൽ വെച്ച് കൂടുതാണ്. വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

## 12. Unit Visit

November, December - ൽ നടക്കുന്ന Unit Visit- ന്റെ മുന്നോടിയായി, Unit Visit ന് പോകുന്നവരിൽ HM-ഉം Secretary യും ഒഴിക രണ്ട് അദ്ധ്യാപകരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ഒരു യോഗം October 19-ന് മതബോധനകേന്ദ്രത്തിൽ വെച്ച് കൂടുന്നതാണ്. വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

## 3. Sunday Catechism Model Units – 2013 - 2014

| | | |
|---|---|---|
| **1** | Basilica | St. Joseph's Church, Kuriachira |
| **2** | Cathedral | St. John Bosco Church, Mariapuram |
| **3** | Chelakkara | St. Dominic's Church, Pazhayannur |
| **4** | Erumapetty | St. Antony's Church, Parempadam |
| **5** | Kandassankadavu | St. Antony's Church, Arimpur |
| **6** | Kottekad | St. Mary's Church, Peramangalam |
| **7** | Mattom | St. Francis Xavier's Church, Koonammoochi |
| **8** | Ollur | Vijayamatha Church, Chiyyaram |
| **9** | Palayur | St. Thomas Forane Church, Palayur |
| **10** | Parappur | St. John Nepumcian's Forane Church, Parappur |
| **11** | Pattikad | St. Josephs Church, Chuvannamannu |
| **12** | Pazhuvil | St. Antony's Forane Church, Pazhuvil |
| **13** | Pudukad | O. L. of Mount Carmel Church, Chengalur |
| **14** | Puthur | St. Joseph's Church, Valakkavu |
| **15** | Velur | Our Lady of Rosary Church, Eranellur |
| **16** | Wadakkanchery | St. Thomas Church, Thiroor |

**Best Model Unit : St. John Bosco Church Mariapuram**

**Congratulations !!**

സസ്നേഹം,

**Fr. Antony Mecheripidi**
Asst. Director

**Fr. Jiphy Mekkattukulam**
Director

# Institute of Theology (Ph : 2333245)

Six Months Basic Theology Course (Affiliated to Calicut University :

അതിരൂപത ദൈവശാസ്ത്ര പീഠം അത്മായ സഹോദരർക്കായി ആരംഭിച്ച 6 മാസത്തെ ദൈവ ശാസ്ത്ര പഠന കോഴ്സിന്റെ (Basic Theology Course) ഉദ്ഘാടനം ജൂലൈ 7-ാം തിയ്യതി ബുധനാഴ്ച രാവിലെ 10 ന് അതിരൂപതാ മതബോധന കേന്ദ്രത്തിൽ (D.B.C.L.C) വെച്ച് നടത്തപ്പെട്ടു.

അത്മായർക്കും സന്യസ്തർക്കും ദൈവശാസ്ത്രം പഠിക്കുന്നതിനും വിശ്വാസത്തേയും സന്മാർഗ്ഗത്തേയും സഭാചരിത്രത്തേയും സംബന്ധിച്ച് കൂടുതൽ അറിവ് നേടുന്നതിനും, തൃശ്ശൂർ അതിരൂപതയിൽ സ്ഥാപിതമായ പരിശീലന കേന്ദ്രമാണ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് തിയോളജി. ദൈവശാസ്ത്രവിദ്യാപീഠത്തിൽ നിന്നും രണ്ടു വർഷത്തെ കറസ്പോണ്ടൻസ് തിയോളജി കോഴ്സിന്റെ ഒരു പുതിയ ബാച്ച് കൂടി 2014 ജൂലൈ മാസം 27ന് ആരംഭിച്ചിരിക്കുന്നു. എല്ലാ രണ്ടാം ഞായറാഴ്ചകളിലും നാലാം ഞായറാഴ്ചകളിലും ആയിരിക്കും ക്ലാസ്സുകൾ. കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ (Chair for Christian Studies) ന്റെ അംഗീകാരമുള്ള ഒരു കോഴ്സാണിത്.

കറസ്പോണ്ടൻസ് തിയോളജിയുടെ അടുത്ത ക്ലാസ്സ് സെപ്തംബർ 14, 28 എന്നീ ഞായറാഴ്ചകളിൽ 2 മണിമുതൽ 5 മണിവരെയായിരിക്കും.

**Basic Theology Course :**

- തൃശ്ശൂർ അതിരൂപത ദൈവശാസ്ത്രവിദ്യാപീഠം (Institute of Theology) അത്മായ സഹോദരികൾക്കും സഹോദരന്മാർക്കും 4 മാസത്തെ ദൈവശാസ്ത്രപഠന കോഴ്സിന്റെ (Basic Theology Course) പുതിയബാച്ച് ആരംഭിക്കുന്നു.
- 2014 സെപ്തംബർ 22-ാം തിയ്യതി തിങ്കൾ രാവിലെ 10.30ന് ഈ കോഴ്സിന്റെ ഉദ്ഘാടനം അതിരൂപതാ മതബോധന കേന്ദ്രത്തിൽ (D.B.C.L.C) വെച്ച് നടക്കുന്നതായിരിക്കും.
- ആഴ്ചയിൽ, തിങ്കൾ മുതൽ വെള്ളിവരെ രാവിലെ 10.30 മുതൽ ഉച്ചകഴിഞ്ഞ് 2.30വരെയായിരിക്കും. ക്ലാസ്സുകൾ.
- രാവിലെ കുട്ടികളെ സ്ക്കൂളിലേക്ക് വിട്ടതിനു ശേഷവും കുട്ടികൾ തിരിച്ച് വീട്ടിലേക്ക് എത്തുന്നതിനുമുമ്പും മാതാപിതാക്കൾ വീട്ടിൽ ഉണ്ടായിരിക്കുവാൻ ആഗ്രഹിക്കുന്നവരെ പരിഗണിച്ചുകൊണ്ടാണ് ക്ലാസ്സ് സമയം

രാവിലെ 10.30 മുതൽ ഉച്ചകഴിഞ്ഞ് 2.30വരെ ആക്കിയിരിക്കുന്നത്.

- ദൈവശാസ്ത്രം പഠിക്കാൻ താത്പര്യമുള്ള അത്മായരെ ഈ കോഴ്സിലേക്ക് സ്വാഗതം ചെയ്യുന്നു. ഈ ദൈവശാസ്ത്ര പഠനക്ലാസ്സുകൾ മലയാളത്തിലായിരിക്കും. ഈ കോഴ്സിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ തൃശ്ശൂർ അതിരൂപത Institute of Theology യുടെ ഓഫീസിൽ നിന്നും (D.B.C.L.C) അപേക്ഷാഫോറം വാങ്ങി പൂരിപ്പിച്ച് സെപ്തംബർ 15ന് ഓഫീസിൽ തരണമെന്ന് ഓർമ്മപ്പെടുത്തുന്നു.
- കോഴ്സ് ഫീസ് : ഒരാൾക്ക് 1000 രൂപ (ഉച്ചഭക്ഷണം ഉൾപ്പെടുന്നു).
- ഈ കോഴ്സിൽ വിജയിക്കുന്നവർക്ക് തൃശ്ശൂർ അതിരൂപത Institute of Theology യുടെ ഡിപ്ലോമ സർട്ടിഫിക്കറ്റും കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ Chair for Christian Studies & Research ന്റെ ഡിപ്ലോമ സർട്ടിഫിക്കറ്റും ലഭിക്കുന്നതാണ്.
- ഈ കോഴ്സിലെ 24 ദൈവശാസ്ത്രവിഷയങ്ങൾ പഠിപ്പിക്കുന്നത് : മാർ ആൻഡ്രൂസ് താഴത്ത്, മാർ റാഫേൽ തട്ടിൽ, ദൈവശാസ്ത്രത്തിൽ ഡോക്ടറേറ്റ് നേടിയ തൃശ്ശൂർ അതിരൂപതയിലെ വൈദികർ.

**B.A. in Theology and Religious Studies**

Leuven യുണിവേഴ്സിറ്റിയിൽ നിന്ന് വിസിറ്റിങ്ങ് പ്രൊഫസറായി വന്ന പ്രൊഫ. ഡോ. ജോറിസ് ജെൽദോഫിന് ബി.എ. തിയോളജി വിദ്യാർത്ഥികൾ ഹാർദ്ദമായ സ്വീകരണം നൽകി. Liturgical Movement എന്ന വിഷയത്തെക്കുറിച്ച് പ്രൊഫസർ ക്ലാസ്സ് എടുത്തു. പരീക്ഷയിൽ വിജയിച്ച എല്ലാവർക്കും അഭിനന്ദനങ്ങൾ. മേരി മാതാ മേജർ സെമിനാരിയിൽ വച്ച് നടത്തിയ സിംപോസിയത്തിൽ ബി.എ. തിയോളജി വിദ്യാർത്ഥികൾ എല്ലാവരും പങ്കെടുത്തു.

യുറോപ്പിലെ Catholic University of Leuven, Belgium വുമായി affiliate ചെയ്തിരിക്കുന്ന ദൈവശാസ്ത്രവിദ്യാപീഠത്തിൽ നിന്നും മൂന്നുവർഷത്തെ B.A in Theology and Religious Studies ന്റെ പുതിയ ബാച്ച് ആരംഭിക്കുന്നു. ഈ കോഴ്സിൽ ചേരാൻ ആഗ്രഹിക്കുന്നവർ September 30 ാം തിയ്യതി ചൊവ്വാഴ്ച 2.30 pm. 4.30 pm വരെ നടക്കുന്ന Entrance Exam ൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. ഞായറാഴ്ചകളിലും പൊതുഅവധി ദിവസങ്ങളിലും 2 മണി മുതൽ 5 മണിവരെ ആയിരിക്കും. ക്ലാസ്സുകൾ. വിദ്യാഭ്യാസയോഗ്യതയും വിശ്വാസബോധ്യങ്ങളിൽ ആഴപ്പെടാൻ ആഗ്രഹമുള്ള എല്ലാ അത്മായർക്കും സന്യസ്തർക്കും സ്വാഗതം. റിട്ടയേർഡ് ഉദ്യോഗസ്ഥർക്കും, അദ്ധ്യാപകർക്കും, മതബോധന അദ്ധ്യാപകർക്കും, ഈ കോഴ്സിൽ ചേരാവുന്നതാണ്.

**Conditions and requirements to Join B.A. in Theology and Religious Studies**

- Open to all who have a Bachelor degree or equivalent in any other secular topics and who want to deepen Christian faith.
- Welcome to Medical and Engineering Students who desire to know more about catholic and moral teachings on life and ethical issues
- Welcome to Government officers who desire to witness Christ and impart His teaching among their co- workers and friends
- Welcome to retired teachers, professors who wish to continue their academic brilliance in service of Church's Teaching ministry
- No age limit for admission.
- Candidate has to pass the Entrance Examination conducted by Institute of Theology Thrissur
- B.A. Theology Study Programme is equivalent to 180 Credit Points in three years.
- A Credit Point is 15 hours.
- The Credits could be attained by attending the Classes of each Subject, Seminars, writing assignments and book reviews suggested by the Institute annual paper and a dissertation work presented to the Faculty of Theology, Catholic University of Leuven (K.U.L) Belgium.
- Medium of Teaching : English; Course Fees Rs. 1000/- per year.
- For more details, contact Director

  Rev. Dr. Jiphy Mekkattukulam, Director, Institute of Theology

  DBCLC, Archbishop's House, Trichur 680 005, Phone : (0487) 2333245

  E-mail : Institute.of.theology@gmail.com

# മേരിമാതാ മേജർ സെമിനാരി

**മാസധ്യാനം – ആഗസ്റ്റ് 1**

മുന്തിരിച്ചെടിയോട് ചേർന്ന് നിൽക്കുന്ന ശാഖകൾ ഏറെ ഫലം നൽകുന്നതുപോലെ ക്രിസ്തുവിനോട് ചേർന്ന് നിൽക്കുന്ന ശിഷ്യത്വങ്ങൾ ഏറെ നന്മകൾ പുറപ്പെടുവിക്കുമെന്ന ഓർമ്മപ്പെടുത്തലായിരുന്നു ആഗസ്റ്റ് മാസത്തിലെ മാസധ്യാനം. വിശ്വാസത്തിന്റെ വെളിച്ചത്തിലൂടെയും വിശുദ്ധരുടെ അനുഭവത്തിലൂടെയും ആബ്ബാ ധ്യാനകേന്ദ്രം അസി.ഡയറക്ടർ ഫാ. സജു വടക്കേത്തല ദൈവവചന പ്രഘോഷണം നടത്തിയത് ഏറെ അനുഭവപ്രദമായി.

**വിയാനി തിരുനാൾ ആഘോഷിച്ചു. – ആഗസ്റ്റ് 4**

പൗരോഹിത്യ ജീവിതത്തിലൂടെ ക്രിസ്തുവിനെ ലോകത്തിന് പങ്കുവെച്ച വൈദികരുടെ മദ്ധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ സെമിനാരിയിൽ ആഘോഷിച്ചു. ബഹു. ജെയ്സൺ വടക്കേത്തലയച്ചൻ പ്രധാന കാർമ്മികനായ വി. ബലിയിൽ പൗരോഹിത്യ ജീവിതത്തിന്റെ 59 വർഷങ്ങൾ പൂർത്തീകരിച്ച ബഹു. ജൈൽസ് ചേറ്റുപുഴക്കാരൻ അച്ചന്റെ അനുഭവത്തിന്റെ ആഴങ്ങളിൽ നിന്ന് തെളിഞ്ഞ പൗരോഹിത്യ ദർശനങ്ങൾ ഏറെ ഹൃദ്യമായി. പ്രാർത്ഥനാ ജീവിതത്തിന് നൽകേണ്ട പ്രാധാന്യവും അത് എങ്ങനെ വിയാനിയിൽ വിളങ്ങി എന്നും അദ്ദേഹം വിശദീകരിച്ചു.

**Parent's Day – ആഗസ്റ്റ് – 9**

സെമിനാരിയെ അടുത്തറിയാനും സെമിനാരിയുമായി സ്നേഹബന്ധം സ്ഥാപിക്കുന്നതിനുമായി ഒന്നാം വർഷ തത്വശാസ്ത്ര വിദ്യാർത്ഥികളുടെ Parent's Day സെമിനാരിയിൽ സംഘടിപ്പിച്ചു. അന്നേ ദിവസം റെക്ടറച്ചൻ ബലി അർപ്പിച്ച് വൈദിക വിദ്യാർത്ഥികൾക്കും മാതാപിതാക്കൾക്കും വേണ്ടി പ്രാർത്ഥിച്ചു. തുടർന്ന് നടന്ന സമ്മേളനത്തിന് ഫാ. റെക്ടർ അദ്ധ്യക്ഷത വഹിച്ചു. പൗരോഹിത്യ പരിശീലനത്തിൽ മാതാപിതാക്കളുടെ പങ്കിനെക്കുറിച്ച് വൈസ് റെക്ടറച്ചൻ പ്രസംഗത്തിൽ വ്യക്തമാക്കി. ബഹു. ആനിമേറ്ററച്ചൻ ഏവരേയും സ്വാഗതം ചെയ്തു. വിവിധ കലാപരിപാടികളും പരിചയപ്പെടലും പൗരോഹിത്യ ചിന്തകൾ പങ്കുവെയ്ക്കലും നടന്നു.

**വി. മാക്സ്മില്യൻ കോൾബെ – ആഗസ്റ്റ് – 14**

തടവറ ജീവിതത്തിൽ സഹതടവുകാരനുവേണ്ടി ജീവൻ ഹോമിച്ച വി. മാക്സ്മില്യൻ കോൾബെയുടെ തിരുനാൾ സെമിനാരിയിൽ ആഘോഷിച്ചു.

അന്നേ ദിവസം തടവറ മക്കളുടെ ഇടയിൽ പ്രേഷിത പ്രവർത്തനം നടത്തുന്ന 'ജീസസ് ഫ്രട്ടേണിറ്റി' പ്രവർത്തകർ പ്രത്യേക പ്രാർത്ഥനയും അനുഭവ പങ്കുവെയ്പും സംഘടിപ്പിച്ചു. തിരുനാൾ ദിനത്തിൽ തടവറ പ്രേഷിത പ്രവർത്തനങ്ങൾ വിവരിക്കുകയും ബലി അർപ്പിച്ച് പ്രാർത്ഥിക്കുകയും ചെയ്തു.

**സ്വാതന്ത്ര്യദിനവും സ്വർഗ്ഗാരോപണ തിരുനാളും ആഘോഷിച്ചു. ആഗസ്റ്റ് – 15**

ഇന്ത്യയുടെ സ്വാതന്ത്ര്യദിനവും മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാളും സെമിനാരിയിൽ ആഘോഷിച്ചു. മേരിമാതാ സെമിനാരി എന്ന സ്വപ്നം പൂവണിഞ്ഞതിന്റെ ഓർമ്മകൾ ഉണർത്തുന്ന ദിനം കൂടിയാണ് ആഗസ്റ്റ് 15. അതിനാൽ അന്നേ ദിവസത്തെ ബലി അർപ്പണത്തിൽ ഈ സ്വപ്നം പ്രാവർത്തികമാക്കാൻ പ്രവർത്തിച്ചവരെ അനുസ്മരിക്കുകയും ചെയ്തു. ദൈവമാതാവിന്റെ വിശുദ്ധിയും ഗുണങ്ങളും ഏവരും സ്വന്താക്കാൻ ബലിയർപ്പണ മദ്ധ്യേ വികാരി ജനറാൾ മോൺ. ജോർജ്ജ് എടക്കുളത്തൂർ ഉദ്ബോധിപ്പിച്ചു. അന്നേദിവസം സംഘടിപ്പിച്ച അക്കാദമിയിൽ സ്വജീവൻ ഹോമിച്ച് മഹാത്മക്കൾ നേടിതന്ന സ്വാതന്ത്ര്യത്തിന്റെ വില തിരിച്ചറിയാൻ ചടങ്ങ് ഉദ്ഘാടനം ചെയ്ത അഡ്വ. ബിജു കുണ്ടുകുളം ഓർമ്മിപ്പിച്ചു. സമ്മേളനത്തിൽ ഫാ. റെക്ടർ അദ്ധ്യക്ഷത വഹിച്ചു.സ്വതന്ത്ര ഭാരത്തിന്റെ ഓർമ്മകൾ ഉണർത്തുന്ന ത്രിവർണ്ണ പതാക ഉയർത്തി. തുടർന്ന് മൂന്നാം വർഷ തത്വശാസ്ത്ര വിദ്യാർത്ഥികൾ അവതരിപ്പിച്ച ഡിസ്പ്ലെ ചടങ്ങുകൾ കൂടുതൽ മനോഹരമാക്കി.

**ഉപകാരി സംഗമം – ആഗസ്റ്റ് 16**

വൈദിക പരിശീലനത്തിന് ആവശ്യമായ സാമ്പത്തിക സഹായങ്ങളും പ്രാർത്ഥനകളും ഹൃദയപൂർവ്വം സമർപ്പിക്കുന്ന സുമനസ്സുകൾ മേരിമാതാ സെമിനാരിയിൽ ഒത്തുചേർന്നു. അന്നേദിവസം മാർ റാഫേൽ തട്ടിൽ വൈദികപരിശീലനത്തിൽ അവരുടെ ത്യാഗപൂർണ്ണമായ സഹകരണങ്ങൾക്ക് നന്ദി പറയുകയും അഭിനന്ദിക്കുകയും ചെയ്തു. ഉപകാരി സംഗമത്തിന്റെ ഭാഗമായി വി.കുർബ്ബാനയും ഉച്ചഭക്ഷണവും ക്രമീകരിച്ചു. തിരക്കിനിടയിൽ അഭിവന്ദ്യ ആൻഡ്രൂസ് താഴത്ത് പിതാവ് വന്ന് ഉപകാരികളോട് സന്തോഷം പങ്കുവെച്ചത് ഏറെ ഹൃദ്യമായി. അന്നേദിവസം വൈകുന്നേരം ഒന്നാം വർഷ ദൈവശാസ്ത്ര വിദ്യാർത്ഥികൾ അവതരിപ്പിച്ച കലാവിരുന്ന് ലളിതവും മനോഹരവുമായിരുന്നു.

**ബേഴ്സ് സ്ഥാപിച്ചവർ**

**Individual Patron Membership**

ടി.ജെ. തോംസൺ, തച്ചിൽ ഹൗസ്, കുന്നംകുളം,

**Individual Benefactor Membership**

1. ശ്രീമതി മേഴ്സി ജേക്കബ് & ശ്രീ. പി.ടി. ജേക്കബ്ബ്, പുളിക്കൻ ഹൗസ്, ചേർപ്പ്
2. ശ്രീമതി റോസി പോൾ, ചാണ്ടി ഹൗസ്, രാമവർമപുരം

**Institutional Well Wishers Membership**

1. റവ. സി. സുപ്പീരിയർ& കമ്മ്യൂണിറ്റ്, മേരി ഇമാക്കുലേറ്റ് എഫ്.സി. കോൺവെന്റ്, തൃശ്ശൂർ

**Individual Well Wisher Membership**

1. റവ. സി. കൊർദേലിയ എഫ്.സി.സി., സെന്റ് ഫ്രാൻസീസ് അസ്സീസി കോൺവെന്റ്, മുണ്ടൂർ

**ഫാ. ബാബു പാണാട്ടുപറമ്പിൽ**

റെക്ടർ

**PH : 2420891**

## സെന്റ് മേരീസ് മൈനർ സെമിനാരി

**Extension Lecture**

ജൂലൈ 19-ാം തിയതി അമേരിക്കയിലെ ന്യൂജഴ്സി രൂപാതാംഗമായ മോൺ. ഫ്രാൻസിസ് ജെ ഡഫി “ശുശ്രൂഷാ പൗരോഹിത്യം : വിവിധ കാഴ്ചപ്പാടുകൾ” എന്ന വിഷയത്തെ ആസ്പദമാക്കി പ്രഭാഷണം നടത്തി.

**Vianney Skit competition**

വൈദികരുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വിശുദ്ധ ജോൺ മരിയ വിയാനിയുടെ ജീവിതം കൂടുതൽ അടുത്തറിയാൻ അവസരമൊരുക്കുക എന്ന ഉദ്ദേശ്യത്തോടെ സംഘടിപ്പിച്ച സ്കിറ്റ് മത്സരത്തിൽ ആറു ഗ്രൂപ്പുകളിലായി സെമി

നാരി വിദ്യാർത്ഥികളെല്ലാവരും പങ്കെടുത്തു. ജൂലൈ 19-ാം തിയതിയായിരുന്നു മത്സരത്തിൽ വേദിയൊരുങ്ങിയത്.

**അഭിവന്ദ്യ തൂങ്കുഴി പിതാവിന്റെ നാമഹേതുക തിരുനാൾ**

ജൂലൈ 25-ാം തിയതി സാർവ്വത്രിക സഭ രക്തസാക്ഷിയായ വി.യാക്കോബ് ശ്ലീഹായുടെ തിരുനാൾ ആഘോഷിച്ചപ്പോൾ സെമിനാരി കുടുംബം സെമിനാരിയിലെ സ്നേഹസാന്നിദ്ധ്യമായ അഭിവന്ദ്യ മാർ ജേക്കബ്ബ് തൂങ്കുഴി പിതാവിന്റെ നാമഹേതുക തിരുനാൾ പ്രാർത്ഥനാ നിർഭരമായി ആചരിച്ചു. അഭിവന്ദ്യ തൂങ്കുഴി പിതാവ് വിശുദ്ധ ബലിയർപ്പിച്ച് വി. യാക്കോബ് ശ്ലീഹായുടെ ജീവിതത്തെ അധികരിച്ച് സന്ദേശം നൽകി. സെമിനാരി കുടുംബം അഭിവന്ദ്യ തൂങ്കുഴിപിതാവിന് ഹൃദ്യമായ ആശംസകൾ നേർന്നു.

**തൃശ്ശൂർ അതിരൂപതാ വൈദിക കൂട്ടായ്മ**

വിശുദ്ധ ജോൺ മരിയ വിയാനിയുടെ തിരുനാളാചരിക്കാനും പൗരോഹിത്യ ശുശ്രൂഷ ജീവിതത്തിന്റെ സുവർണ്ണ രജത ജൂബിലി ആഘോഷിക്കുന്ന തൃശ്ശൂർ അതിരൂപതയിലെ വൈദികരെ ആദരിക്കാനും അനുമോദിക്കാനും തന്റെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വി. യാക്കോബ് ശ്ലീഹായുടെ തിരുനാളിനോടനുബന്ധിച്ച് മാർ തൂങ്കുഴി പിതാവിന് ആശംസകളർപ്പിക്കാനുമായി ജൂലൈ 31-ാം തിയതി അതിരൂപതയിലെ വൈദികർ സെമിനാരിയിൽ ഒന്നുചേർന്നു. അഭിവന്ദ്യ തൂങ്കുഴി പിതാവ് മുഖ്യകാർമ്മികത്വം വഹിച്ച വിശുദ്ധ ബലിയർപ്പണത്തിൽ അഭിവന്ദ്യ താഴത്തു പിതാവും തട്ടിൽ പിതാവും ജൂബിലി ആഘോഷിക്കുന്ന ബഹു. വൈദികരും സഹകാർമ്മികരായിരുന്നു. ജൂബിലേറിയനായ ബഹു. ജോസ് കോനിക്കരയച്ചൻ (ജൂനിയർ) ദിവ്യബലി മദ്ധ്യേ വചനസന്ദേശം നൽകി. സെമിനാരി ഓഡിറ്റോറിയത്തിൽ നടന്ന വൈദിക കൂട്ടായ്മയിൽ വച്ച് അഭിവന്ദ്യ തൂങ്കുഴി പിതാവിനും ജൂബിലേറിയന്മാർക്കും സജീവ അജപാലന രംഗത്തുനിന്നും വിരമിക്കുന്ന ബഹു. ആന്റണി തേയ്ക്കാനത്തച്ചനും ആശംസകളർപ്പിച്ചു. സെമിനാരി വിദ്യാർത്ഥികൾ സുറിയാനി പ്രാർത്ഥനാഗീതമാലപിച്ചും വിശുദ്ധ വിയാനിയുടെ ജീവിതത്തെ ആസ്പദമാക്കിയിട്ടുള്ള അവതരണം നടത്തിയും കൂട്ടായ്മയക്ക് മാറ്റുകൂട്ടി.

**വിശുദ്ധ വിയാനിയുടെ തിരുനാൾ**

സ്വർഗ്ഗത്തിലിരുന്ന് തങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുന്ന വിശുദ്ധ ജോൺ മരിയ വിയാനിയുടെ തിരുനാൾ ആഗസ്റ്റ് 4-ാം തിയതി സെമിനാരി കുടുംബം സമുചിതമായി ആചരിച്ചു. അന്നേദിവസം വിശുദ്ധ കുർബ്ബാനയർപ്പിച്ച് വചനസന്ദേശം നൽകിയത് ബഹു. ജോസ് കോനിക്കര (ജൂനിയറച്ചനാണ്)

വൈകീട്ട് സെമിനാരി വിദ്യാർത്ഥികൾക്കായിട്ടുള്ള വിയാനി ക്വിസ് മത്സരം നടത്തപ്പെട്ടു.

**മാസധ്യാനം**

ദൈവസ്നേഹവലയത്തിൽ നിന്ന് അകന്നുപോകാതിരിക്കാൻ എപ്പോഴും ശ്രദ്ധയുള്ളവരായിക്കണമെന്ന് സന്ദേശം ശക്തമായി ഉൾകൊള്ളാൻ സഹായിക്കും വിധം ഈ മാസത്തെ ധ്യാനം (09/08/2014) നയിച്ചത് ബഹു. സൈമൺ തേർമഠം അച്ചനായിരുന്നു.

**അഭിവന്ദ്യപിതാവിന്റെ സന്ദർശനം**

ആഗസ്റ്റ് 11-ാം തിയതി അഭിവന്ദ്യ ആൻഡ്രൂസ് താഴത്ത് പിതാവ് സെമിനാരി സന്ദർശിക്കുകയും സെമിനാരി കുടുംബത്തോടൊപ്പം ദിവ്യബലിയർപ്പിച്ച് സന്ദേശം നൽകുകയും ചെയ്തു.

**SVDP മത്സരങ്ങളിൽ സമ്മാനർഹരായി**

വിൻസെൻഷ്യൻ പ്രവർത്തകർക്കുള്ള 2014 ക്വിസ് - ഉപന്യാസ പ്രസംഗമത്സരങ്ങളിൽ സെമിനാരി കോൺഫ്രൻസിൽ നിന്നുള്ള സഹോദരന്മാർ പങ്കെടുത്തു. ഏരിയ കൗൺസിൽ തലത്തിലും സെൻട്രൽ കൗൺസിൽ തലത്തിലും സെമിനാരിക്കാർ സമ്മാനങ്ങൾ നേടി.

**മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാളും സ്വാതന്ത്ര്യദിനാഘോഷവും**

ബഹു. റോയ് മൂക്കനച്ചൻ അന്നേദിവസം ആഘോഷമായ വിശുദ്ധ ബലിയർപ്പിക്കുകയും ചിന്തോദ്ദീപകമായ തിരുവചന സന്ദേശം നൽകുകയും ചെയ്തു. സ്വാതന്തര്യദിനാഘോഷ ചടങ്ങുകളിലും മുഖ്യാതിഥിയായിരുന്ന ബഹ. റോയ് മൂക്കനച്ചൻ ദേശീയ പതാക ഉയർത്തി സ്വാതന്ത്ര്യദിന ചിന്തകൾ ഹൃദയസ്പർശിയായി പങ്കുവെച്ചു.

**ബേഴ്സ് സ്ഥാപിച്ചവർ**

1. ശ്രീമതി മേരി വി.എ., വടക്കേത്തല പൂവ്വത്തിങ്കൽ ഹൗസ് C/o. സെന്റ് ജെമ്മാസ് കോൺവെന്റ്, അരിമ്പൂർ
2. ശ്രീ. ജോസഫ് ലിയോ, ഒലക്കേങ്കിൽ ഹൗസ്, പാവറട്ടി
3. ശ്രീ. പൗലോസ് എ. പി. ആളൂർ ഹൗസ്, തിരൂർ
4. ശ്രീമതി & ശ്രീ. കുര്യാക്കോസ് ഇ.ഡി, എലുവത്തിങ്കൽ മുട്ടിക്കൽ ഹൗസ്,

അരിമ്പൂർ

5. ശ്രീ. വി.ടി. തോമസ് (ജോയ്) വെട്ടത്ത് ഹൗസ്, വീണ്ടശ്ശേരി
6. ശ്രീമതി പി.വി. റോസിലി, പുലിക്കോട്ടിൽ ഹൗസ്, പാവറട്ടി.
7. ശ്രീ. തോമസ് കെ.എ., കുറ്റിക്കാട്ട് ഹൗസ്, ട്രിനിറ്റി വില്ല, നെല്ലിക്കുന്ന്
8. സെന്റ് ജോൺ മരിയ വിയാനി കുടുംബക്കൂട്ടായ്മ, സെന്റ് ആന്റണീസ് ചർച്ച്, വടക്കേ കാരമുക്ക്
9. ശ്രീ. സജി ഫ്രാൻസീസ്, വഴാപ്പിള്ളി ഹൗസ്, ബ്രഹ്മക്കുളം
10. ശ്രീ. ജോബി സി.ജെ, ചിറമ്മൽ ഹൗസ്, പാവറട്ടി.

ദൈവം ദാനമായി നൽകിയതിൽ നിന്ന് നന്ദിയോടെയും സ്നേഹത്തോടെയും ദൈവികകാര്യങ്ങൾക്കായി സമർപ്പണം നടത്താൻ സൗമനസ്യം കാണിച്ച നിങ്ങളേവരെയും അനുഗ്രഹങ്ങളുടെ അധിനാഥനായ ഈശോ ആശീർവദിക്കട്ടെ, കൃതജ്ഞതയോടെ

**ഫാ. ജെയ്സൺ കൂനംപ്ലാക്കൽ**

റെക്ടർ

## മഹാജൂബിലി ട്രെയിനിംഗ് കോളേജ്, മുള്ളൂർക്കര

### മഹാജൂബിലി കോളേജ് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ് – പുതിയ കെട്ടിടത്തിലേക്ക്

മഹാജൂബിലി ട്രെയിനിംഗ് കോളേജിനോട് അനുബന്ധിച്ച് കഴിഞ്ഞവർഷം ആരംഭിച്ച മഹാജൂബിലി കോളേജ് ഓഫ് അഡ്വാൻസഡ് സ്റ്റഡീസ് നസ്രത്ത് സെന്ററിലെ പുതിയ കെട്ടിടത്തിൽ ജൂലൈ 14 മുതൽ ആരംഭിച്ചു. പ്രസ്തുത കോളേജിന്റെ ആശീർവ്വാദം തൃശ്ശൂർ അതിരൂപതാ വികാരി ജനറാൽ മോൺ . ജോർജ്ജ് എടക്കളത്തൂർ ജൂലൈ 14ന് നിർവ്വഹിച്ചു. പുതിയ വർഷത്തിന്റെ ഉദ്ഘാടനം വികാരി ജനറാൾ മോൺ. ജോർജ്ജ് കോമ്പാറ ഭദ്രദീപം കൊളുത്തി നിർവ്വഹിച്ചു. ഫാ. ജോസ് പുന്നോലി പറമ്പിൽ, പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ലൂസി ടീച്ചർ, ഫാ. ചാക്കോ ചിറമ്മൽ സി. റോസ്‌ലിൻ പിടിയത്ത്, ഫാ. ജോജു ആളൂർ, ഡോ. ജെസി മാത്യൂസ് എന്നിവർ ആശംസകളർപ്പിച്ചു. പ്രിൻസിപ്പൽ ഫാ. ദേവസ്സി പന്തല്ലൂക്കാരൻ സ്വാഗതവും ഫാ.ബിജു നന്ദിക്കര കൃതജ്ഞതയും പ്രകാശപ്പിച്ചു.

### Teaching Practice സമാപിച്ചു

ബി.എഡ്. വിദ്യാർത്ഥികളുടെ അദ്ധ്യാപക പരിശീലനം 21 സ്കൂളുകളി

ലായി ആഗസ്റ്റ് 22ന് സമാപിച്ചു.

**ഡാറ്റ കളഷ്ൻ സമാപിച്ചു.**

എം.എഡ്. പഠനത്തിന്റെ ഭാഗമായി വിവിധ വിഷയങ്ങളെ ആസ്പദമാക്കി തയ്യാറാക്കുവാനുള്ള Dissertation ന്റെ ഡാറ്റ കളക്ഷൻ ആഗസ്റ്റ് 11ന് സമാപിച്ചു.

**ആർട്സ് ഡേ ആഘോഷിക്കുന്നു**

കോളേജ് പഠനത്തിന്റെ ഭാഗമായി ഭാവി അദ്ധ്യാപകരുടെ കഴിവുകൾ വളർത്തുവാനായി സെപ്തംബർ 25, 26 തിയതികളിൽ ആർട്സ് ഡേ സംഘടിപ്പിക്കുന്നു.

**ഫാ. ചാക്കോ ചിറമ്മൽ**
പി.ആർ.ഒ.

**ഫാ. ദേവസ്സി പന്തല്ലൂക്കാരൻ**
അസി. ബർസാർ

## ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസെർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

ബിഷപ്പ് ആലപ്പാട്ട് റോഡ്, ജൂബിലി മിഷൻ പി. ഒ., തൃശ്ശൂർ ഈസ്റ്റ് - 680005

**ജൂബിലി മിഷൻ ആശുപത്രിയിൽ സൗജന്യ പരിശോധന ക്യാമ്പ് നടത്തി**

ഹെർണിയ, ഹൈഡ്രോസീൽ, മാറിലും ശരീരത്തിന്റെ മറ്റു ഭാഗങ്ങളിലുള്ള മുഴകൾ, കണ്ഠമുഴകൾ, കാലിൽ ഞെരമ്പ് പെടയ്ക്കുന്ന രോഗം, വൃണങ്ങൾ തുടങ്ങിയ ശസ്ത്രക്രിയസംബന്ധമായ രോഗങ്ങൾ ഉള്ള രോഗികൾക്ക് ജൂലൈ 14 മുതൽ 19വരെ രാവിലെ ഒമ്പതുമണി മുതൽ ഉച്ചയ്ക്ക് ഒരുമണി വരെ സൗജന്യ ക്ലിനിക്കുകൾ നടത്തി.

**ആതുര ശുശ്രൂഷയിൽ ഹൈടെക് വിപ്ലവം - ജൂബിലി മിഷന്റെ സേവനങ്ങൾ മൊബൈൽ ആപ്ലിക്കേഷനിലൂടെ**

ആതുര സേവനത്തിൽ മുൻപന്തിയിൽ നിൽക്കുന്ന ജൂബിലി മിഷൻ മെഡിക്കൽ കോളേജിന്റേയും ആശുപത്രിയുടേയും സേവനങ്ങൾ ഓൺലൈനായി ജനങ്ങളിലേക്ക് എത്തിക്കുന്നതിനായി ആൻഡ്രോയിടിലും, IOs – ലും പ്രവർത്തിക്കുന്ന മൊബൈൽ ആപ്ലിക്കേഷനുകൾ ജൂബിലി മിഷൻ ഇൻഫോർമേഷൻ ടെക്നോളജി വിഭാഗം മേധാവി ഫാ. സിജോ ചെറുവത്തൂരിന്റെ നേതൃത്വത്തിൽ വികസിപ്പിച്ചു. ജൂബിലി മിഷന്റെ ഐ. ടി. സംഘം മൊബീസ് ഇൻഫോർമേഷന്റെ സഹകരണത്തോടെയുള്ള നാലു മാസത്തെ പരിശ്രമമാണ് ഫലമണിഞ്ഞത്.

ഈ ആപ്ലിക്കേഷനിൽ നിന്നും ആശുപത്രിയിൽ നിന്നുള്ള ഡോക്ടർമാരുടെ സേവനങ്ങളും, അവരെ നേരിട്ട് ബുക്ക് ചെയ്യുന്നതിനും ഹോസ്പിറ്റലിൽ അഡ്മിറ്റായിട്ടുള്ള രോഗികളുടെ വിവരങ്ങളും, ബ്ലഡ് ബാങ്ക് സേവനങ്ങളും, ആരോഗ്യരംഗത്തെ വിദഗ്ധരായ ഡോക്ടർമാരുടെ ആരോഗ്യ പരിപാലന നിർദ്ദേശങ്ങളും, ആശുപത്രിയിൽ നിന്നുള്ള അറിയിപ്പുകളും, വാർത്തകളും, ആശുപത്രി അനുബന്ധ ജോലി സാധ്യതകളും, രോഗികൾക്കായുള്ള സഹായങ്ങളും, രക്തദാനത്തിനായി രജിസ്റ്റർ ചെയ്യുന്നതിനും, രജിസ്റ്റർ ചെയ്ത വ്യക്തികളുടെ വിവരങ്ങളും, ആശുപത്രി ബ്ലഡ് ബാങ്കിൽ ലഭ്യമായ രക്തഗ്രൂപ്പുകളുടെ വിവരങ്ങളും ആപ്ലിക്കേഷനിൽ ലഭ്യമാണ്.

- ഡോക്ടർ എൻക്വയറി
- ടോക്കൺ ബുക്കിങ്ങ്
- പേഷ്യന്റ് സർച്ച്
- ബ്ലഡ് ബാങ്ക് സേവനങ്ങൾ
- ജോലി സാധ്യതകൾ
- ആരോഗ്യ പരിപാലന നിർദ്ദേശങ്ങൾ തുടങ്ങിയ സേവനങ്ങൾ

ഉൾക്കൊള്ളിച്ചിരിക്കുന്നു.

ജൂബിലി മിഷൻ മെഡിക്കൽ കോളേജും ആശുപത്രിയുമായി ബന്ധപെട്ട എല്ലാ സേവനങ്ങൾക്കും ആശുപത്രിയിലെ രോഗികളായിട്ടുള്ളവർക്കും, അല്ലാത്തവർക്കും ഈ ആപ്ലിക്കേഷൻ ഗൂഗിൾ പ്ലേ സ്റ്റോറിൽ നിന്നും 'ജൂബിലി മിഷൻ' എന്ന പേരിലുള്ള ആപ്ലിക്കേഷൻ സൗജന്യമായി ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കാവുന്ന രീതിയിലാണ് ക്രമീകരിച്ചിരിക്കുന്നത്.

ഇതുവഴി ആതുരസേവന മേഖലയിൽ മെച്ചപ്പെട്ട സേവന ലഭ്യത ഉണ്ടാക്കുകയും, കൗണ്ടറുകളിലെ തിരക്ക് ഒഴിവാക്കി, വീടുകളിൽ നിന്നുതന്നെ ആശുപത്രി സേവനങ്ങൾ അനായാസം മനസ്സിലാക്കുന്നതിലും ലഭ്യമാക്കുന്നതിനും ഈ ആപ്ലിക്കേഷൻ വഴി സാധ്യമാകുന്നു.

**അഭിനന്ദനങ്ങൾ .... ആശംസകൾ ....**

ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ തൃശ്ശൂർ ജില്ല പ്രഫഷനൽ അവാർഡിന് ജൂബിലി മിഷൻ മെഡിക്കൽ കോളേജിലെ ഗൈനക്കോളജി വിഭാഗം മേധാവി ഡോ. സെറീന ഗിൽവാസും, കാർഡിയോളജി വിഭാഗത്തിലെ അസിസ്റ്റന്റ് പ്രൊഫസർ ഡോ. ബിനോ ബെഞ്ചമിനും അർഹരായി.

**പാരാമെഡിക്കൽ കോഴ്സ് ബിരുദദാനം നടന്നു**

ജൂബിലി മിഷൻ കോളേജ് ഓഫ് അലൈഡ് ഹെൽത്ത് സയൻസസിൽ

നിന്ന് ബിരുദപഠനം പൂർത്തിയാക്കിയവർക്കുള്ള ബിരുദദാന ചടങ്ങ് 2014 ആഗസ്റ്റ് 5 ന് നടന്നു. ജൂബിലി മിഷനിലെ മദർതെരേസ ഹാളിൽ നടന്ന ചടങ്ങിൽ മാർ റാഫേൽ തട്ടിൽ മുഖ്യാതിഥിയായിരുന്നു.

**പുതിയ ഡോക്ടർമാർ**

ഡോ. ഹരികൃഷ്ണൻ ബി. എൽ (ജനറൽ മെഡിസിൻ)
ഡോ. ഉണ്ണി ആർ. ബേബി (പൾമണറി മെഡിസിൻ)
മിസ്സ് ഇന്ദു എസ്. മേനോൻ (ക്ലിനിക്കൽ സൈക്കോളജിസ്റ്റ്)
ഡോ. ഫിറോസ് താഹ (ഫാർമക്കോളജി)

**ഡയാലിസിസിന് സംഭാവന നൽകിയവർ**

1. സേക്രട്ട് ഹാർട്ട് ചർച്ച്, നടത്തറ, തൃശ്ശൂർ ( 208 ഡയാലിസിസ്)
2. മില്ലേനിയം ഗ്രൂപ്പ് ഓഫ് കമ്പനീസ് ( 30 ഡയാലിസിസ്)
3. ശ്രീ. എം. ജെ. റപ്പായി (ലേറ്റ്) മേച്ചേരിപ്പടി ഹൗസ്, കൊഴുക്കുള്ളി, തൃശ്ശൂർ (20 ഡയാലിസിസ്)
4. സെന്റ് മേരീസ് ഫൊറോന ചർച്ച്, കണ്ടശ്ശാംകടവ്, തൃശ്ശൂർ (80 ഡയാലിസിസ്)
5. ആർച്ച് ഡയോസീസ് ഓഫ് ട്രിച്ചൂർ, പാസ്റ്ററൽ കൗൺസിൽ, തൃശ്ശൂർ (70 ഡയാലിസിസ്)
6. മിസ്സ് നീതു പ്രിൻസ്, D/0 അഡ്വക്കേറ്റ് പ്രിൻസ് കാങ്കപ്പാടൻ, ജൂബിലി മിഷൻ പി. ഒ., തൃശ്ശൂർ, (100 ഡയാലിസിസ്)
7. ശ്രീ. വി. എ. ലൂവീസ്, വാഴപ്പിള്ളി ഹൗസ്, കുറ്റൂർ, തൃശ്ശൂർ (30 ഡയാലിസിസ്)
8. ശ്രീ. ഫ്രാൻസിസ് സെബാസ്റ്റ്യൻ, ചെമ്പൂക്കാവ് ഹൗസ്, വിയ്യൂർ, തൃശ്ശൂർ (20 ഡയാലിസിസ്)

**കൺമണിക്കൊരു കരുതൽ**

ആൻ മരിയ, ആലപ്പാട്ട് ഹൗസ്, കുറ്റൂർ,
തൃശ്ശൂർ, റെജി, തലക്കോട്ടൂർ ഹൗസ്, പാലയൂർ, തൃശ്ശൂർ,
ശ്രീ. ഫ്രാൻസിസ് സെബാസ്റ്റ്യൻ, ചെമ്പൂക്കാവ് ഹൗസ്, വിയ്യൂർ, തൃശ്ശൂർ

**അന്നദാനകേന്ദ്രത്തിലേക്ക് സംഭാവന നൽകിയവർ**

ഡോ. ആൻലി & ഡോ. കൊച്ചുത്രേസ്യ മാത്യു
ഡോ. അശ്വത്കുമാർ, JMMC, തൃശ്ശൂർ

**ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത്**

ഡയറക്ടർ

# THRISSUR EDUCATIONAL TRUST
# &
# Jyothi Engineering College

- ജൂലൈ 18ന് അഡ്വ. ജോസ് പീറ്റർ, കെ.ഇ.എൽ.എസ്.എ.യുടെ നേതൃത്വത്തിൽ ഒന്നാംവർഷ വിദ്യാർത്ഥികൾക്കായി ഒരു നിയമ ബോധവൽക്കരണ സെമിനാർ സംഘടിപ്പിച്ചു.
- ജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ സിവിൽ സർവ്വീസ് അഭിരുചിയുള്ള മിടുക്കരായ വിദ്യാർത്ഥികളെ തിരഞ്ഞെടുത്ത് പ്രത്യേക പരിശീലന ക്ലാസ്സുകൾ ജൂലൈ 19 മുതൽ ആരംഭിച്ചു. സിവിൽ സർവ്വീസ് കോച്ചിംഗ് സെന്ററിന്റെ ഔപചാരിക ഉദ്ഘാടനം ശ്രീ. എൻ. ഗോപിനാഥൻ IFS നിർവ്വഹിച്ചു. സിവിൽ സർവ്വീസിന് തയ്യാറെടുക്കുമ്പോൾ ശ്രദ്ധിക്കേണ്ട പ്രധാന കാര്യങ്ങളെക്കുറിച്ച് അദ്ദേഹം വിശദീകരിച്ചു. ഫാ. ജോസ് പുന്നോലിപ്പറമ്പിൽ അദ്ധ്യക്ഷത വഹിച്ചു. പ്രിൻസിപ്പൽ ഡോ. കെ.കെ. ബാബു, അസി. അഡ്മിനിസ്ട്രേറ്റർ Er. ബോബി പീറ്റർ, ശ്രീ. ബിജു സി.വി., ശ്രീ. ബിനീഷ് എന്നിവർ പ്രസംഗിച്ചു.
- ജൂലൈ 24ന് കമ്പ്യൂട്ടർ സയൻസ് & എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ് അസോസിയേഷന്റെ (CESA) ഈ വർഷത്തെ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം കൊച്ചി സ്റ്റാർട്ട്അപ് വില്ലേജ് സി.ഇ.ഒ., ശ്രീ. പ്രണവ് കുമാർ സുരേഷ് നിർവ്വഹിച്ചു.
- ജ്യോതി എഞ്ചിനീയറിംഗ് കോളേജിലെ പുതിയ ബാച്ചിന്റെ അധ്യയനവർഷം 01-08-2014 വെള്ളിയാഴ്ച കാലത്ത് 10 മണിക്ക് തൃശ്ശൂർ അതിരൂപതാ ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്തു. ഗുരുക്കന്മാരെ വന്ദിച്ച് ഗുരുദക്ഷിണ നല്കി തുടങ്ങിയ ചടങ്ങിന് പ്രിൻസിപ്പൽ ഡോ. കെ.കെ. ബാബു സ്വാഗതം ആശംസിച്ചു. കോളേജ് എക്സിക്യൂട്ടീവ് മാനേജർ ഫാ. ജോസ് പുന്നോലിപ്പറമ്പിൽ അദ്ധ്യക്ഷത വഹിച്ചു. കോളേജ് അഡ്മിനിസ്ട്രേറ്റർ തോമസ് മാത്യു, ബോബി പീറ്റർ, സ്റ്റുഡന്റ്സ് റപ്രസന്റേറ്റീവ് ടോണി കള്ളിയത്ത് എന്നിവർ പ്രസംഗിച്ചു. പുതിയ ബാച്ചിലെ കുട്ടികളും മാതാപിതാക്കളുമടക്കം 1500 പേർ ചടങ്ങിൽ പങ്കെടുത്തു.
- ജൂലൈ 4, 5 തിയ്യതികളിലായി ഒന്നാംവർഷ വിദ്യാർത്ഥികൾക്കായുള്ള ഓറിയന്റേഷൻ പ്രോഗ്രാം നടന്നു. അക്കാദമിക് രംഗത്തെ പ്രഗത്ഭരായ വ്യക്തികൾ, വിവിധ വിഷയങ്ങളെക്കുറിച്ച് വിദ്യാർത്ഥികൾക്കായി ക്ലാസ്സുകൾ നടത്തി.
- ആഗസ്റ്റ് 8ന് സിവിൽ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ് അസോസിയേഷന്റെ (CEA) ഈ വർഷത്തെ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം ശ്രീ. ഷൈജു നായർ, ഗുജറാത്ത്, അംബുജ സിമന്റ്സ് നിർവ്വഹിച്ചു.
- മെക്കാനിക്കൽ, സിവിൽ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റുകളിലായി 7 അധ്യാപകർ പുതിയതായി നിയമിതരായി.
- ആദ്യവെള്ളിയാഴ്ച കത്തോലിക്ക കുട്ടികൾക്കുവേണ്ടി കുമ്പസാര സൗകര്യമൊരുക്കുകയും റവ. ഫാ. ജോൺ തറയിലിന്റെ നേതൃത്വത്തിൽ ദിവ്യബലി അർപ്പിക്കുകയും ചെയ്തു.

ഫാ. ജോസ് പുന്നോലിപ്പറമ്പിൽ
എക്സിക്യൂട്ടീവ് മാനേജർ

# സാന്ത്വനം

(സെക്രട്ടറിയേറ്റ് ഓഫ് സോഷ്യൽ അപ്പൊസ്റ്റൊലേറ്റ് ഓഫ് ദി ആർച്ച്ഡയോസിസ് ഓഫ് ട്രിച്ചൂർ)
പേപ്പൽ ടവ്വർ, ശക്തൻ തമ്പുരാൻ നഗർ, തൃശൂർ – 680 001, ഫോൺ 0487 2445580, 2424981
E-mail: santhwanamtcr@gmail.com, website: www.santhwanamtcr.org

## 1. സോഷ്യൽ ആക്ഷൻ

തൃശ്ശൂർ അതിരൂപത സോഷ്യൽ ആക്ഷൻ മഴനിറവ് പദ്ധതിയോടനുബന്ധിച്ച് 2014 ജൂലൈ 28 തിങ്കളാഴ്ച കുരിയച്ചിറ സെന്റ് ജോസഫ്സ് മോഡൽ ഹയർ സെക്കന്ററി സ്കൂളിൽ വിദ്യാർത്ഥികൾക്കായി 'ജീവാമൃതം' ചിത്രരചനാ മത്സരം സംഘടിപ്പിച്ചു. 35 വിദ്യാലയങ്ങളിൽനിന്ന് 400 വിദ്യാർത്ഥികൾ പങ്കെടുത്തു. ഡോ. ജോസ് സി. റാഫേൽ (ഡയറക്ടർ, മഴവെള്ള സംഭരണ മിഷൻ, തൃശ്ശൂർ) 'ജലം ജീവാമൃതം' എന്ന വിഷയത്തെപ്പറ്റി ക്ലാസ്സ് നയിച്ചു. സ്റ്റോറി ടെല്ലർ ശ്രീ. മനു ജോസ് ചർച്ചക്ക് നേതൃത്വം നൽകി. ആർച്ചുബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് വിജയികൾക്ക് പുരസ്കാരങ്ങൾ നൽകി. കുരിയച്ചിറ സെന്റ് ജോസഫ്സ് ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പൽ ഫാ. ഷാജു ചിറയത്ത് ആശംസകൾ നേർന്നു. ഫാ. ലൂയീസ് എടക്കളത്തൂർ സ്വാഗതവും പ്രോജക്ട് കോർഡിനേറ്റർ ജൂബി വി. ജോസ് നന്ദിയും പറഞ്ഞു.

## 2. സ്വയംസഹായ സംഘം

a) വരടിയം എ. ഡി. എസ്.

വരടിയം പാപ്പാനഗർ കമ്മ്യൂണിറ്റി ഹാളിൽ അയൽക്കൂട്ട സംഗമം നടത്തി. പാപ്പാനഗറിൽ പുതുതായി പ്രവർത്തനമാരംഭിച്ച മൂന്ന് സംഘങ്ങളിലെ അംഗങ്ങളാണ് യോഗത്തിൽ പങ്കെടുത്തത്. സംഗമം ഫാ. ലൂയീസ് എടക്കളത്തൂർ ഉദ്ഘാടനം ചെയ്തു. സി. ശാന്ത നേതൃത്വം നൽകി.

b) വലക്കാവ് എ. ഡി. എസ്.

സാന്ത്വനം കമ്മീഷൻ ചെയർമാൻ ഫാ. ഇ. ജെ. തോമസ് എസ്. ജെ. വലക്കാവ് മേഖലയിൽ പ്രവർത്തിക്കുന്ന സ്വയംസഹായ സംഘങ്ങൾ സന്ദർശിച്ചു. സംഘങ്ങളുടെ പ്രസക്തിയും മറ്റും വിലയിരുത്തുന്നതിനും തുടർപ്രവർത്തനങ്ങൾക്ക് ദിശാബോധം നൽകുന്നതിനും ഉദ്ധേശിച്ചുകൊണ്ട് അതിരൂപതാ തലത്തിൽ നടത്തിവരുന്ന പഠനപരിപാടികളുടെ ഭാഗമായാണ് സന്ദർശനം നടത്തിയത്. സംഘാംഗങ്ങളുമായി നടത്തിയ ചർച്ചയിൽ ഫാ. ലൂയീസ് എടക്കളത്തൂർ, കോർഡിനേറ്റർ സി. പി. ജോർജ്ജ് എന്നിവരും പങ്കെടുത്തു.

c) ലോൺ വിതരണം ചെയ്തു

വെട്ടുക്കാട്, പൊറത്തൂർ എന്നീ ഇടവകകളുടെ പരിധിയിൽ പ്രവർത്തിക്കുന്ന സ്വയംസഹായ സംഘങ്ങൾക്ക് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി കേരള ഗ്രാമീണ ബാങ്ക് ലോൺ അനുവദിച്ചു. 15,000 രൂപ വീതം 25 അംഗങ്ങൾക്കായി 3,75,000 രൂപയാണ് നൽകിയത്. കേരള ഗ്രാമീണ ബാങ്ക് ഈസ്റ്റ് ഫോർട്ട് ബ്രാഞ്ച് ഓഫീസ് ഹാളിൽ ചേർന്ന വാർഷികാ ഘോഷത്തോട നുബന്ധിച്ചാണ് പരിപാടി സംഘടിപ്പിച്ചത്. വാർഷികാഘോഷം ഫാ. ലൂയീസ് എടക്കളത്തൂർ ഉദ്ഘാടനം ചെയ്തു. മാനേജർ ശ്രീ. രാമനുണ്ണി ലോൺ വിതരണം നടത്തി. കോർഡിനേറ്റർ സി. പി. ജോർജ്ജ് പരിപാടികൾക്ക് നേതൃത്വം നൽകി.

d) ജെസ്പ്

പദ്ധതിയിലെ വിദ്യാർത്ഥികളെയും ഉൾപ്പെടുത്തി വിവിധ യൂണിറ്റുകളിൽ യോഗങ്ങൾ സംഘടിപ്പിച്ചു. അക്ഷയ കോർഡിനേറ്റർ സി. പി. ജോർജ്ജിന്റെ നേതൃത്വത്തിൽ ക്ഷയരോഗത്തെ കുറിച്ച് അവബോധന ക്ലാസ്സും സംഘടിപ്പിച്ചു.

### 3. സ്നേഹനിധി

ജൂലൈ 1: സ്ത്രീശാക്തീകരണം കാര്യക്ഷമമാക്കുന്നതിന് ഉതകുന്ന ഒരു പദ്ധതിക്ക് രൂപം കൊടുക്കുന്നതിന് സാന്ത്വനം ഓഫീസിൽ ആലോചനായോഗം ചേർന്നു. ഫാ. ലൂയീസ് എടക്കളത്തൂർ, ഡോ. മേരി റെജീന, ശ്രീമതി റോസ് മേരി എന്നിവരും സാന്ത്വനം സ്റ്റാഫ് അംഗങ്ങളും പങ്കെടുത്തു.

ജൂലൈ 6: പറപ്പൂർ ഫൊറോന സ്നേഹനിധി സംഗമം പറപ്പൂർ പള്ളിയിൽ നടത്തി. ഫാ. പോളി നീലങ്കാവിൽ ഉദ്ഘാടനം ചെയ്തു. ഫാ. ലൂയീസ് എടക്കളത്തൂർ അദ്ധ്യക്ഷനായിരുന്നു. പുറനാട്ടുകര, ആമ്പക്കാട്, പറപ്പൂർ, അടാട്ട് എന്നീ യൂണിറ്റുകളിൽനിന്നും 120 പേർ പങ്കെടുത്തു. 'സ്ത്രീശാക്തീകരണവും കുടുംബവും' എന്ന വിഷയത്തെപ്പറ്റി ശ്രീമതി വില്ലി (സൈക്യാട്രിസ്റ്റ്, തൃശ്ശൂർ ജില്ലാ കുടുംബ കോടതി & വിമല കോളേജ്) ക്ലാസ്സ് നയിച്ചു. എസ്. ഒ. എസ്. ഗ്രാമം കോർഡിനേറ്റർമാരായ ജിനോ പോളി, ഗോഡ്‌വിൻ എന്നിവരും ചർച്ചയിൽ പങ്കെടുത്തു.

ജൂലൈ 13: മറ്റം ഫൊറോന സ്നേഹനിധി സംഗമം മറ്റം പള്ളിയിൽ സംഘടിപ്പിച്ചു. ഫാ. ഡേവിസ് പനംകുളം ഉദ്ഘാടനം ചെയ്തു. ഫാ. ലൂയീസ് എടക്കളത്തൂർ അദ്ധ്യക്ഷത വഹിച്ചു. ആളൂർ, വാക, ചിറ്റാട്ടുകര എന്നീ യൂണിറ്റുകളിൽനിന്നും 50 പേർ പങ്കെടുത്തു. ശ്രീമതി വില്ലി (സൈക്യാട്രിസ്റ്റ്, തൃശ്ശൂർ ജില്ലാ കുടുംബ കോടതി & വിമല കോളേജ്), എസ്. ഒ. എസ്. ഗ്രാമം കോർഡിനേറ്റർ ശ്രീ. സ്റ്റാൻലി പോളി എന്നിവർ ക്ലാസ്സുകൾ നയിച്ചു.

ജൂലൈ 19: അരണാട്ടുകര സ്നേഹനിധിയുടെ വാർഷിക പൊതുയോഗം ഫാ. അനീഷ് നെല്ലിക്കലിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. ഫാ. ലൂയീസ് എടക്കളത്തൂർ യോഗം ഉദ്ഘാടനം ചെയ്തു. സെന്റ് വിൻസന്റ് ഡി പോൾ സൊസൈറ്റി സെൻട്രൽ കൗൺസിൽ പ്രസിഡന്റ് ശ്രീ. ഷിബു കാഞ്ഞിരത്തിങ്കൽ ആശംസകൾ അർപ്പിച്ചു. സാമുവൽ പി. ജോർജ്ജ് ക്ലാസ്സ് നയിച്ചു. ശ്രീമതി റോസമ്മ അലക്സ് സ്വാഗതം പറഞ്ഞു. ശ്രീമതി ജോജി റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു.

ജൂലൈ 26: വലപ്പാട് ഇടവക സ്നേഹനിധി യൂണിറ്റിന്റെ വാർഷികം ഫാ. ജോവി കുണ്ടുകുളങ്ങര ഉദ്ഘാടനം ചെയ്തു. ഫാ. ലൂയീസ് എടക്കളത്തൂർ അദ്ധ്യക്ഷത വഹിച്ചു. സാമുവൽ പി. ജോർജ്ജ്, സി. പി. ജോർജ്ജ് എന്നിവർ ക്ലാസ്സുകൾ നയിച്ചു.

### 4. സേവ് എ ഫാമിലി പ്ലാൻ

**a) സ്പെഡ് – III**

ജൂലൈ 9: പൊതുജനങ്ങളുടെ സഹകരണത്തോടെ 85 കുടുംബങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കുന്നതിന് 450 അടി കുഴൽകിണർ നിർമ്മിച്ചു.

ജൂലൈ 19: പൊതുജനങ്ങളുടെ സഹകരണത്തോടെ പദ്ധതിയുടെ ഭാഗമായി ചേലക്കര നോർത്ത് വാരിയത്ത് ഭാഗത്ത് 20 കുടുംബങ്ങൾക്കായി 200 മീറ്റർ നീളത്തിൽ പുതിയ റോഡ് നിർമ്മിച്ചു.

വെങ്ങാനെല്ലൂർ നോർത്തിൽ 80 കുടുംബങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കുന്നതിന്റെ ഭാഗമായുള്ള പൈപ്പ് കണക്ഷന്റെ പണികൾ പൂർത്തീകരിച്ചു.

പദ്ധതിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി 20 വില്ലേജുകളിലും വാർഡ് മെംബർമാരെ ഉൾകൊള്ളിച്ച് വില്ലേജ് ആക്ഷൻ ടീം മീറ്റിംഗ് സംഘടിപ്പിച്ചു. കാലടി ഐശ്വര്യഗ്രാം സേവ് എ ഫാമിലി പ്ലാൻ ഇന്ത്യയുടെ നേതൃത്വത്തിൽ നടന്ന നാലു ദിവസത്തെ പരിശീലന പരിപാടിയിൽ കോർഡിനേറ്റർ സാമുവൽ പി. ജോർജ്ജ് പങ്കെടുത്തു. ലിംഗസമത്വം, പരിസ്ഥിതി സംരക്ഷണാവബോധം എന്നീ വിഷയങ്ങളിൽ പരിശീലനം നടന്നു.

ചേലക്കര ഗ്രാമത്തിൽ നെൽവയലിലെ കെട്ടികിടക്കുന്ന അധികജലം ചാൽ നിർമ്മിച്ച് ഒഴുക്കി കളഞ്ഞ് കൃഷിയോഗ്യമാക്കി. വെങ്ങാനെല്ലൂർ നോർത്ത് പുരുഷ സ്വയംസഹായ സംഘം, പദ്ധതിയുടെ സഹകരണത്തോടെ ആരംഭിച്ച കൂട്ടുകൃഷിയുടെ ആദ്യ വിളവെടുപ്പ് നടത്തി.

## b) ഗോഡ്സ് ഓൺ ഫാമിലി

പദ്ധതിയിലേക്ക് പുതിയ കുടുംബങ്ങളെ തെരഞ്ഞെടുക്കുന്നതിന്റെ ഭാഗമായി ഒളരിക്കര, കാഞ്ഞാണി, മണലൂർ, കണ്ടശ്ശാംകടവ്, ഏങ്ങണ്ടിയൂർ, പാവറട്ടി, ലൂർദ്ദ്, അരണാട്ടുകര, നെടുപുഴ, അയ്യന്തോൾ, മാന്ദാമംഗലം, മരിയപുരം, പുത്തൂർ, ഇരവിമംഗലം, നെല്ലിക്കുന്ന്, നടത്തറ എന്നീ ഇടവകകളിൽ കോർഡിനേറ്ററും സംഘവും ഫാമിലി വെരിഫിക്കേഷൻ നടത്തി.

ചേലക്കര, വീണ്ടശ്ശേരി, ലൂർദ്ദ്, ഒല്ലൂർ, വില്ലടം, അന്തിക്കാട്, പുറനാട്ടുകര ഇടവകകളിൽ ഗുണഭോക്തൃ കുടുംബങ്ങളുടെ സെൻട്രൽ മീറ്റിംഗുകൾ സംഘടിപ്പിച്ചു. ക്ഷേമനിധികളെ കുറിച്ചുള്ള ക്ലാസ്സിന് ആനിമേറ്റർ നേതൃത്വം നൽകി.

## c) ഫാമിലി ഡെവലപ്പ്മെന്റ് പ്രോഗ്രാം (FDP)

പുതിയ കുടുംബങ്ങളെ തെരഞ്ഞെടുക്കുന്നതിന്റെ ഭാഗമായി പാലയൂർ മേഖലയുടെ കീഴിൽ മറ്റം ഇടവകയിൽ ഡയറക്ടറുടെ നേതൃത്വത്തിൽ ഫാമിലി വെരിഫിക്കേഷൻ നടത്തി.

ഗുണഭോക്തൃ കുടുംബങ്ങൾക്കായി നടത്തപ്പെടുന്ന സെൻട്രൽ ലെവൽ മീറ്റിംഗ് ആനിമേറ്റേഴ്സിന്റെ നേതൃത്വത്തിൽ വിവിധ ഇടവകകളിൽ സംഘടിപ്പിച്ചു.

സാമ്പത്തിക സഹായം ലഭിച്ച ഇടവകകൾ:

**ഇടവക**
**സംഖ്യ** ചെങ്ങാലൂർ
25,000 വെട്ടുക്കാട്
40,000 ചെവ്വൂർ
30,700 പുത്തൂർ 20,000
കൂട്ടാല 20,000
കൊട്ടേക്കാട് 15,000
ചിറ്റാട്ടുകര 15,000
കുണ്ടന്നൂർ 8,000
പാലയൂർ 20,000
പുല്ലംകണ്ടം 10,000

**SAFP** മുഖേന സഹായം ലഭിച്ച് കാലാവധി കഴിഞ്ഞ് അക്കൗണ്ട് അവസാനിപ്പിച്ച ഇടവകകൾ:

| ഇടവക | സംഖ്യ |
|---|---|
| പാവറട്ടി | 10,000 |
| മാന്ദാമംഗലം | 15,000 |
| പുതുക്കാട് | 25,230 |
| മരോട്ടിച്ചാൽ | 19,470 |
| വല്ലച്ചിറ | 12,222 |
| പനമുക്ക് | 93,089 |
| നെടുപുഴ | 73,200 |
| കുണ്ടുകാട് | 20,700 |
| തൃക്കൂർ | 22,000 |

## 5. സ്ലം സർവ്വീസ് സെന്റർ

ജൂലൈ 1, 8 തിയതികളിൽ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം ചേരുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ഭാവി പ്രവർത്തനങ്ങൾക്ക് രൂപം നൽകുകയും ചെയ്തു.

സ്ലം സർവ്വീസ് സെന്ററിന്റെ പുനരുദ്ധരിച്ച ഗദ്സമൻ പ്രാർത്ഥനാലയത്തിന്റെ ആശീർവ്വാദകർമ്മം ഫാ. ഫ്രാങ്കോ കവലക്കാട്ട്, മുൻ ഡയറക്ടർമാരായ ഫാ. ജോസ് ഫ്രാങ്ക് സി. എം. ഐ., ഫാ. ജിയോ കടവി, സെന്റ് ജോസഫ്സ് ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പൽ ഫാ. ഷാജു ചിറയത്ത്, അരണാട്ടുകര ഹോളി ട്രിനിറ്റി സിസ്റ്റേഴ്സ്, സെന്റ് പോൾസ് കോൺവെന്റ് സിസ്റ്റേഴ്സ്, സെന്റ് ജോൺസ് കോൺവെന്റ് സിസ്റ്റേഴ്സ്, കുരിയച്ചിറ പള്ളി ട്രസ്റ്റിമാർ, കുടുംബകൂട്ടായ്മ പ്രസിഡന്റുമാർ, ദൈവശബ്ദം പ്രാർത്ഥനാ ഗ്രൂപ്പ് അംഗങ്ങൾ എന്നിവർ സന്നിഹിതരായിരുന്നു.

ജൂലൈ 20ന് 2 മണിയ്ക്ക് അടുപ്പുട്ടി ക്രിസ്തുജ്യോതി സോഷ്യൽ സെന്ററിൽ അടുപ്പുട്ടി മേഖലയിലെ അയൽക്കൂട്ടം അംഗങ്ങളുടെ സി. ഡി. എസ്. യോഗം ചേർന്നു. സ്ലം സർവ്വീസ് മുൻ ഡയറക്ടർ ഫാ. ഫ്രാങ്കോ സി. എം. ഐ.യുടെ പൗരോഹിത്യ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് സ്വീകരണം നൽകി. ഫാ. ലൂയീസ് എടക്കളത്തൂർ, മുൻ കൺവീനർമാരായ സി. മേരിമിത്ര, സി. ജെയ്സി, ക്ലെയർ, മദർ സുപ്പീരിയർ സി. ആനി ജോയ്സ്, കൺവീനർ സി. ലിറ്റി റോസ് എന്നിവർ പങ്കെടുത്തു. യോഗത്തിൽ 110 പേർ പങ്കെടുത്തു. എസ്. എസ്. എൽ. സി., പ്ലസ് ടു പരീക്ഷകളിൽ ഉന്നത വിജയം കരസ്ഥമാക്കിയ കുട്ടികൾക്ക് സമ്മാനങ്ങൾ നൽകി.

ജൂലൈ 22 ന് സ്ലം സർവ്വീസ് സെന്ററിൽ അയൽക്കൂട്ടങ്ങളുടെ സി. ഡി. എസ്. യോഗം നടത്തി. ഫാ. ലൂയീസ് എടക്കളത്തൂർ അദ്ധ്യക്ഷത വഹിച്ചു. എല്ലാ മേഖലകളിലെയും ആനിമേറ്റേഴ്സ്, എ. ഡി. എസ്. ഭാരവാഹികൾ, കൺവീനേഴ്സ് എന്നിവർ പങ്കെടുത്തു. ഈ വർഷത്തെ ഓണാഘോഷം ആഗസ്റ്റ് 30ന് നടത്തുവാനും തീരുമാനിച്ചു.

**ഫാ. ലൂയീസ് എടക്കളത്തൂർ**
ഡയറക്ടർ, സാന്ത്വനം

**ഫാ. തോമസ് പൂപ്പാടി**
സെക്രട്ടറി, സാന്ത്വനം

# സംഘടനകൾ / പ്രസ്ഥാനങ്ങൾ

## കെ. സി. എസ്. എൽ.

**ശതാബ്ദി സാഹിത്യോത്സവം**

കെ.സി.എസ്.എൽ. സംസ്ഥാന ശതാബ്ദിയോടനുബന്ധിച്ച് അഖില കേരളാടിസ്ഥാനത്തിൽ ശതാബ്ദിസാഹിത്യോത്സവം ഒക്ടോബർ 11ന് നടക്കുന്നു. തൃശ്ശൂർ സെന്റ് തോമസ് കോളേജ് എച്ച്.എസ്.എസ്. ആയിരിക്കും മത്സരവേദി. സംസ്ഥാന മത്സരത്തിൽ കെ.സി.എസ്.എൽ. യൂണിറ്റുകൾക്ക് നേരിട്ട് പങ്കെടുക്കാനാകുമെന്നതുകൊണ്ട് ഈ വർഷം അതിരൂപതാ സാഹിത്യോത്സവം ഉണ്ടായിരിക്കുകയില്ല. വിശദവിവരങ്ങൾക്ക് കെ.സി.എസ്.എൽ ബ്ലോഗ് സന്ദർശിക്കുക.

**അതിരൂപത കലോത്സവം**

ഈ വർഷത്തെ അതിരൂപതാ കലോത്സവം തൃശൂർ സെന്റ് തോമസ് കോളേജിൽ വച്ച് 2014 നവംബർ 3-ാം തിയതി നടക്കുന്നു. കലോത്സവഫോമുകളും ട്രോഫികളും എല്പിക്കാത്ത യൂണിറ്റുകൾ അവ എത്രയും വേഗം അതിരൂപതയിലെത്തിക്കുക.

**ശില്പശാലകൾ സമാപിച്ചു.**

അതിരൂപത കെ.സി.എസ്.എൽ. നടത്തിയ ഏകദിന ശില്പശാലകൾ വിജയകരമായി സമാപിച്ചു. ആഗസ്റ്റ് 9ന് തൃശ്ശൂർ സെന്റ് തോമസ് കോളേജ് എച്ച്. എൽ. എസ്. വിവിധ വിഷയങ്ങളിലായി നടന്ന ഏകദിന ശില്പശാലകളിൽ യു.പി., എച്ച്. എസ്, എച്ച്. എസ്, എസ്. വിഭാഗങ്ങളിൽ നിന്ന് ഓരോ സ്കൂളിൽ നിന്ന് 5 പ്രതിനിധികൾ വീതം സംബന്ധിച്ചു. വിവിധ ശില്പശാലകൾക്ക് മാത്തുക്കുട്ടി കുത്തനാപ്പിള്ളിയിൽ, സി.ട്രീസ ജേക്കബ്ബ്, പ്രിൻസി ടി.എഫ്, സോന എം. ആർ, മേരി യു.എൽ. എന്നിവർ നേതൃത്വം നല്കി. വർഗ്ഗീസ് ആന്റണി മാസ്റ്ററായിരുന്നു കൺവീനർ

**മെമ്പർഷിപ്പ്**

മെമ്പർഷിപ്പ് ഫോമും തുകയും അതിരൂപതയിൽ ഏല്പിക്കാത്തവർ എത്രയും വേഗം അത് ഏല്പിക്കണം.

**ഫാ. തോമസ് കാക്കശ്ശേരി**
ഡയറക്ടർ

# ഫ്രാൻസിസ്കൻ അത്മായസഭ

സമാധാനവും സൗഭാഗ്യവും

തൃശ്ശൂർ അതിരൂപത ഫ്രാൻസിസ്കൻ അൽമായ സഭയുടെ നേതൃത്വത്തിൽ ഭാരവാഹികൾക്ക് നേതൃത്വ പരിശീലന ക്യാമ്പ് 10.08.2014 ഞായറാഴ്ച വട ക്കാഞ്ചേരി എ.ആർ.സി. സെന്ററിൽ വെച്ച് രാവിലെ 9.30 മുതൽ 3.30 വരെ നടത്തി. കപ്പൂച്ചിൻ പ്രോവിൻഷ്യൽ ഡെഫനിറ്റർ ബ. ഫാ. ജോസ് പോന്നോർ ഉദ്ഘാടനം ചെയ്തു. ഫാ. പോൾ അടമ്പുകുളം, ഫാ. ഫ്രാൻസീസ് എടാട്ടു കാരൻ, സി. റോസിലിൻ, ഡോ. ജെറി ജോസഫ്, സണ്ണി വടക്കൻ, ഡൊമി നിക് തോമസ്, ടി.എ. ഫ്രാൻസീസ് എന്നിവർ പ്രസംഗിച്ചു. ദിവ്യബലിക്കു ഫാ. ജോബി മേരീസൺ കാർമ്മികത്വം വഹിച്ചു. വിവിധ യൂണിറ്റുകളിൽ നിന്ന് 310 പേർ പങ്കെടുത്തു. യൂണിറ്റ് തല കാനോനിക സന്ദർശനം സെപ്തംബർ / ഒക്ടോബർ മാസങ്ങളിൽ നടത്തുവാൻ തീരുമാനിച്ചു.

യേശുവിൽ എളിയ സഹോദരൻ

**വി. സി.സണ്ണി**
സെക്രട്ടറി

# കത്തോലിക്കാ കോൺഗ്രസ്സ് (AKCC)

**യൂണിറ്റ് രൂപീകരണവും, തിരഞ്ഞെടുപ്പ് പ്രക്രിയകളും**

തൃശ്ശൂർ അതിരൂപതയിലെ എ.കെ.സി.സി.യുടെ യൂണിറ്റ് രൂപീകരണവും അതിനോടനുബന്ധിച്ചുള്ള തിരഞ്ഞെടുപ്പ് പ്രക്രിയകളും 2014 ഡിസംബർ 31നുള്ളിൽ പൂർത്തീകരിക്കണമെന്നും യൂണിറ്റുകൾ ആരംഭിക്കുന്നതിനും മറ്റും അഡ്ഹോക്ക് കമ്മറ്റി അംഗങ്ങളുമായ് ബന്ധപ്പെടണമെന്നും അറിയിക്കുന്നു.

| | | |
|---|---|---|
| **ഫാ. ജിയോ കടവി** | **പി.ഐ. ലാസർ മാസ്റ്റർ** | **എൻ.പി. ജാക്സൺ മാസ്റ്റർ** |
| ഡയറക്ടർ | കൺവീനർ | സെക്രട്ടറി |

# സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി തൃശ്ശൂർ സെൻട്രൽ കൗൺലിന്റെ 66-ാം വാർഷികാഘോഷം 2014 സെപ്തംബർ 21ന് അയ്യന്തോൾ സെന്റ് മേരീസ് അസംപ്ഷൻ ദേവാലയത്തിൽ വെച്ച് നടത്തുന്നു. മാർ ജോസഫ് പാസ്റ്റർ നീലങ്കാവിൽ വാർഷികാഘോഷം ഉദ്ഘാടനം ചെയ്യുന്നതും

സി. സി. ആദ്ധ്യാത്മികോപദേഷ്ടാവ് ഫാ. മാത്യു ചാക്കേരി യോഗത്തിൽ അദ്ധ്യ ക്ഷത വഹിക്കുന്നതുമാണ്.

സെന്റ് ജോർജ്ജ് - കുറുമാൽ , നിത്യസഹായമാതാ- അടാട്ട്, സെന്റ് ആന്റണീസ് (വനിത) - വരടിയം, സെന്റ് സെബാസ്റ്റ്യൻസ് -വാക, സെന്റ് അൽഫോൺസ (വനിത) - അയ്യന്തോൾ എന്നീ കോൺഫ്രൻസുകൾക്ക് ട്വിന്നിംഗ് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.

സി.സി. മത്സര വിജയികൾ

**ക്വിസ്സ് - സീനിയർ**

1. ബ്ര. ടി.പി. തോമസ് - കോലഴി കോൺഫ്രൻസ് - വടക്കാഞ്ചേരി എ.സി.
2. സി. മേരി ജോണി - പുറനാട്ടുകര കോൺഫ്രൻസ് - പറപ്പൂർ എസി.

**ക്വിസ് ജൂനിയർ**

1. ബ്ര. ജസ്റ്റിൻ ചിറയത്ത് - മഡോണ നഗർ - തൃശ്ശൂർ ലൂർദ്ദ് എ.സി.
2. ബ്ര. സിൻജോ ജോസ് വി. - മുല്ലശ്ശേരി - കണ്ടശ്ശാംകടവ് എസി.

**ഉപന്യാസം സീനിയർ**

1 ബ്ര. ബാബു സി.പി. തണ്ടിലം - വേലൂർ എസി.

2. ബ്ര. ജോയ് കെ.ഡി. - ഏനാമാവ് - കണ്ടശ്ശാംകടവ് എസി.

**ഉപന്യാസം ജൂനിയർ**

1. സി. ഷൈനി പൗലോസ്- പൊങ്ങണം കാട് - തൃശ്ശൂർ ലൂർദ്ദ് എസി.
2. സി. മരിയ എം.ജെ. - തണ്ടിലം - വേലൂർ എസി.

**പ്രസംഗം സീനിയർ**

1. ബ്ര.ജോസഫ് ഡേവീസ് - നെല്ലിക്കുന്ന് - തൃശ്ശൂർ ലൂർദ്ദ് എസി.
2. ബ്ര. ജോജു തേർമഠം - നടത്തറ - തൃശ്ശൂർ ലൂർദ്ദ് എസി.

**പ്രസംഗം ജൂനിയർ**

1. ബ്ര. അമൽ റോയ് - സേവനാലയം - തൃശ്ശൂർ ബസിലിക്ക എസി.
2. ബ്ര. ജോൺ പൊന്മാണി - മഡോണ നഗർ - തൃശ്ശൂർ ലൂർദ്ദ് എസി.

**തൃശ്ശൂർ വെസ്റ്റ്** : ഏരിയ കൗൺസിലിന്റെ 33-ാം വാർഷികം കണ്ണംകുള ങ്ങര ക്രൈസ്റ്റ് കിങ്ങ് കോൺഫ്രൻസിൽ വെച്ച് നടന്നു.സി.സി. ആദ്ധ്യാത്മി കോപദേഷ്ടാവ് ഫാ. മാത്യു ചാക്കേരി വാർഷികം ഉദ്ഘാടനം ചെയ്തു. സി. പ്രസിഡണ്ട് ബ്ര. കെ.എ. ഷിബു യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. എസി ആദ്ധ്യാത്മികോപദേഷ്ടാവ് വെരി. റവ. ഫാ. ഡേവീസ് പുലിക്കോട്ടിൽ അംഗത്വ

ജൂബിലേറിയന്മാരെ ആദരിച്ച് സംസാരിച്ചു. ധ്യാനം, ദിവ്യകാരുണ്യ ആരാധന എന്നിവയ്ക്ക് കോൺഫ്രൻസ് ആദ്ധ്യാത്മികോപദേഷ്ടാവ് മോൺ ജോർജ്ജ് അക്കര നേതൃത്വം നൽകി. എസി. വൈ. പ്രസിഡണ്ട് ബ്ര. സണ്ണി ആന്റോ ചിറക്കേക്കാരൻ സ്വാഗതവും വനിത പ്രതിനിധി സി പ്രേമ മൈക്കിൾ നന്ദിയും പറഞ്ഞു.

**കണ്ടശ്ശാംകടവ്** എസിയുടെ 47-ാം വാർഷികാഘോഷം വാടാനപ്പിള്ളി സെന്റ് ഫ്രാൻസീസ് സേവിയർ പള്ളിയിൽ വെച്ച് നടത്തി. കോൺഫ്രൻസ് ആദ്ധ്യാത്മികോപദേഷ്ടാവ് റവ. ഫാ. ഫ്രാൻസീസ് സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യുകയും എ.സി. പ്രസിഡണ്ട് ബ്ര. പോൾസൺ പി. ആർ. അദ്ധ്യക്ഷത വഹിക്കുകയും ചെയ്തു. സി. സി. പ്രസിഡണ്ട് ബ്ര. കെ. എ ഷിബു സ്കോളർഷിപ്പ് വിതരണം ചെയ്തു. എസി വൈ. പ്രസിഡണ്ട് ബ്ര. ടി.യു ജെയ്സൺ സ്വാഗതവും കോൺഫ്രൻസ് പ്രസിഡണ്ട് ബ്ര. പി.എഫ്. ജോയ് നന്ദിയും പറഞ്ഞു.

**എരുമപ്പെട്ടി** : ഏരിയ കൗൺസിലിന്റെ 21-ാം വാർഷികാഘോഷം പാറേമ്പാടം സെന്റ് ആന്റണീസ് ദേവാലയത്തിൽ വെച്ച് നടത്തി. എസി. ആദ്ധ്യാത്മികോപദേഷ്ടാവ് വെ. റവ. ഫാ. പോൾ താണിക്കൽ വാർഷികം ഉദ്ഘാടനം ചെയ്തു. സി.സി.പ്രസിഡണ്ട് ബ്ര. കെ.എ. ഷിബു അദ്ധ്യക്ഷത വഹിച്ചു. എ.സി. പ്രസിഡണ്ട് ബ്ര. കെ.എം. ഫ്രാൻസീസ് സ്വാഗതവും വൈസ് പ്രസിഡണ്ട് ബ്ര. എൻ.പി. ജോണി നന്ദിയും പറഞ്ഞു.

| | | |
|---|---|---|
| **റവ. ഫാ. മാത്യു ചാക്കേരി** | **ബ്ര. കെ.എ. ഷിബു** | **ബ്ര. കെ. കെ. പോൾസൺ** |
| സ്പിരിച്വൽ ഡയറക്ടർ | സി.സി. പ്രസിഡന്റ് | സി.സി. സെക്രട്ടറി |

# കാത്തലിക് നേഴ്സസ് ഗിൽഡ് ഓഫ് ഇന്ത്യ

2014 ആഗസ്റ്റ് 4ന് ജൂബിലി മിഷൻ ഹോസ്പിറ്റലിൽ വെച്ച് തൃശ്ശൂർ അതിരൂപത സി.എൻ.ജി. ഐ. എക്സിക്യൂട്ടീവ് മീറ്റിംങ്ങ് നടന്നു. നവംബർ മാസത്തിൽ നടത്താൻ നിശ്ചയിച്ച നൈറ്റിംഗ് ഗേൾ മീറ്റിന്റെ ഒരുക്കങ്ങളുടെ ഭാഗമായി, ആഗസ്റ്റ് 30-ാം തിയതി പഴുവിൽ സെന്റ് ആന്റണീസ് മിഷൻ മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റലിൽ വെച്ച് ജനറൽ ബോഡി നടത്താൻ നിശ്ചയിച്ചു. ഈ യോഗത്തിന് വരുമ്പോൾ എല്ലാ നഴ്സിംങ്ങ് കോളേജുകളിലെയും നഴ്സിങ്ങ് സ്കൂളുകളിലെയും ഏറ്റവും കൂടുതൽ മാർക്ക് വാങ്ങിയവരുടെ ലിസ്റ്റും ഈ വർഷം ഗോൾഡൻ ജൂബിലി ആഘോഷിക്കുന്ന നഴ്സസ് ആയ

സിസ്റ്റേഴ്സിന്റെ പേരും അഡ്രസ്സും കൊണ്ടുവരേണ്ടതാണ് എന്ന് ഓർമ്മപ്പെടുത്തി.

സി.എൻ.ജി.ഐയുടെ ഗോൾഡൻ ജൂബിലിയോട് അനുബന്ധിച്ച് പുതുതായി ആരംഭിച്ച കിടപ്പുരോഗികൾക്കായുള്ള 'ദിയാക്കോണിയ പാലിയേറ്റീവ് കെയർ" യൂണിറ്റിന്റെ പ്രവർത്തനത്തിന്റെ ഭാഗമായി, ഒല്ലൂർ, തലോർ, വിയ്യൂർ, ചിയ്യാരം എന്നീ ഇടവകകൾ തൃശ്ശൂർ അതിരൂപതാ സി.എൻ.ജി. ഐ. എക്ലിയാസ്റ്റിക്കൽ അഡ്വൈസർ റവ. ഫാ. സിജോ അരിക്കാട്ടിന്റെ നേതൃത്വത്തിൽ എക്സിക്യൂട്ടീവ് അംഗങ്ങൾ കിടപ്പുരോഗികളെ സന്ദർശിക്കുകയും ഇടവകയിലെ വികാരിയച്ചന്റെ സാന്നിദ്ധ്യത്തിൽ സാമ്പത്തിക സഹായങ്ങൾ നൽകുകയും അവർക്ക് വേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു.

| ഡയറക്ടർ | സെക്രട്ടറി |
|---|---|
| **റവ.ഫാ. സിജോ അരിക്കാട്ട്** | **സി. റൊസീന ഡേവീസ് FCC** |

Ph: 0487 - 3242209, 2320040

# കരിസ്മാറ്റിക് നവീകരണ മുന്നേറ്റം

## പ്രീച്ചേഴ്സ് - കൗൺസിലേഴ്സ് കൂട്ടായ്മ

തൃശ്ശൂർ അതിരൂപതയിലെ കത്തോലിക്കാ കരിസ്മാറ്റിക് നവീകരണ മുന്നേറ്റത്തിൽ പ്രവർത്തിക്കുന്ന പ്രീച്ചേഴ്സ് കൗൺസിലേഴ്സ് കൂട്ടായ്മ 2014 ജൂലായ് 7-ാംതിയതി തിങ്കളാഴ്ച രാവിലെ 9.30ന് ജപമാലയോടെ ആബയിൽ ആരംഭിച്ചു. ദൈവവചനം സന്ദേശം, വി. ബലി ആരാധന എന്നിവക്ക് ബാബു അപ്പാടൻ അച്ചൻ നേതൃത്വം ന്കി. പ്രീച്ചേഴ്സിന്റേയും കൗൺസിലേഴ്സിന്റേയും ഒത്തുചേരലും പങ്കുവെക്കലും നടന്നു. പ്രാർത്ഥനയോടെ 3.30ന് സമാപിച്ചു.

## സബ്ബ്സോൺ മിനിസ്ട്രി - കോ- ഓഡിനേറ്റേഴ്സ് കൂട്ടായ്മ

തൃശ്ശൂർ അതിരൂപതയിലെ 16 സബ്ബ്സോൺ (ഫൊറോന) കോ-ഓഡിനേറ്റേഴ്സും വിവിധ മിനിസ്ട്രി കോ-ഓഡിനേറ്റേഴ്സിന്റെയും കൂട്ടായ്മ ആബിൽ 7.7.2014 തിങ്കളാഴ്ച 3.30ന് പ്രാർത്ഥനയോടെ ചേർന്നു. ഇടവകകളിലെ പ്രാർത്ഥനാ കൂട്ടായ്മകൾ ശക്തിപെടുന്നതു സംബന്ധിച്ചും അനുഭവപ്പെടുന്ന ബുദ്ധിമുട്ടുകളെ സംബന്ധിച്ചും ചർച്ച നടന്നു. കൊയ്നോനിയ 2014 ന്റെ വിജയത്തെപ്പറ്റിയും ചർച്ച ചെയ്തു. ഇക്കാര്യങ്ങൾക്കായി കൂട്ടമായി എല്ലാ ഇടവകകളിലും പ്രാർത്ഥന ആരംഭിക്കുവാൻ നിർദ്ദേശിച്ചു. കോ-ഓഡിനേറ്റർ എം. എ. സാബുവും സെക്രട്ടറി വി.വി. ജോസും- നേതൃത്വം നല്കി. 5 മണിക്ക്

പ്രാർത്ഥനയോടെ സമാപിച്ചു.

### സിങ്കിൾസ് മിനിസ്ട്രി

സിങ്കിൾസ് കൂട്ടായ്മ 2014 ജൂലായ് 8-ാം തിയതി രാവിലെ 9.30ന് ആബയിൽ ചേർന്നു. ജപമാലയോടെ ശുശ്രൂഷ ആരംഭിച്ചു. ആരാധന, ദൈവവചന സന്ദേശം, വി. ബലി, എന്നിവക്ക് ഫാ. ഫ്രാൻസീസ് തലക്കോട്ടൂർ നേതൃത്വം നൽകി. 3 മണിക്ക് പ്രാർത്ഥനയോടെ സമാപിച്ചു.

### ഏകദിന ദൈവവചന ശുശ്രൂഷകൾ

ആബാ കേന്ദ്രത്തിൽ താഴെ പറയുന്ന വ്യാഴാഴ്ചകളിൽ (എല്ലാ വ്യാഴാഴ്ചകളിലും) ദൈവവചന ശുശ്രൂഷ, ആരാധന, വി. ബലി എന്നിവ നടത്തി. രാവിലെ 9.30ന് ജപമാലയോടെ ആരംഭിക്കുന്നു. 3.30ന് പ്രാർത്ഥനയോടെ സമാപിക്കുന്നു.

10.07.2014 ദൈവവചന സന്ദേശം - ബ്ര. ആന്റണി മണ്ണുത്തിയും ദിവ്യബലിയ്ക്കും ആരാധനയ്ക്കും സജു വടക്കേത്തലച്ചൻ, നേതൃത്വം നൽകി

17.7.2014 ദൈവവചന സന്ദേശം ബ്ര. ജെയിംസ് കണ്ടംകുളങ്ങരയും ആരാധനയ്ക്കും വി. ബലിയും ഡയറക്ടർ ഫാ. ഷാജൻ തേർമഠം നേതൃത്വം നൽകി.

24.07.2014 ദൈവവചനം സന്ദേശം ബ്ര. ജോബി പടവരാടും വി. ബലിയ്ക്കും ഡയറക്ടർ ഫാ. ഷാജൻ തേർമഠവും ആരാധന, അസി.ഡയറക്ടർ ഫാ. സജു വടക്കേത്തലയും നേതൃത്വം നൽകി.

31.07.2014 ദൈവവചന സന്ദേശം ബ്ര. ജോസഫ് മൂത്തേടത്തും, ആരാധനയും വി. ബലിയും അസി.ഡയറക്ടർ സജു വടക്കേത്തല അച്ചനും നേതൃത്വം നൽകി.

### തുവ്വാനീസ കൂട്ടായ്മ

തുവ്വാനീസ കൂട്ടായ്മ 2014 ജൂലായ് 14-ാം തിയതി ആബയിൽ രാവിലെ 9.30ന് ജപമാലയോടെ ആരംഭിച്ചു. വചന ശുശ്രൂഷ ആരാധന, വി. ബലി എന്നിവക്ക് ഫാ. ഫ്രാൻസീസ് തലക്കോട്ടൂർ നേതൃത്വം നൽകി. 3 മണിക്ക് പ്രാർത്ഥനയോടെ സമാപിച്ചു.

### കപ്പിൾസ് കൂട്ടായ്മ

കപ്പിൾസ് കൂട്ടായ്മ 2014 ജൂലായ് 19.7.2014 ശനിയാഴ്ച ആബയിൽ രാവിലെ 9.30ന് ജപമാലയോടെ ആരംഭിച്ചു. കപ്പിൾസ് മിനിസ്ട്രി പ്രവർത്തനം കൂടു

തൽ കാര്യക്ഷമമാക്കുന്നതിനെ സംബന്ധിച്ച് പ്രാർത്ഥനയു ചർച്ചയും നടന്നു. സർവ്വീസ് ടീം അംഗം സീന ജെയിംസ് നേതൃത്വം നൽകി. ഒരു മണിക്ക് പ്രാർത്ഥനയോടെ സമാപിച്ചു.

**മദ്ധ്യസ്ഥ പ്രാർത്ഥന**

എല്ലാ ദിവസവും ആബയിൽ മദ്ധ്യസ്ഥ പ്രാർത്ഥന രാവിലെ 9.30ന് ആരംഭിച്ച്. വൈകീട്ട് 4 മണിക്ക് അവസാനിക്കുന്ന.ു മദ്ധ്യസ്ഥ പ്രാർത്ഥന മിനിസ്ട്രിയുടെ നേതൃത്വത്തിൽ വിവിധ ഇടവകയിലെ പ്രാർത്ഥന ഗ്രൂപ്പുകളെ ഉൾപ്പെടുത്തികൊണ്ട് നടത്തുന്നു.

**മദ്ധ്യസ്ഥ പ്രാർത്ഥന കൂട്ടായ്മ**

എല്ലാ വെള്ളിയാഴ്ചകളിലും മദ്ധ്യസ്ഥ പ്രാർത്ഥന കൂട്ടായ്മ രാവിലെ 9.30ന് ജപമാലയോടെ ആരംഭിക്കുന്നു. ആരാധന, ദൈവവചന സന്ദേശം, വി. ബലി എന്നിവക്ക് ഫാ. ഫ്രാൻസീസ് തലക്കോട്ടൂർ നേതൃത്വം കൊടുക്കുന്നു.

2014 ജൂലായ് മാസത്തിൽ4, 11, 18, 25 തിയതികളിൽ മേൽപറഞ്ഞ പ്രകാരം കൂട്ടായ്മ നടന്നു.

**കൊയ്നോനിയ 2014**

കേരള കത്തോലിക്ക കരിസ്മാറ്റിക് നവീകരണ നേതൃസംഗമം 2014 സെപ്തംബർ 12 മുതൽ 15 വരെ നടക്കുന്നതിന്റെ ഭാഗമായി ആബയിൽ 2014 ജൂലായ് 26-ാം തിയതി ശനിയാഴ്ച ഏകദിന ഒരുക്ക ശുശ്രൂഷ നടന്നു. സബ്ബ്സോൺ, മിനിസ്ട്രി, കോർ ടീം പ്രാർത്ഥന ഗ്രൂപ്പ് ലീഡേഴ്സ് കൂട്ടായ്മയിൽ ഒത്തുകൂടി. രാവിലെ ജപമാലയോടെ ആരംഭിച്ചു. ജനറൽ കൺവീനർ വി.വി.അഗസ്റ്റിൻ ശുശ്രൂഷക്ക് നേതൃത്വം നൽകി. ഡയറക്ടർ ഫാ. ഷാജൻ തേർമഠം ദിവ്യബലി അർപ്പിച്ചു. 4 മണിക്ക് പ്രാർത്ഥനയോടെ സമാപിച്ചു.

**അതിരൂപത കുടുംബസംഗമം**

തൃശ്ശൂർ അതിരൂപതയിലെ കത്തോലിക്ക കരിസ്മാറ്റിക് നവീകരണ മുന്നേറ്റത്തിൽ പ്രവർത്തിക്കുന്നവരുടെ കുടുംബക്കൂട്ടായ്മ 2014 നവംബർ 17ന് നടത്തുവാൻ തീരുമാനിക്കുകയും വിവിധ കമ്മിറ്റികൾ രൂപീകരിക്കുകയും ചെയ്തു.

ജനറൽ കൺവീനർ - എം.എ. ബാബു

ജോ. കൺവീനർ - വി.വി. ജോസ്

കമ്മിറ്റി കൺവീനേഴ്സ് : ഫൈനാൻസ് - വി.സി.ജോൺസൺ, ഫുഡ്-ടോണി ചിറയത്ത്, വളണ്ടിയേഴ്സ് - ഡിസൺ തെക്കേക്കര, സീന ജെയിംസ്, ലിറ്റർജി - സി. ഗ്രേസ് തോമസ്, എൽസി ജോർജ്ജ്, മൊബൈലൈസേഷൻ , പബ്ലിസിറ്റി- പി.ടി. പോൾ, ഇ.ടി. ജോൺസൺ, ജോളി സജി

കുടുംബക്കൂട്ടായ്മക്ക് 'അഗാപ്പ' എന്ന് പേര് നൽകുവാൻ തീരുമാനിച്ചു.

കരിസ്മാറ്റിക് നവീകരണ മുന്നേറ്റത്തിന്റെ ജൂബിലി വർഷമായ 2017 ന്റെ മുന്നോടിയായി നവീകരണത്തെ ശക്തിപ്പെടുത്തുവാൻ 3 വർഷത്തെ ആത്മീയ കർമ്മപരിപാടികൾ ക്രമീകരിക്കുവാൻ തീരുമാനിച്ചു. ഈ പരിപാടിക്ക് യേബേൽ 2017 എന്ന് പേര് നൽകുവാനും അതിനായി പ്രാർത്ഥിച്ച് ഒരുങ്ങുവാനും ഡയറക്ടറച്ചൻ ആഹ്വാനം ചെയ്തു. ഈ കർമ്മ പരിപാടി നവംബർ 17 അഗാപ്പ പരിപാടിയിൽ വെച്ച് ആരംഭിക്കുന്നതിനും തീരുമാനിച്ചു.

| | | |
|---|---|---|
| **ഫാ. ഷാജൻ തേർമഠം** | **വി.വി. ജോസ്** | **എം.എ. ബാബു** |
| ഡയറക്ടർ | സെക്രട്ടറി | കോ-ഓർഡിനേറ്റർ |

# ലീജിയൻ ഓഫ് മേരി

ലീജിയൻ ഓഫ് മേരി തൃശൂർ കമ്മീസിയത്തിന്റെ 665-ാമതും തൃശൂർ കൂരിയായുടെ 678-ാമതും സമ്മേളനം 2014 ആഗസ്റ്റ് 10 ഞായറാഴ്ച പാസ്റ്ററൽ സെന്ററിലുള്ള ഓഫീസിൽവെച്ച് പ്രസിഡന്റ് ബ്ര.കെ.പി. ജോയിയുടെ അദ്ധ്യക്ഷതയിൽ പ്രാരംഭപ്രാർത്ഥനയോടും, ജപമാലയോടും കൂടി ആരംഭിച്ചു. ബ്ര. പ്രസിഡന്റ് നടത്തിയ ജ്ഞാനവായനക്കുശേഷം സെക്രട്ടറി ബ്ര. പി. സി. കുരിയപ്പൻ മുൻ മാസ റിപ്പോർട്ടും ട്രഷറർ ബ്ര. എ. ജെ. വിൻസെന്റ് മുൻ മാസ വരവ് ചിലവ് കണക്കും വായിച്ച് പാസ്സാക്കി. വൈസ് പ്രസിഡന്റ് സി. എൽസി ചുമ്മാർ ഹാജർ വിളിച്ചതിനുശേഷം ബ്ര. പ്രസിഡന്റ് ഏവരേയും പരി. അമ്മയുടെ നാമത്തിൽ സ്വാഗതമാശംസിച്ചു.

കത്തിടപാടുകൾ : സെനാത്തൂസിൽ നിന്നുള്ള ജൂൺ മാസ റിപ്പോർട്ട് ഉണ്ടായിരുന്നു. വേലൂർ, സെന്റ് സേവിയേഴ്സ് പള്ളിയിലെ പ്രസീദിയത്തിന്റെയും പുതുക്കാട് കൂരിയായുടെയും പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു.

കമ്മീസിയത്തിലെ ദീർഘകാല സെക്രട്ടറിയായും, സെന്റ് അന്നാസ് ഇടവകയിലെ പ്രസീദിയത്തിലെ മരിയ സൈനികയായി പ്രവർത്തിച്ചു വന്നിരുന്ന സി. സി. പി. മേരിയുടെ നിര്യാണത്തിൽ ആദ്ധ്യാത്മിക നിയന്താവ് റവ. ഫാ. മാത്യു ചാക്കേരിയും കമ്മീസിയം ഭാരവാഹികളും പ്രസീദിയം സൈനികരുമായി മൃതദേഹത്തിൽ റീത്ത് സമർപ്പിക്കുകയും പ്രത്യേക പ്രാർത്ഥനയും അനുശോചനവും നേരുകയും ചെയ്തിരുന്നു. സിസ്റ്ററുടെ വേർപാടിൽ കമ്മീസിയം

യോഗത്തിൽ വെച്ച് എല്ലാ മരിയ സൈനികരും എഴുന്നേറ്റ് നിന്ന് പ്രാർത്ഥന നടത്തുകയും ചെയ്തു.

ഉദ്യോഗസ്ഥ നിയമനം : ചേർപ്പ് കൂരിയായിലെ പുതിയ ഭാരവാഹികളായ പ്രസിഡണ്ട് സി. ഗ്രെയ്സി ആന്റോ, തളിക്കുളം വൈസ് പ്രസിഡണ്ട് സി. ബേബി റപ്പായി എലുവത്തിങ്കൽ സെക്രട്ടറി സി. ജിജി ബാബു അരണാട്ടുക രക്കാരൻ, ട്രഷറർ സി. പുഷ്പാമ ദേവസി തളിക്കുളം എന്നിവരുടെ നിയ മനം അംഗീകരിച്ചു.

സൈനീക ജപശൃംഖലക്ക് ശേഷം കമ്മീസിയം മുൻ പ്രസിഡന്റ് ബ്ര. ടി. വി. ജോസ് പാലായിൽ നടന്ന സെനാത്തൂസ് മീറ്റിംഗിന് കുറിച്ച് വിശദീകരി ച്ചു. നമ്മുടെ മദ്ധ്യസ്ഥയായ പരി.അമ്മയുടെ ജനനതിരുനാളിനൊരുക്കമായി ആഗസ്റ്റ് 16 ശനിയാഴ്ച ഏകദിന ദിവ്യകാരുണ്യ ആരാധനയും മരിയൻ സന്ദേ ശവും ബഹു. സജീവ് ഇമ്മട്ടിയച്ചൻ നൽകുന്നതാണ്. അതിരൂപത ഫാമിലി അപ്പസ്തോലിക് സെന്ററിൽ രാവിലെ 9.30 മുതൽ 4 മണി വരെയുള്ളസമ യത്ത് എല്ലാ മരിയ സൈനീകരും പങ്കെടുക്കണമെന്ന് പ്രസിഡന്റ് ഓർമ്മിപ്പി ച്ചു.

സെപ്തംബർ മാസം എല്ലാ പ്രസീദിയങ്ങളിലും മാതാവിന്റെ ജനനതിരു നാളിനോടനുബന്ധിച്ച് സെപ്തംബർ ആഘോഷം നടത്തി റിപ്പോർട്ട് സമർപ്പി ക്കണമെന്ന് ഓർമ്മിപ്പിച്ചു. നടത്തറ തിരുഹൃദയ പള്ളിയിലെ വ്യാകുലന്മാരുടെ ആശ്വാസം പ്രസീദിയത്തിന്റെ 50-വർഷത്തെ ജൂബിലി ആഘോഷത്തിലേക്ക് സി. തങ്കമ്മ ജോൺസൺ ക്ഷണിക്കുകയും ചെയ്തു

പ്രസീദിയം സന്ദർശനവും പുതിയ പ്രസീദിയങ്ങൾ സംഘടിപ്പിക്കുകയും എല്ലാം അംഗങ്ങളെയും ഓർമ്മപ്പെടുത്തി. അവസാന പ്രാർത്ഥനക്ക് ശേഷം സമ്മേളനം സമാപിച്ചു.

ദിവ്യനാഥയുടെ സേവനത്തിൽ

കമ്മീസിയം സെക്രട്ടറി

**പി.സി. കുരിയപ്പൻ**

# കെ.സി.വൈ.എം.

**യൂണിറ്റ് രൂപീകരണം**

ജൂൺ 15 : വേലൂർ ഫൊറോന പള്ളിയിൽ കെ.സി.വൈ.എം. യൂണിറ്റ് റവ. ഫാ. തോബിയാസ് ചാലക്കലിന്റെ നേതൃത്വത്തിൽ സ്ഥാപിച്ചു. അതിരൂപത സമിതിയിൽ നിന്നും ഡയറക്ടർ റവ. ഫാ. ജിയോ കടവി, പ്രസിഡണ്ട് ആന്റോ തൊറയൻ എന്നിവർ പങ്കെടുത്തു.

**ഒപ്പുശേഖരണം**

ജൂൺ 24 : കേരളത്തിലെ അടഞ്ഞ് കിടക്കുന്ന 418 ബാറുകൾ തുറക്കരുത് എന്ന് ആവശ്യപ്പെട്ട് കേരള മുഖ്യമന്ത്രിക്ക് ഭീമ ഹർജി സമർപ്പിക്കുന്നതിന്റെ ഭാഗമായി അതിരൂപതയിലെ വിവിധ ഇടവകകളിൽ നിന്നും ഒപ്പുശേഖരിക്കുന്നതിന്റെ അതിരൂപത തല ഉദ്ഘാടനം തൃശ്ശൂർ കോർപ്പറേഷൻ ഓഫീസിൽ വെച്ച് മേയർ രാജൻ ജെ. പല്ലൻ നിർവ്വഹിച്ചു. റവ. ഫാ. ജിയോ കടവി, ആന്റോ തൊറയൻ, എൻ.പി. ജാക്സൺ മാസ്റ്റർ, മനോജ് പി.ജി, ലിന്റോഷ് ജോൺ, ജോസ്മോൻ കെ. ഫ്രാൻസീസ്, ജോൺസൺ ജോർജ്ജ്, ജെസ്റ്റിൻ ജോസ്, ടോജോ പി.ജെ. എന്നിവർ പങ്കെടുത്തു.

**പതാകദിനാചരണം**

ജൂലായ് 3 : യൂണിറ്റുകളിൽ ജൂലായ് മൂന്നാം തിയതി പതാകദിനമായി ആചരിച്ചു. ഗുരുവായൂർ ഇടവക കെ.സി.വൈ.എം.യൂണിറ്റ് സംഘടിപ്പിച്ച മെറിറ്റ് ഡേയിൽ അതിരൂപത പ്രസിഡന്റ് ആന്റോ തൊറയൻ പങ്കെടുത്തു. കുറ്റൂർ യൂണിറ്റ് ഇടവക നടത്തിയ മെറിറ്റ് ഡേയിൽ അതിരൂപത ഡയറക്ടർ റവ. ഫാ. ജിയോ കടവി പങ്കെടുത്തു. കൊട്ടേക്കാട് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ സൗജന്യ ഭക്ഷണ വിതരണം റവ. ഫാ. സുനിൽ ചിരിയങ്കണ്ടത്ത് ഉദ്ഘാടനം ചെയ്തു. പേരാമംഗലം കെ.സി. വൈ.എം. ജൂബിലി സമാപന പൊതുസമ്മേളനത്തിലും മുക്കാട്ടുകര കെ.സി. വൈഎം. യൂണിറ്റ് സംഘടിപ്പിച്ച നൃത്ത അരങ്ങേറ്റത്തിലും ആലപ്പാട്ട് (പൊറത്തൂർ) കെ.സിവൈ.എം. യൂണിറ്റ് സംഘടിപ്പിച്ച് യുവജനദിനാഘോഷത്തിലും റവ. ഫാ. ജിയോ കടവി, ആന്റോ തൊറയൻ അതിരൂപത സമിതിയെ പ്രതിനിധീകരിച്ച് പങ്കെടുത്തു.

ജൂലായ് 5 :വിവിധ ഇടവകകളിൽ നിന്നും മദ്യം സമ്പൂർണ്ണമായി നിരോദി

ക്കണമെന്ന് ആവശ്യപ്പെട്ട് കേരള മുഖ്യമന്ത്രിക്ക് സമർപ്പിക്കുന്നതിന് വേണ്ടി ശേഖരിച്ച ഒപ്പുകൾ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് സംസ്ഥാന ഭാരവാഹികളായ ലോറൻസ് കോട്ടപ്പുറത്തിനും ജെറി പൗലോസിനും കൈമാറി. ബിഷപ്പ് ഹൗസിൽ നടന്ന യോഗത്തിൽ റവ. ഫാ. ജിയോ കടവി, സി.ടീന മരിയ, ആന്റോ തൊറയൻ, മനോജ്, പി.ജി, കരോളിൻ ജോഷോ, ജോസ്മോൻ കെ. ഫ്രാൻസീസ്, ലിന്റോഷ് ജോൺ എന്നിവർ നേതൃത്വം നൽകി.

**ജൂലായ് 13 : എന്റെ യൂണിറ്റിൽ ഒരു മരം– നാടിന് ഒരു തണൽ**

അതിരൂപത യുവജനദിനാഘോഷത്തിന്റെ ഭാഗമായി എന്റെ യൂണിറ്റിൽ ഒരു മരം– നാടിന് ഒരു തണൽ എന്ന പദ്ധതി റവ. ഫാ. ജോൺ പോൾ ചെമ്മ ണ്ണൂർ ഒല്ലൂർ ഫൊറോന ജനറൽ സെക്രട്ടറി സനൽ സി. എ. യ്ക്ക് നൽകി ഉദ്ഘാടനം ചെയ്തു.

**അതിരൂപതാ യുവജനദിനാഘോഷം**

ജൂലായ് 20: രാവിലെ 8.30ന് രജിസ്ട്രേഷനോടുകൂടി ആരംഭിച്ച യുവജന ദിനം 9.15ന് അതിരൂപത ഡയറക്ടർ റവ. ഫാ. ജിയോ കടവി പതാക ഉയർത്തി ഉദ്ഘാടനം ചെയ്തു. 9.30ന് ആരംഭിച്ച യുവജന ദിവ്യബലിക്ക് മോൺ. ജോർജ്ജ് കോമ്പാറ മുഖ്യ കാർമ്മികത്വം വഹിച്ചു. തുടർന്ന് പ്രതിനിധി സമ്മേളനം സംഗീത സംവിധായകൻ അൽഫോൺസ് ജോസഫ് ഉദ്ഘാടനം ചെയ്തു. വനിതാ വിഭാഗം പ്രസിഡന്റ് കരോളിൻ ജോഷാ അദ്ധ്യക്ഷത വഹിച്ചു. തുടർന്ന് ക്രൈസ്തവ യുവത കുടുംബഭദ്രതക്ക് എന്ന വിഷയത്തെ ആസ്പദമാക്കി റിട്ട .പ്രൊഫ. റൂബിൾ രാജ് ക്ലാസ്സ് നയിച്ചു. ഉച്ചഭക്ഷണത്തിനുശേഷം 1.15ന് സാംസ്കാരിക സദസ് മേയർ രാജൻ ജെ. പല്ലൻ ഉദ്ഘാടനം ചെയ്തു. വിവിധ കലാപരിപാടികൽക്ക് ശേഷം 2.15ന് പൊതുസമ്മേളനം മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്തു. ബഹു. കേരള ധനകാര്യ വകുപ്പ് മന്ത്രി കെ.എം.മാണി മുഖ്യാതിഥിയായിരുന്നു. അതിരൂപത പ്രസിഡന്റ് ആന്റോ തൊറയൻ അദ്ധ്യക്ഷത വഹിച്ചു. 43 കുട്ടികൾക്ക് അയ്യായിരം രൂപവീതം വിദ്യഭ്യാസ സ്കോളർഷിപ്പ് വിതരണോദ്ഘാടനം എം. പി. വിൻസെന്റ് എം.എൽ.എ. നിർവ്വഹിച്ചു. റവ. ഫാ. ജിയോ കടവി, ജെസ്റ്റിൻ ജോസ്, റവ. ഫാ. ജോൺ പോൾ ചെമ്മണ്ണൂർ, സി.ടീന മരിയ, അഡ്വ. ബിജു കുണ്ടുകുളം, എൻ. പി. ജാക്സൺ മാസ്റ്റർ, ജോൺസൺ ജോർജ്ജ്, ഡിൽജോ തരകൻ, സജി ജോസഫ്, മനോജ് പി.ജി. എന്നിവർ പ്രസംഗിച്ചു. തുടർന്ന നടന്ന യുവജന റാലി റവ. ഫാ. ബാബു ചേലപ്പാടൻ ഫ്ളാഗ് ഓഫ് ചെയ്തു. വാ. എവുപ്രാസ്യമ്മയുടെ കബറിടത്തിൽ നടന്ന സമാപന സമ്മേളനത്തിൽ

സംസ്ഥാന കെ.സി.വൈ.എം. പ്രസിഡന്റ് റെന്നി രാജ് തേവർ തോട്ടത്തിൽ അദ്ധ്യക്ഷത വഹിച്ചു. റവ. ഫാ. ജെയ്സൺ മാറോക്കി, സി.ക്ലിയോ പാദ്ര, ലിന്റോഷ് ജോൺ, ഫ്രിന്റോ, പോൾ എന്നിവർ പ്രസംഗിച്ചു.

| | | |
|---|---|---|
| **റവ. ഫാ. ജിയോ കടവി** | **ആന്റോ തൊറയൻ** | **മനോജ് പി.ജി** |
| ഡയറക്ടർ | പ്രസിഡന്റ് | സെക്രട്ടറി |

## ഏകോപന സമിതി ഭാരവാഹികൾ

അതിരൂപത ഏകോപന സമിതി യുടെ ഭാരവാഹികളായി ഏ.ഡി. ഷാജു, സെക്രട്ടറി പ്രേമ മൈക്കിൾ, ജോൺസൺ ജോർജ്ജ് (ജോ. സെക്രട്ടറിമാർ) എന്നിവരെ തെരഞ്ഞെടുത്തു.

നേതൃത്വപരിശീലന ക്യാമ്പ്

അതിരൂപതയിലെ ഭക്തസംഘടനയിലേയും പ്രസ്ഥാനങ്ങളിലേയും അതിരൂപത ഭാരവാഹികൾക്ക് ഏകോപന സമിതിയുടെ നേതൃത്വത്തിൽ ഒക്ടോബർ 3-ാം തിയതി രാവിലെ 9.30 മുതൽ 4 മണി വരെ നേതൃത്വ പരിശീലന ക്യാമ്പ് സംഘടിപ്പിക്കും. പങ്കെടുക്കുവാൻ പേരുകൾ രജിസ്ട്രേഷൻ ചെയ്യേണ്ടതാണ്. ഫോൺ : എ.ഡി. ഷാജു 9847724615-

## സി.എൽ.സി.

സി. എൽ.സി. അതിരൂപത വി, ഇഗ്നേഷ്യസ് ലെയോള അനുസ്മരണം നടത്തി

തൃശ്ശൂർ അതിരൂപത സി. എൽ. സിയുടെ നേതൃത്വത്തിൽ സി.എൽ. സിയുടെ ആദ്ധ്യാത്മികാചാര്യനായ വി. ഇഗ്നേഷ്യസ് ലയോളയുടെ അനുസ്മരണം പുത്തൂർ സെന്റ് തോമസ് ഫൊറോന ദേവാലയത്തിൽ വച്ച് സംഘടിപ്പിച്ചു. തൃശ്ശൂർ അതിരൂപത ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് അനുസ്മരണ പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു. തൃശ്ശൂർ എം. എൽ. എ. അഡ്വ. തേറമ്പിൽ രാമകൃഷ്ണൻ മുഖ്യാതിഥിയായിരുന്നു. സി. എൽ.സി. പ്രസിഡന്റ് ശ്രീ. ഡിൽജോ തരകൻ അദ്ധ്യക്ഷത വഹിച്ചു. പുത്തൂർ ഫൊറോന വികാരി വെരി. റവ. ഫാ. ജോൺ മൂലൻ അനുഗ്രഹ പ്രഭാഷണം നടത്തി. അതിരൂപത പ്രൊമോട്ടർ റവ. ഫാ. ജിയോ തെക്കിനിയത്ത് അനുമോദന പ്രസംഗം നടത്തി. എസ്. എസ്.എൽ. എസി. , പ്ലസ് ടു അവാർഡു ജേതാ

ക്കൾക്ക് അതിരൂപത പ്രൊമോട്ടർ റവ. ഫാ. ജിയോ തെക്കിനിയത്ത് അവാർഡു നൽകി. ഫൊറോന പ്രൊമോട്ടർ റവ. ഫാ. ആന്റോ പാണേങ്ങാടൻ ആശംസയേകി. സംസ്ഥാന സി. എൽ. സി. പ്രസിഡന്റ് ശ്രീ. വിനേഷ് ജെ. കൊളേങ്ങാടൻ ഏകോപന സമിതി സെക്രട്ടറി എ.ഡി. ഷാജു എന്നിവരെ അതിരൂപത ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് ആദരിച്ചു. പ്രൊഫഷണൽ സി.എൽ. സി. പ്രസിഡണ്ട് ജെറോം മാസ്റ്റർ ആമുഖ പ്രസംഗം നടത്തി. പുത്തൂർ ഫൊറോന സെക്രട്ടറി ഡാനി ജോർജ്ജ്, പള്ളി ട്രസ്റ്റി റപ്പായി, യൂണിറ്റ് പ്രസിഡണ്ട് വിപിൻ കുന്നൻ എന്നിവർ ആശംസയേകി. സമ്മേളനത്തിന് മുന്നോടിയായി എരവിമംഗലം സി. എൽ. സി യൂണിറ്റിന്റെ നേതൃത്വത്തിൽ വി. ഇഗ്നേഷ്യസ് ലെയോളയുടെ ഛായാചിത്രറാലി നടത്തി. തുടർന്ന് സി. എൽ. സി. പതാക പുത്തൂർ ഫൊറോന അസി. വികാരി റവ. ഫാ. സലീഷ് അറങ്ങാശ്ശേരി ഉയർത്തി. "സഭയും യുവജനങ്ങളും" എന്ന വിഷയത്തിൽ ശ്രീ. കെ.എം. ഫ്രാൻസീസ് ക്ലാസ്സെടുത്തു. അതിരൂപത സി.എൽ.സി. ജനറൽ സെക്രട്ടറി ബിജിൽ സി. ജോസഫ് സ്വാഗതവും കൺവീനർ ബിനോയ് കാറളത്തൂക്കാരൻ നന്ദിയും പറഞ്ഞു.

### സംസ്ഥാന സി.എൽ.സി. പ്രസിഡന്റ്

സംസ്ഥാന സി. എൽ.സി. ഇലക്ഷൻ ക്യാമ്പ് എറണാകുളം പാലാരിവട്ടത്തുള്ളകെ.സി. ബി.സി. ആസ്ഥാനത്ത് വച്ച് നടന്നു. തൃശ്ശൂർ അതിരൂപതയിൽ നിന്നുള്ള ശ്രീ. വിനേഷ് ജെ കൊളേങ്ങാടൻ സംസ്ഥാന സി. എൽ.സി. പ്രസിഡന്റായി തെരഞ്ഞെടുത്തു. സംസ്ഥാന സി. എൽ.സിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയിലേക്ക് തൃശ്ശൂർ അതിരൂപതയിൽ നിന്നുള്ള ബിജിൽ സി. ജോസഫ് തിരഞ്ഞെടുക്കപ്പെട്ടു. അതിരൂപത പ്രസിഡന്റ് ശ്രീ. ഡിൽജോ തരകൻ അതിരൂപതയുടെ ഒരു വർഷത്തെ പ്രവർത്തന രേഖ സംസ്ഥാന യോഗത്തിൽ അവതരിപ്പിച്ചു.

### സംസ്ഥാന – അതിരൂപത ഏകോപന സമിതി ഭാരവാഹികളെ ആദരിച്ചു.

സി.എൽ. സി. സംസ്ഥാന പ്രസിഡന്റ്, ശ്രീ. വിനേഷ് ജെ കൊളേങ്ങാടൻ, തൃശ്ശൂർ അതിരൂപത ഏകോപന സമിതി സെക്രട്ടറി എ.ഡി. ഷാജു എന്നിവർക്ക് അതിരൂപത പ്രവർത്തക സമിതിയുടെ അനുമോദനം നൽകി. അതിരൂപത പ്രൊമോട്ടർ റവ. ഫാ. ജിയോ തെക്കിനിയത്ത് അതിരൂപത പ്രസിഡന്റ് ഡിൽജോ തരകൻ എന്നിവർ പ്രസംഗിച്ചു.

### സംസ്ഥാന ഇഗ്നേഷ്യസ് ലെയോള അനുസ്മരണത്തിൽ പങ്കെടുത്തു.

സി.എൽ.സി. സംസ്ഥന വി. ഇഗ്നേഷ്യസ് ലെയോള അനുസ്മരണ പരി

പാടിക്ക് തൃശ്ശൂർ അതിരൂപതയിൽ നിന്ന് 5 പേർ പങ്കെടുത്തു. കണ്ണൂർ ബർണ്ണശ്ശേരി കത്തീഡ്രൽ പള്ളിയിൽ വെച്ച് നടന്ന അനുസ്മരണ പരിപാടി കണ്ണൂർ മെത്രാൻ റൈറ്റ് റവ. ഡോ. അലക്സ് വടക്കുംതല ഉദ്ഘാടനം ചെയ്തു

**ഫൊറോന പ്രൊമോട്ടേഴ്സ് മീറ്റ്**

സി. എൽ.സി. ഫൊറോന പ്രൊമോട്ടേഴ്സ് മീറ്റ് സംഘടിപ്പിച്ചു. ഫൊറോന കലാമേള മറ്റ് സി.എൽ.സി. പ്രവർത്തനങ്ങൾ എന്നിവ പ്രൊമോട്ടേഴ്സ് മീറ്റിൽ ചർച്ചയ്ക്ക് വന്നു. അതിരൂപത പ്രസിഡന്റ് ഡിൽജോ തരകൻ, അതിരൂപത പ്രമോട്ടർ റവ. ഫാ. ജിയോ തെക്കിനിയത്ത്, അതിരൂപത ജന. സെക്രട്ടറി ബിജിൽ സി. ജോസഫ് എന്നിവർ നേതൃത്വം നൽകി.

**ഫൊറോന തലത്തിൽ വി. ഇഗ്നേഷ്യസ് ലെയോള അനുസ്മരണം സംഘടിപ്പിച്ചു.**

സി. എൽ.സിയുടെ ആദ്ധ്യാത്മികാചാര്യനായ വി. ഇഗ്നേഷ്യസ് ലെയോളയുടെ അനുസ്മരണദിനം ഫൊറോന ഘടകങ്ങളിൽ വിപുലമായി സംഘടിപ്പിച്ചു. എരുമപ്പെട്ടി, പഴുവിൽ, പറപ്പൂർ, ലൂർദ്ദ്, പാലയൂർ, എന്നിവിടങ്ങളിലാണ് സംഘടിപ്പിച്ചത്. അതിരൂപത ഫൊറോന- യൂണിറ്റ് ഭാരവാഹികൾ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. എരുമപ്പെട്ടി ഫൊറോന ആറ്റത്രയിലും പഴുവിൽ ഫൊറോന, പൊറുത്തൂർ യൂണിറ്റിലും, പറപ്പൂർ ഫൊറോന ചിറ്റലപ്പിള്ളിയിലും ലൂർദ്ദ് ഫൊറോന മരിയാപുരത്തും, പാലയൂർ ഫൊറോന വൈലത്തൂർ പള്ളിയിലുമാണ് സംഘടിപ്പിച്ചത്.

**സ്വർഗ്ഗാരോപണ തിരുനാൾ നടത്തി**

അതിരൂപത സി. എൽ. സിയുടെ ആഹ്വാന പ്രകാരം അതിരൂപതയിലെ മുഴുവൻ സി. എൽ. സി. യൂണിറ്റുകളിലും സി. എൽ. സി പതാക ഉയർത്തുകയും മധുരം വിതരണം ചെയ്യുകയും ചെയ്തു. സി. എൽ.സി. പ്രവർത്തകർക്കുവേണ്ടി പ്രത്യേക വി. കുർബ്ബാന, കാഴ്ചസമർപ്പണം പുതിയ അംഗങ്ങളെ ചേർക്കൽ എന്നിവ നടന്നു.

**ഫൊറോന കലാമേള**

അതിരൂപതയിലെ സി. എൽ.സി. പ്രവർത്തകരുടെ കലാവാസനകളെ പരിപോഷിപ്പിക്കുന്നതിനുവേണ്ടി കലാമേള സംഘടിപ്പിച്ചിരിക്കുന്നു. ഫൊറോന തല കലാമത്സരം ഓഗസ്റ്റ് , സെപ്തംബർ മാസങ്ങളിൽ നടത്തുവാൻ ഫൊറോന ഭാരവാഹികൾ ശ്രദ്ധിക്കേണ്ടതാണ്. ഫൊറോന കലാമേളക്ക് അതിരൂപതയിൽ നിന്ന് കുറച്ച് തുക സഹായം നൽകുന്നതാണ്. ഫൊറോന കലാ

മത്സരത്തിന് ശേഷം അതിരൂപത കലാമേള ഒക്ടോബർ 11ന് നടത്തുന്നതിന് ഏവരുടെയും സഹകരണം ഉണ്ടാകേണ്ടതാണ്. ഫൊറോന കലാമേള കൺവീനർ ഫ്രെഡി സി. ഡിക്രൂസ് 9961486262 എന്ന നമ്പറിൽ കൂടുതൽ വിവരങ്ങൾക്കായി ബന്ധപ്പെടേണ്ടതാണ്.

**ഓണാഘോഷം**

ഫൊറോന തലത്തിൽ ഓണാഘോഷ പരിപാടികൾ സംഘടിപ്പിക്കാവുന്നതാണ്. ഫൊറോന കലാമേളയോടനുബന്ധിച്ച് ഓണാഘോഷം സംഘടിപ്പിക്കുന്നതും ഉചിതമായിരിക്കും.

**വിഷൻ 2015**

സി. എൽ.സിയുടെ നേതൃത്വത്തിൽ യൂണിറ്റുകൾക്ക് വിഷൻ 2015 ക്യാമ്പ് നടത്തുന്നു. താല്പര്യമുള്ള യൂണിറ്റുകൾ അതിരൂപത ഓഫീസുമായോ ഫൊറോന ഭാരവാഹികളുമായോ ബന്ധപ്പെടേണ്ടതാണ്.

**പ്രൊഫഷണൽ സി. എൽ.സി. ദ്വിദിന ക്യാമ്പ്**

അതിരൂപത പ്രൊഫഷണൽ സി. എൽ.സിയുടെ ആഭിമുഖ്യത്തിൽ 2014 സെപ്തംബർ 8, 9 തിയതികളിൽ ആമ്പല്ലൂർ അളഗപ്പ നഗർ ആനിമേഷൻ സെന്ററിൽ വെച്ച് ദ്വിദിന ക്യാമ്പ് സംഘടിപ്പിച്ചിരിക്കുന്നു. സി. എൽ.സി മുൻകാല പ്രവർത്തകർക്കും പ്രൊഫഷണൽ സി. എൽ.സി. അംഗങ്ങൾക്കും ക്യാമ്പിൽ പങ്കെടുക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് പ്രസിഡന്റ് ജെറോം മാസ്റ്റർ (9446936231, സെക്രട്ടറി എ.ഡി. ഷാജു (9847724615) എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

**മദർ തെരേസ ചിത്രകലാമേള**

മദർ തെരേസ ചിത്രകലാമേള അതിരൂപത തലത്തിൽ സെപ്തംബർ മാസത്തിൽ നടത്തുന്നു. ചിത്രകലാമേളയിൽ പങ്കെടുക്കുവാൻ താൽപര്യമുള്ള അംഗങ്ങൾ അതിരൂപത ഓഫീസിൽ പേർ രജിസ്ട്രേഷൻ ചെയ്യേണ്ടതാണ്. കൺവീനർ ബിനോയ് കൊമ്പൻ ഫോൺ : 9946624016 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

എന്ന്

ഫാ.ജിയോ തെക്കിനിയത്ത്
പ്രൊമോട്ടർ

ഫാ. ജിന്റോ പെരെപ്പാടൻ
അസി. പ്രമോട്ടർ

ബിജിൽ സി. ജോസഫ്
ജന. സെക്രട്ടറി

# കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി

കെ.സി.ബി.സി. മദ്യവിരുദ്ധ സമിതിയുടെ ഉത്തരമേഖല സമ്മേളനം മുള്ളൂർക്കര - സെന്റ് ആന്റണീസ് ചർച്ച് പാരീഷ് ഹാളിൽ 23.07.14ന് നടത്തപ്പെട്ടു.

റവ. ഫാ. ദേവസ്സി പന്തല്ലൂക്കാരൻ സമ്മേളനം ഉദ്ഘാടനം ചെയ്തു. ഫൊറോന പ്രസിഡണ്ട് പി.ജി. ബാബു അദ്ധ്യക്ഷനായിരുന്നു.

അഡ്വ. മോൻസി മാത്യു , ജോർജ്ജ് ചുങ്കത്ത് എന്നിവർ സംസാരിച്ചു.

ഉത്തരമേഖല കൺവീനേഴ്സ് ഡേവിസ് തേർമഠം ജോ. കൺവീനർ എം. എ. ഡേവീസ്, ജോർജ്ജ് ചുങ്കത്ത് ഫ്രാൻസീസ് ജോസഫ് എന്നിവരെ തെരഞ്ഞെടുത്തു.

കെ.സി.ബി.സി. മദ്യവിരുദ്ധ സമിതിയുടെ ഇടവക യൂണിറ്റ് രൂപീകരണ യോഗവും ഫൊറോന മീറ്റിംഗ് ഇയ്യാൽ സെന്റ് ഫ്രാൻസീസ് ചർച്ചിൽ ഫൊറോന ഡയറക്ടർ റവ. ഫാ. പീറ്റർ പാലയൂർ ഉദ്ഘാടനം ചെയ്തു.

സെന്റ് ഫ്രാൻസീസ് ചർച്ച് ഇയ്യാൽ, ഇടവക വികാരി റവ. ഫാ. ജോർജ്ജ് തേറാട്ടിൽ ആശംസ പ്രഭാഷണം നടത്തി, പി.ജി. ബാബു പുലിക്കോട്ടിൽ അദ്ധ്യക്ഷനായിരുന്നു. അഡ്വ. ഡെന്നി സ്വാഗതം പറഞ്ഞു. അഡ്വ. മോൻസി മാത്യു നന്ദി പ്രഭാഷണം ജോർജ്ജ് സി.കെ. അനുഗ്രഹസന്ദേശം അറിയിച്ചു.

കെ. സി. ബി.സി. മദ്യവിരുദ്ധ സമിതി തൃശ്ശൂർ അതിരൂപത സംഘടിപ്പിച്ച പ്രവർത്തക സമ്മേളനം റവ. ഫാ. ലോറൻസ് തൈക്കാട്ടിൽ ഉദ്ഘാടനം ചെയ്തു. കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി ഡയറക്ടർ റവ. ഫാ. ദേവസ്സി പന്തല്ലൂക്കാരൻ സ്വാഗത പ്രസംഗം പറഞ്ഞു. ശ്രീ. ജോസ് ആലപ്പാട്ട് അദ്ധ്യക്ഷനായിരുന്നു.

കെ.സി.ബി.സി. അസി.ഡയറക്ടർ ഫാ. പോൾ കള്ളിക്കാടൻ അനുഗ്രഹ പ്രഭാഷണം നടത്തി. ബ്ര. ജെയസ്ൺ കുട്ടി ക്ലാസ്സ് നടത്തി. സംസ്ഥാന സെക്രട്ടറി. ജെയ്സ് മുട്ടിക്കൽ, സി.ഡി. ജോസ് എന്നിവർ ആശംസ പ്രസംഗം നടത്തി. ബാബു എം.കെ. നന്ദി പ്രഭാഷണം നടത്തി.

**മോൻസി മാത്യൂ**
പി.ആർ. ഓ.

# കുടുംബക്കൂട്ടായ്മ

തൃശ്ശൂർ അതിരൂപത മാതൃക കുടുംബക്കൂട്ടായ്മ 2013 അവാർഡുകൾ വിതരണം ചെയ്തു.

തൃശ്ശൂർ അതിരൂപത കുടുംബക്കൂട്ടായ്മയുടെ നേതൃത്വത്തിൽ ഇടവകകളിൽ പ്രവർത്തിക്കുന്ന കുടുംബ കൂട്ടായ്മകളിൽ നിന്ന് 2013 പ്രവർത്തന വർഷത്തിലെ മികച്ച പ്രവർത്തനങ്ങൾക്ക് അവാർഡുകൾ നേടിയവർക്ക് അവാർഡുകൾ അഭിവന്ദ്യ ആൻഡ്രൂസ് താഴത്ത് പിതാവ് വിതരണം ചെയ്തു.

തൃശ്ശൂർ അതിരൂപതാ കുടംബക്കൂട്ടായ്മ ഡയറക്ടർ ഫാ. ലോറൻസ് തൈക്കാട്ടിൽ യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു.

ദയാവധം നിയമവിധേയമാക്കാനുള്ള ഏതുനീക്കവും നിരുത്സാഹപ്പെടുത്തണമെന്നും കേരള സർക്കാർ ദയാവധത്തിനെതിരെയുള്ള നിലപാട് സ്വീകരിച്ച് അത് സുപ്രീം കോടതിയെ അറിയിക്കണമെന്നും യോഗം പ്രമേയത്തിലൂടെ ആവശ്യപ്പെട്ടു.

തൃശ്ശൂർ അതിരൂപത കുടുംബക്കൂട്ടായ്മ അസിസ്റ്റന്റ് ഡയറക്ടർഫാ. വർഗ്ഗീസ് തരകൻ, ശ്രീ. എ. ഒ. ജോസ് എന്നിവർ പ്രസംഗിച്ചു.

തൃശ്ശൂർ അതിരൂപതാ കുടുംബക്കൂട്ടായ്മ ജനറൽ കൺവീനർ അഡ്വ. സി. ജെ. ഡെന്നി സ്വാഗതവും ജനറൽ സെക്രട്ടറി ആന്റണി എ. എ. നന്ദിയും രേഖപ്പെടുത്തി.

**ഫാ. ലോറൻസ് തൈക്കാട്ടിൽ**
ഡയറക്ടർ

# Mothers' Association

ജൂൺ 17-ാം തിയതി 'കുടുംബം' എന്ന വിഷയത്തെ ആസ്പദമാക്കി റവ. ഫാ. ലോറൻസ് തൈക്കാട്ടിൽ ഒരു സെമിനാർ നയിക്കുകയുണ്ടായി. വിവിധ ഇടവകകളിൽ നിന്നുള്ള അമ്മമാരെ ഗ്രൂപ്പുകളാക്കി തിരിച്ച് റിപ്പോർട്ട് തയ്യാറാക്കി, അതിനുശേഷം ബഹു. ലോറൻസച്ചന്റെ ക്ലാസ്സ് ഉണ്ടായിരുന്നു. പിന്നീട് ഫൊറോന ഭാരവാഹികളും രൂപത ഭാരവാഹികളും ബഹു. ഡയറക്ടറച്ചന്റെ നേതൃത്വത്തിൽ സൗജന്യ ക്യാൻസർ പരിശോധന ക്യാമ്പിനെക്കുറിച്ച് ചർച്ച ചെയ്തു. ആഗസ്റ്റ് 23-ാം തിയതി ബസലിക്കയുടെ മാതാനികേതൻ ഹാളിൽ വെച്ച് പ്രാഥമിക പരിശോധന നടത്തുകയുണ്ടായി.

ആഗസ്റ്റ് 19-ാം തിയതി ചൊവ്വാഴ്ച 10.30ന് ഫൊറോന ആനിമേറ്റർമാരുടെയും ഭാരവാഹികളുടെയും ഒരു കൂട്ടായ്മ ഫാമിലി അപ്പസ്തോലേറ്റ് സെന്ററിൽ വെച്ച് നടത്തി.

എന്ന്,

| | | |
|---|---|---|
| **ലീല മാത്യു** | **ഫാ. ബൈജു കാഞ്ഞിരത്തിങ്കൽ** | **ഫാ. ലോറൻസ് തൈക്കാട്ടിൽ** |
| പ്രസിഡന്റ്, | അസി. ഡയറക്ടർ | ഡയറക്ടർ |

## ചിൽഡ്രൻസ് മിനിസ്ട്രി
Ph: 0487 2325336, 9947582522

### ബൈബിൾ പൂക്കളമത്സരം 2014

തൃശ്ശൂർ അതിരൂപത ചിൽഡ്രൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ മതബോധന വിദ്യാർത്ഥികൾക്കായി 2014 സെപത്ംബർ 9-ാം തിയതി ചൊവ്വാഴ്ച കാലത്ത് 9 മണിമുതൽ 12 മണിവരെ ബൈബിൾ പൂക്കളമത്സരം സംഘടിപ്പിക്കുന്നു. കുരിയച്ചിറ സെ. ജോസഫ് സ്കൂളിൽ വെച്ചാണ് നടത്തപ്പെടുക. നിബന്ധനകൾ താഴെ ചേർക്കുന്നു.

1. 5 അടിയുള്ള സമചതുരത്തിനുള്ളിൽ ഒതുങ്ങുന്ന ഏതാകൃതിയുള്ള പൂക്കളവും നിർമ്മിക്കാവുന്നതാണ്.
2. ബൈബിൾ സംഭവങ്ങളെ ആധാരമാക്കിവേണം പൂക്കളങ്ങൾ നിർമ്മിക്കാൻ
3. പന്ത്രണ്ടാം ക്ലാസും അതിനു താഴെയുമുള്ള ക്ലാസുകളിലെ മതബോധന വിദ്യാർത്ഥികൾ മാത്രമാണ് മത്സരത്തിൽ പങ്കെടുക്കേണ്ടത്
4. ഒരു മതബോധന യൂണിറ്റിൽ നിന്ന് ഒരു ടീം മാത്രമെ പങ്കെടുക്കാൻ പാടുള്ളു. ടീമിൽ 7 പേരിൽ കവിയരുത്.
5. പൂവ് ഉൾപ്പടെ എന്ത് ഉപയോഗിച്ച് വേണമെങ്കിലും കളം നിർമ്മിക്കാം. മത്സരഹാളിൽ പ്രവേശിച്ചു കഴിഞ്ഞാൽ പുറത്ത് നിന്ന് യാതൊരു സഹായവും ലഭിക്കുന്നതല്ല
6. രാവിലെ 9.ന് നറുക്കെടുപ്പിലൂടെയാണ് പൂക്കളത്തിനുള്ള സ്ഥലങ്ങൾ നിശ്ചയിക്കപ്പെടുക.
7. സമ്മാനങ്ങൾ

   ഒന്നാം സമ്മാനം - 3001 രൂപ (മെമന്റോ)
   രണ്ടാം സമ്മാനം - 2501 രൂപ (മെമന്റോ)
   മൂന്നാം സമ്മാനം - 2001 രൂപ (മെമന്റോ)

പ്രോത്സാഹന സമ്മാനങ്ങൾ: 10 ടീമുകൾക്ക് 1001 രൂപ. പാസ്റ്ററൽ സെന്ററിലുള്ള ചിൽഡ്രൻസ് മിനിസ്ട്രി ഒഫീസിലാണ് സെപ്തംബർ 5 ന് മുമ്പ് മതബോധന യൂണിറ്റുകൾ പേര് രജിസ്റ്റർ ചെയ്യേണ്ടത്.

അർദ്ധദിന സെമിനാർ നടത്തി

ചിൽഡ്രൻസ് മിനിസ്ട്രിയുടെ കീഴിലുള്ള തിരുബാലസഖ്യം, ജൂനിയർ സി. എൽ. സി, അൾത്താരസംഘം എന്നീ സംഘടനകൾക്ക് നേതൃത്വം നൽകുന്ന ആനിമേറ്റേഴ്സിനുവേണ്ടിയുള്ള അർദ്ധദിന സെമിനാർ സോൺ വൈസിൽ നടത്തപ്പെട്ടു. തൃശൂർ രൂപതിയലെ 16 ഫൊറോനകളെ 4 സോണുകളാക്കി തിരിച്ച് ചിൽഡ്രൻസ് മിനിസ്ട്രി പ്രോമോട്ടറച്ചൻമാരാണ് ഇതിന് നേതൃത്വം നല്കിയത്. അവർക്ക് പ്രത്യേകം നന്ദി. ഒരു മണിക്കൂർ ക്ലാസിന് ശേഷം സെപ്റ്റംബറിൽ നടത്തേണ്ട കുട്ടികളുടെ ഫൊറോനതല മത്സരങ്ങളുടെ നിയമാവലി, എൻട്രി ഫോം, അൾത്താരസംഘത്തിന്റെ മാലാഖ കുറിപ്പ്, ജൂനിയർ സി. എൽ. സി.യുടെ ജീസ്സസ് ബർത്ത് ഡേ പാർട്ടി കൂപ്പൺ, തിരുബാലസഖ്യത്തിന്റെ മിഷൻ കവർ എന്നിവ വിതരണം ചെയ്തു. ലഭിക്കാത്തവർ ചിൽഡ്രൻസ് മിനിസട്രി ഒഫീസിൻ നിന്ന് വാങ്ങിക്കേണ്ടതാണ്.

**ഫൊറോനതല കലാമത്സരങ്ങൾ**

തൃശൂർ അതിരൂപത ചിൽഡ്രൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ തിരുബാലസഖ്യത്തിന്റെയും, ജൂനിയർ സി. എൽ. സിയുടെയും, അൾത്താരസംഘത്തിലെയും കുട്ടികൾക്കായുള്ള കലാ മത്സരങ്ങൾ ഇത്തവണ കഴിഞ്ഞ വർഷത്തിൽ നിന്നും വ്യത്യസ്ഥമായി ഫൊറോനാടിസ്ഥാനത്തിൽ നടത്തുന്നു. ഇതിനായി ഒരോ ഫൊറോനയിലെയും ചിൽഡ്രൻസ് മിനിസ്ട്രി പ്രോമോട്ടറച്ചൻമാർ നേതൃത്വം നൽകുന്നതാണ്. ഫൊറോനതല മത്സരങ്ങളുടെ മാസവും, തിയതിയും, പ്രൊമോട്ടറച്ചൻമാർ അറിയിക്കുന്നതാണ് (എല്ലാ ആനിമേറ്റേഴ്സും പ്രോമോട്ടറച്ചൻമാരിൽ നിന്ന് അറിയേണ്ടതാണ്). ഫൊറോനതല മത്സരത്തിൽ ഫസ്റ്റ് ലഭിക്കുന്നവർക്ക് മാത്രം അതിരൂപതതല മത്സരവും ഉണ്ടായിരിക്കുന്നതാണ് (അതിരൂപതതല മത്സര തിയതി ഡിസംബർ 23 ചൊവ്വ). എല്ലാ കുട്ടികളെയും ഈ കലാമത്സരങ്ങളിൽ പങ്കെടുപ്പിക്കണമെന്ന് സ്നേഹത്തോടെ ഓർമ്മിപ്പിക്കുന്നു.

കോഡിനേറ്റർ
**സി. മിനി sspc**

ഡയറക്ടർ
**ഫാ. ആന്റണി മേച്ചേരിപ്പടി**



ഛാന്ദ രൂപത മെത്രാനായി നിയമിതനായിരിക്കുന്ന

**മാർ എഫ്രേം നരിക്കുളത്തിന്**

അതിരൂപതയുടെ പ്രാർത്ഥനാശംസകൾ





തൃശൂർ അതിരൂപതയുടെ നവവൈദികൻ

**ബഹു. മേലിട്ട് പാലത്തിങ്കൽ**

**വർഗ്ഗീസ് അച്ചന്**


അതിരൂപതയുടെ

പ്രാർത്ഥനാംശസകൾ



Registered
R.N.I. No. 27348/1975
KL/TCR/275/2012-2014
Licence No. KL/CR/TCR/WPP-13/2012 -14
Licensed to Post without prepayment
Posted at Thrissur RMS

₹ 25/-
Date of Publication 24.08.2014
Sept. 2014




Edited, Printed & Published by **Dr. Francis Aloor,** Catholic Archbishop's House, Thrissur, Kerala, India- 680 005,
Executive Editor : **Rev. Fr. Dominic Thalakodan** Printed at **St. Mary's Orphanage Press**, Madona Nagar, Kachery 680005